കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചേർത്തല നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail: doalp.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/ജി.എ8-811/2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ ജില്ല,

തീയതി: 28.01.2021

ഫോൺ – 0477 2252

ഇ-മെയിൽ: doalp.ksad@kerala.gov.in


സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

ചേർത്തല നഗരസഭ

സർ,

വിഷയം : ചേർത്തല നഗരസഭ – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേർത്തല മുനിസിപ്പാലിറ്റിയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1, ഭാഗം 2, ഭാഗം 3 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം
4. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി/ജി.എ8-811/2020 തീയതി : 28.01.2021

## ആലപ്പുഴ ജില്ലയിലെ ചേർത്തല നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേർത്തല നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 23.1.2019 മുതൽ 31.03.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 51 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനും മറുപടി ലഭിച്ചു. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഹരികുമാർ.ജി.<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ |
| 16.3.2020 മുതൽ 20.3.2020 വരെ | ശ്രീ.എൻ.വിജയകുമാർ, ഓഡിറ്റ് ഓഫീസർ.(ഹ.ഗ്രേ.)<br>ശ്രീമതി.വി. മായ, ഓഡിറ്റ് ഓഫീസർ<br>ശ്രീ.കെ.എം.പ്രശോഭൻ, അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ.ടി.എൻ.റോയി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. ബീന.എ.ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. സജിമോൾ വി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.പി.സി.രാജിമോൾ, ഓഡിറ്റർ |
| 23.11.2020 മുതൽ 30.11.2020 വരെ | ശ്രീമതി.എസ്.എൽസമ്മ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)<br>ശ്രീമതി.വി. മായ, ഓഡിറ്റ് ഓഫീസർ<br>ശ്രീ.ടി.എം.റോയി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. ബീന.എ.ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ജോസഫ് ജോർജ്ജ്,സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. സജിമോൾ വി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.പി.സി.രാജിമോൾ, ഓഡിറ്റർ |

നിർവ്വഹണാധികാരികള്

1.ചെയർമാൻ

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ. ഐസക് മാടവന<br>ശ്രീമതി. ശ്രീലേഖ നായർ, വൈസ് ചെയർമാൻ(I/C)<br>ശ്രീ. പി.ഉണ്ണികൃഷ്ണൻ | 01.04.18 മുതൽ 25.6.18 വരെ<br>26.6.18 മുതൽ 15.7.18 വരെ<br>16.7.18 മുതൽ 31.03.19 വരെ |

2. സെക്രട്ടറി

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ. വി. എം. ലാലിച്ചൻ, സൂപ്രണ്ട് (ഇൻ ചാർജ്ജ്) | 01.04.18 മുതൽ 31.03.19വരെ |

3.സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | പേര് | കാലയളവ് |
|---|---|---|
| ധനകാര്യം | ശ്രീ. ശ്രീലേഖ നായർ | 01.04.18 മുതൽ 31.03.19വരെ |
| വികസനകാര്യം | ശ്രീ.പി.ഉണ്ണികൃഷ്ണൻ<br>ശ്രീമതി. ഉഷ ദയാദാസ്<br>അഡ്വ.സി.ഡി ശങ്കർ | 01.04.18 മുതൽ 16.7.18 വരെ<br>17.7.18 മുതൽ 29.9.18 വരെ<br>30.10.18 മുതൽ 31.03.19 വരെ |
| ക്ഷേമകാര്യം | ശ്രീമതി. സിന്ധു ബൈജു | 01.04.18 മുതൽ 31.03.19വരെ |
| പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി | ശ്രീമതി.ലീന | 01.04.18 മുതൽ 31.03.19വരെ |
| ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി<br>വിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മറ്റി | ശ്രീ. വി.ടി.ജോസഫ്<br>ശ്രീ. ബി.ഭാസി | 01.04.18 മുതൽ 31.03.19വരെ<br>01.04.18 മുതൽ 31.03.19 വരെ |

4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ആർ. ബാലകൃഷ്ണൻ<br>ശ്രീ.സൈജു വി.<br>ശ്രീമതി.ആർ. ശോഭനകുമാരി | 1.4.18 മുതൽ 31.5.18 വരെ<br>1.6.18 മുതൽ 4.6.18 വരെ<br>5.6.18 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | ഡോ. അനിൽകുമാർ.എൻ. | 01.04.18 മുതൽ 31.03.19വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ഉഷ<br>ഡോ.ശ്രീകുമാർ. ജെ.എസ്.<br>ഡോ. ജയൻ | 1.4.18 മുതൽ 4.6.18 വരെ<br>5.6.18 മുതൽ 18.7.18 വരെ<br>19.7.18 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | ഡോ.അനിത. പി.<br>ഡോ.കെ.വി.മോഹൻ ദാസ്<br>ഡോ.രമേഷ് ബാബു | 1.4.18 മുതൽ 31.5.18 വരെ<br>1.6.18 മുതൽ 5.7.18 വരെ<br>6.7.18 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജൻ | ഡോ.സുൾഫിക്കർ.ജെ | 1.4.18 മുതൽ 31.3.19 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ആശാറാണി.പി.എസ് | 1.4.18 മുതൽ 31.3.19 വരെ |
| പ്രധാന അധ്യാപിക,<br>ഗവ. എച്ച്.എസ്.എസ്. | ശ്രീമതി.രാജശ്രീ.ഐ | 1.4.18 മുതൽ 31.3.19 വരെ |
| | | |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മുൻസിപ്പൽ എഞ്ചിനീയർ | ശ്രീമതി.സീന ജി നായർ<br><br>ശ്രീ. ദിലീഷ് എൻ ഡി | 1.4.18 മുതൽ 22.6.18 വരെ<br><br>23.06.18 മുതൽ 31.3.19 വരെ |
| പ്രോജക്ട് ഓഫീസർ | ശ്രീ.അജിത്ത്കുമാർ ആർ | 1.4.18 മുതൽ 31.3.19 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1 മുതൽ 1-11 വരെ | പൊതു അവലോകനം |
| 2 | 1-12 | മാന്വൽ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ |
| 3 | 1-13 | കടമുറിക്ക് അധികനിരക്കിൽ വസ്തു നികുതി കണക്കാക്കി |
| 4 | 1-14 | സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഓഫീസ് കെട്ടിടത്തിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല |
| 5 | 1-15 | ഓഫീസായി ഉപയോഗക്രമം മാറ്റിയ കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തുനികുതി കണക്കാക്കി |
| 6 | 1-16 | നഗരസഭയിലെ വസ്തുനികുതി പരിഷ്കരണം പൂർണ്ണമായ തോതിൽ നടപ്പിലാക്കിയിട്ടില്ല |
| 7 | 1-17 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിൽ അനാസ്ഥ |
| 8 | 1-18 | വസ്തു നികുതി - നികുതി നിർണ്ണയം,നികുതി കണക്കുകൾ തയ്യാറാക്കൽ, നികുതി പിരിവ് എന്നിവയിലെ അപാകങ്ങൾ |
| 9 | 1-19 | തൊഴിൽനികുതി |
| 10 | 1-20 | ലൈസൻസ് - അപാകതകൾ |
| 11 | 1-21 | കെട്ടിടനിർമ്മാണ പെർമിറ്റ്- കാലാവധി കഴിഞ്ഞ പെർമിറ്റുകൾ പുതുക്കുകയോ കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല - വസ്തുനികുതി നഷ്ടമാകുന്ന സാഹചര്യം നിലനിൽക്കുന്നു. |
| 12 | 1-22 | കുത്തക ലേലം-കുടിശ്ശിക ഈടാക്കുന്നില്ല |
| 13 | 1-23 | ലേലം ഉറപ്പിച്ചയാൾക്ക് Pay & Park സ്ഥലം കൈമാറാനായില്ല - നഗരസഭയ്ക്ക് 2,76,000/-രൂപ നഷ്ടമായി |
| 14 | 1-24 | കെട്ടിട വാടക – കുടിശിക ഈടാക്കേണ്ടതാണ് |
| 15 | 1-25 | ഇ-ടെണ്ടർ ഫീസിനത്തിലെ തുക തനതുഫണ്ടിൽ അടയ്ക്കേണ്ടതാണ് |
| 16 | 1-26 | സംസ്ഥാന ലൈഫ് ഇൻഷുറൻസ് പുതുക്കി നിശ്ചയിച്ച നിരക്കിൽ ഈടാക്കുന്നില്ല |
| 17 | 1-27 | വളരെ പഴയ കാലയളവുകളിലെ ബില്ലുകൾ പ്രകാരം തുക ചെലവഴിച്ചു |
| 18 | 1-28 | ഡെപ്പോസിറ്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല |
| 19 | 1-29 | വിവാഹ ആവശ്യങ്ങൾക്ക് നൽകിയ വായ്പ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നു |
| 20 | 1-30 | ഫെസ്റ്റിവൽ അഡ്വാൻസ് തിരിച്ചടവ് സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല |
| 21 | 1-31 | പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് വരവ് വയ്ക്കേണ്ടതാണ് |
| 22 | 1-32 | നഗരസഭാസെക്രട്ടറിയുടെ ശമ്പളവും, അലവൻസുകളും, പെൻഷൻ വിഹിതവും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേയ്ക്ക് അടവാക്കിയിട്ടില്ല |
| 23 | 1-33 | ലൈബ്രറിസെസ് യഥാസമയം അടവാക്കുന്നില്ല |
| 24 | 1-34 | ഗ്രാന്റിനത്തിൽ നഗരസഭയ്ക്ക് നഷ്ടം |
| 25 | 1-35 | മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ലോറി വാടകയ്ക്ക് നൽകിയതിലെ അപാകതകൾ |
| 26 | 1-36 | പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമായില്ല |
| 27 | 1-37 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ – എസ്റ്റിമേറ്റിൽ വ്യക്തതയില്ല, പദ്ധതി പൂർത്തിയാക്കിയിട്ടില്ല |
| 28 | 1-38 | പൊതുടാപ്പുകളുടെ വെള്ളക്കരം – കുടിശ്ശിക ക്രമാതീതമായി വർദ്ധിക്കുന്നു |
| 29 | 1-39 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ – പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു |

| | | |
|---|---|---|
| 30 | 1-40 | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു. |
| 31 | 1-41 | മാലിന്യമുക്ത നഗരം – സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ – പദ്ധതി പൂർത്തീകരിച്ചില്ല |
| 32 | 1-42 | വൈദ്യുതി ചാർജ് കുടിശ്ശിക - ഇല്ലാത്ത കുടിശ്ശികയ്ക്കായി ഗ്രാന്റിൽ നിന്നും തുക കുറവ് ചെയ്തത് സംബന്ധിച്ച് |
| 33 | 1-43 | പാലിന് സബ്സിഡി – അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് |
| 34 | 1-44 | കാർഷിക മേഖലയിലെ പദ്ധതികൾ -വിതരണ രേഖകളില്ല |
| 35 | 1-45 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ -ലഘു അവലോകനം |
| 36 | 1-46 | തുല്യതാ പഠിതാക്കൾക്ക് ഫീസ് ആനുകൂല്യം - അപാകതകൾ |
| 37 | 1-47 | മികവിന്റെ കേന്ദ്രം - ഗവ. ഗേൾസ് മുനിസിപ്പൽ വിഹിതം - തുക വിനിയോഗിച്ചില്ല |
| 38 | 1-48 | ബയോഗ്യാസ് പ്ലാന്റ് - രേഖകൾ ഹാജരാക്കിയില്ല |
| 39 | 1-49 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല |
| 40 | 1-50 | സ്വച്ഛ് ഭാരതമിഷൻ നഗരം പദ്ധതി (IHHL) – പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ |
| 41 | 1-51 | പഠനമുറി (എസ്.സി. വിഭാഗം) - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല |
| 42 | 1-52 | ലാപ്ടോപ് (എസ്.സി)-വാങ്ങിയതിൽ 6 ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല |
| 43 | 1-53 | സ്മാർട് ക്ലാസ് റൂം-അപാകതകൾ |
| 44 | 1-54 | ആശുപത്രി വാർഡുകളിൽ കൊതുകുവല സ്ഥാപിക്കൽ - അപാകതകൾ |
| 45 | 1-55 | ടാറിംഗ്, റീ-ടാറിംഗ് പ്രവർത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗം |
| 46 | 1-56 | ലൈഫ് ഭവനപദ്ധതി - അവലോകനം |
| 47 | 2-1 | തൊഴിൽ നികുതി കുറവ് ഈടാക്കി |
| 48 | 2-2 | ലേലം ഉറപ്പിച്ചയാൾക്ക് Pay & Park സ്ഥലം കൈമാറാനായില്ല - നഗരസഭയ്ക്ക് 2,76,000/-രൂപ നഷ്ടമായി |
| 49 | 3-1 | പാലിന് സബ്സിഡി – അധികം തുക നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്-- |
| 50 | 3-2 | ലാപ്ടോപ് (എസ്.സി)-വാങ്ങിയതിൽ 6 ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല |
| 51 | 4 -1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 52 | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 53 | അനുബന്ധം2 | |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018 – 19 വർഷത്തെ ബജറ്റ് 27.03.2018 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | തുക |
|---|---|
| മുന്നിരിപ്പ് | 37403900 |
| വരവ് | 491310200 |
| ആകെ | 528714100 |
| ചെലവ് | 490795450 |
| നീക്കിയിരുപ്പ് | 37918650 |

ബജറ്റ് രൂപീകരണം - അപാകതകൾ

വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ ഒരു യോഗം സെക്രട്ടറി വിളിച്ചുചേർക്കണമെന്നും, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റ് നിർദ്ദേശങ്ങളും, സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ ബജറ്റ് നിർദ്ദേശങ്ങളും മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനക്കും നിർദ്ദേശങ്ങൾക്കുമായി നൽകുകയും ഇവയുടെ നിർദ്ദേശങ്ങളും ശുപാർശകളും കൂടി ഉൾപ്പെടുത്തി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കണമെന്നും, ഇപ്രകാരമുള്ള നോൺപ്ലാൻ ചെലവുകളും വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ച് ബജറ്റ് രൂപീകരിക്കേണ്ടതാണെന്നും, ബഡ്ജറ്റ് മാന്വൽ (ജി.ഒ.(ആർ.ടി) 3291/16/02.12.2016) നിഷ്കർഷിക്കുന്നു. എന്നാൽ ഇപ്രകാരം ഘടകസ്ഥാപനങ്ങളുടെ മീറ്റിംഗ് വിളിക്കുകയോ, അവയുടെ കണക്കുകൾ സ്വീകരിക്കുകയോ ചെയ്യാതെ മുൻ വർഷത്തെ വരവ്-ചെലവുകളെ മാത്രം ആധാരമാക്കിയാണ് ബജറ്റ് തയ്യാറാക്കിയത്.

ആയതിനാൽ യഥാർത്ഥത്തിലുള്ള വരവ്-ചെലവ് കണക്കുകളും ബജറ്റ് എസ്ററിമേറ്റും തമ്മിൽ കോടികണക്കിനു രൂപയുടെ അന്തരം നിലനിൽക്കുന്നു. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാര്ഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.19 | 11.07.19 | -- | -- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 62561003.45 |
| വരവ് | 335193905 |
| ആകെ | 398254908.45 |
| ചെലവ് | 317407802 |
| നീക്കിയിരിപ്പ് | 80847106.45 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ<br><br>(ACR പ്രകാരം) | | 49623620 | 49623620 | 49614846 | 8774 |
| വികസന ഫണ്ട്-എസ്.സി.പി<br><br>(ACR പ്രകാരം) | | 6490000 | 6490000 | 3372863 | 3117137 |
| വികസന ഫണ്ട്-ടി.എസ്.പി<br><br>(ACR പ്രകാരം) | | 447000 | 447000 | 29600 | 417400 |
| മെയിന്റനൻസ്, റോഡ്<br><br>(ACR പ്രകാരം) | | 10120000 | 10120000 | 6805577 | 3314423 |
| മെയിന്റനൻസ്, നോൺ-റോഡ്<br><br>(ACR പ്രകാരം) | | 10545000 | 10545000 | 10545000 | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ACR) | | 70257374 | 70257374 | 30567594 | 39689780 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 238 | 187877688 | 149 | 107084496 | 25 | 64 | 62.60% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | | | | 364821 | |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 231622 | 5066137 | 5297759 | 4578637 | 354301 |
| | | | | | |
| ആകെ | | | 5297759 | 4943458 | 354301 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1052160 | 1035 |
| കർഷകതൊഴിലാളി പെൻഷൻ | 473400 | 1193 |
| വിധവാപെൻഷൻ | 14683400 | 3568 |
| വാർദ്ധക്യകാല പെൻഷൻ | 26849300 | 6259 |
| വികലാംഗ പെൻഷൻ | 6146800 | 1459 |
| വിവാഹധനസഹായം | 840000 | 28 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1632200 | 398 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.3.2020 തീയതി 3.15pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,57,007/- രൂപയുടെ ക്യാഷ് ബാലൻസ് കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. മുനിസിപ്പൽ ഭരണ സമിതി, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, വാർഡ്സഭകൾ എന്നിവയുടെ യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും സ്ഥാപനത്തിന്റെ വരവ് - ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല.
2. ഫ്രണ്ട് ഓഫീസ് വഴി ലഭിക്കുന്ന തപാലുകൾ സെക്രട്ടറി ഇൻഷ്യൽ ചെയ്ത് അതാത് സെക്ഷനുകൾക്ക് കൈമാറുന്നുണ്ട്. എന്നാൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ അവശേഷിക്കുന്ന ഫയലുകളുടെ കൃത്യത പരിശോധിക്കാനാവുന്നില്ല.
3. സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള സാമഗ്രികളുടെയും, സേവനങ്ങളുടെയും പ്രൊക്യൂർമെന്റ് മാന്വൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പാലിച്ചല്ല വാങ്ങലുകൾ നടത്തുന്നത്.
4. ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധിക്കപ്പെടുന്നില്ല.

5. ആസ്തി രജിസ്റ്റർ ഹാജരാക്കിയില്ല. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കപ്പെടുന്നില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥമൂല്യത്തോടെയും, നിലവിലുള്ള ആസ്തികൾക്ക് ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ചേർക്കേണ്ടതാണെന്ന വ്യവസ്ഥ പാലിക്കുന്നില്ല.

6. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

7. വരവിനങ്ങളുടെ ഡി.സി.ബി.തയ്യാറാക്കിയിട്ടില്ല.

8. തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നടപടികൾ സ്വീകരിക്കുന്നില്ല.

അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകള് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.2.11 | 2009-10 | 11.2.11 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8.5.19 | 2018-19 | 3.7.19 |

## 1-11 വാർഷികകണക്കുകളുടെ അപാകത

കെ.എസ്.എ-എ.എൽ.പി-പി.5.875/2019 തീയതി. 16.9.2019 പ്രകാരം പുറപ്പെടുവിച്ച ഓഡിറ്റ് സാക്ഷ്യപത്രത്തിന് അനുബന്ധമായി ചേർത്തിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.

മറ്റ് അപാകതകൾ

2018-19 വർഷത്തെ വികസനഫണ്ട് പൊതുവിഭാഗം ഫണ്ടിൽ നിന്നും വെള്ളക്കരം ഇനത്തിൽ 1958998/- രൂപയും ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും 1917571/-രൂപയും വികസനഫണ്ടിൽ നിന്നും വൈദ്യുതചാർജ്ജ് ഇനത്തിൽ 369382/-രൂപയും സോഴ്സിൽ കുറവ് ചെയ്തിരുന്നു. എന്നാൽ ഈ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-12 മാന്വൽ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1) <u>രസീത് ബുക്കിൽ ക്രമക്കേട് നടത്തി പണാപഹരണം</u>

നഗരസഭയിലെ ക്ലാർക്ക്/ബിൽ കളക്ടർ ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ വിവേക് കെ വിക്രം എന്നയാൾക്ക് ഔട്ട് ഡോർ കളക്ഷനായി 20.06.2019 ൽ നൽകിയ 200-ാം നമ്പർ രസീത് ബുക്ക്, ആയതിന്റെ കളക്ഷൻ രജിസ്റ്റർ, നഗരസഭയിൽ തുക ഒടുക്കിയതായ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ടിയാനുപയോഗിച്ചിരുന്ന ഒരു രസീതിലെ ക്രമക്കേട് സംബന്ധിച്ച് പരാമർശം ഉൾപ്പെടുത്തിയിരുന്നു (2017-18: 2-1). ഇത് സംബന്ധിച്ച് നടത്തിയ തുടർപരിശോധനയിൽ ഓഫീസ് ചട്ടങ്ങൾക്ക് വിരുദ്ധവും നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടത്തിനിടയാക്കുന്നതുമായ നിരവധി പ്രവർത്തികൾ ടിയാന്റെ ഭാഗത്തുനിന്നും ഉണ്ടാവുകയും പല തവണ അച്ചടക്കനടപടികൾ നേരിട്ടിട്ടുള്ളതുമാണെന്ന് വ്യക്തമായി. അച്ചടക്കനടപടിയുടെ ഭാഗമായി ടിയാളെ 31-08-2019 ൽ സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു. 01-05-2020 ൽ തിരികെ ജോലിയിൽ പ്രവേശിച്ച ടിയാൾ അന്നു മുതൽ നിർബന്ധിത ശൂന്യവേതന അവധിയിൽ തുടർന്നുവരികയാണ് (ഫയൽ നം. ജി1-1582/18).

നഗരസഭാ റവന്യൂ സൂപ്രണ്ടിന്റെ 29.8.19 ലെ റിപ്പോർട്ട് പ്രകാരം, ടിയാനുപയോഗിച്ചിരുന്ന 200ാം നമ്പർ തൊഴിൽ നികുതി രസീത് ബുക്കിലെ 19970-ാം നമ്പർ രസീതുപയോഗിച്ച് 8393/- രൂപ അപഹരിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്. ടി രസീത് ബുക്കിലെ 1 മുതൽ 67 വരെയുള്ള രസീതുകൾ ഉപയോഗിച്ച് 27.08.19 വരെ നികുതി പിരിവ് നടത്തിയിട്ടുള്ളതും പണം

നഗരസഭയിൽ ഒടുക്കിയിട്ടുള്ളതുമാണ്. എന്നാൽ ടി രസീത് ബുക്കിലെ 19970ാം നമ്പർ രസീത് ഉപയോഗിച്ച് 04-07-19 ൽ പണം പിരിച്ചതായി പണം ഒടുക്കിയയാൾ ഹാജരാക്കിയ ഡ്യൂപ്ലിക്കേറ്റ് രസീതിൽ നിന്നും ബോധ്യപ്പെട്ടതായും എന്നാൽ ടി തുക നഗരസഭയിൽ ഒടുക്കുകയോ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്യാതെ ടി രസീതിന്റെ ഒറിജിനൽ, രസീതുബുക്കിൽ നിന്നും നീക്കം ചെയ്തതായി കാണപ്പെടുകയും ആയത് പിന്നീട് ടിയാന്റെ ബാഗിൽ നിന്നും ലഭിക്കുകയും ചെയ്തു. രസീത് ബുക്കിൽ ക്രമക്കേട് കാണിച്ച് പണാപഹരണം നടത്തിയ ടിയാനെതിരെ നിലവിൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതായും ഫയലിൽ കാണുന്നു.

ടിയാൾക്ക് ഇഷ്യൂ ചെയ്ത രസീതുബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.10/24.11.20) നൽകിയതിനെതുടർന്ന് 200-ാം നമ്പരിലുള്ള രസീതുബുക്കൊഴികെ മറ്റ് ബുക്കുകൾ ഹാജരാക്കി. ശ്രീ. വിവേക് വിക്രമിനെതിരെ പണാപഹരണവുമായി ബന്ധപ്പെട്ട് ക്രിമിനൽ കേസ് നിലനിൽക്കുന്നതിനാൽ 200-ാം നമ്പർ ബുക്ക് തെളിവിലേക്കായി പോലീസിന് കൈമാറിയിട്ടുള്ളതായി അറിയിച്ചു. 200-ാം നമ്പർ രസീതുബുക്കിന്റെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ്, കളക്ഷൻ രജിസ്റ്റർ, തുക ഒടുക്ക് വിവരങ്ങൾ എന്നിവ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ടിയാനെതിരെ നഗരസഭ നഗരസഭ നൽകിയ ക്രിമിനൽ കേസിന്റെ തുടർനടപടികൾ ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

2). <u>രസീത് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല</u>

ശ്രീ.സുധൻ, റവന്യൂ ഇൻസ്പെക്ടറുടെ പേരിൽ ഇഷ്യൂ ചെയ്തിട്ടുള്ള 110-ാം നമ്പർ രസീതുബുക്കിലെ 1 മുതൽ 15 വരെയുള്ള രസീതുകളുടെയും 111-ാം നമ്പരിലുള്ള രസീതുബുക്കിലെ എല്ലാ രസീതുകളുടെയും കളക്ഷൻ, ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയവ ഹാജരാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 10/24.11.2020) നൽകിയെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ 110, 111 നമ്പരിലുള്ള രസീത് ബുക്കുകളും അവയുടെ കളക്ഷൻ രജിസ്റ്റർ, തുക ഒടുക്ക് വിവരങ്ങൾ എന്നിവ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-13 കടമുറിക്ക് അധികനിരക്കിൽ വസ്തു നികുതി കണക്കാക്കി

ചേർത്തല നഗരസഭ വാർഡ് 4 ൽ ശ്രീ.ജയകുമാർ, പുത്തൻവെളി, മരുത്തോർവെട്ടം എന്നയാളുടെ ഉടമസ്ഥയിലുള്ള വാണിജ്യാവശ്യത്തിനുള്ള 574.42 ച.മീറ്റർ വിസ്തൃതിയുള്ള ബഹുനില കെട്ടിടത്തിന് രണ്ട് തവണകളായി 2018-19 സാമ്പത്തിക വർഷം വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | വിസ്തീർണ്ണം | നികുതി നിരക്ക് | നിർണ്ണയിച്ച നികുതി (സെസ്, എസ്.ടി ഉൾപ്പടെ) |
|---|---|---|---|---|
| 1 | 4/506 K | 70.89 $m^2$ | 110/$m^2$ | Rs.11710/- |
| 2 | 4/506 J | 67.98 $m^2$ | 110/$m^2$ | Rs.12106/- |
| 3 | 4/506 M | 89.82 $m^2$ | 110/$m^2$ | Rs.15339/- |
| 4 | 4/506 N | 16.47 $m^2$ | 110/$m^2$ | Rs.2813/- |
| 5 | 4/506 O | 118.06 $m^2$ | 110/$m^2$ | Rs.20162/- |
| 6 | 4/506 P | 99.84 $m^2$ | 110/$m^2$ | Rs.17050/- |
| 7 | 4/506 Q | 58.64 $m^2$ | 110/$m^2$ | Rs.12611/- |
| 8 | 4/506 R | 52.65 $m^2$ | 110/$m^2$ | Rs.8992/- |
| | Total | 574.35 $m^2$ | | |

നികുതി നിർണ്ണയിച്ച ഫയൽ പരിശോധിച്ചതിൽ ക്രമ നം-7 പ്രകാരമുള്ള 4/506 Q നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ 58.64 $m^2$ വിസ്തീർണ്ണമുള്ള കെട്ടിട ഭാഗത്തിന് ച.മീ ന് 110/- രൂപ നിരക്കിലുള്ള അടിസ്ഥാന വസ്തു നികുതിയും വഴി സൗകര്യം, തറയുടെ നിർമ്മിതി എന്നിവക്ക് ബാധകമായ 35% വർദ്ധനവും കണക്കിലെടുക്കുമ്പോൾ സെസ്, സർവ്വീസ് ടാക്സ് എന്നിവയുൾപ്പടെ 10016/- രൂപയാണ് നികുതി ഈടാക്കാവുന്നത്. എന്നാൽ ഈ മുറിക്ക് 12,611/- രൂപയാണ് നികുതി നിർണ്ണയിച്ചത്. കെട്ടിട ഉടമക്ക് ഇതുമൂലം 2597/- രൂപയുടെ അധിക നികുതി ബാധ്യത ഉണ്ടായിട്ടുണ്ട്. 2011 കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും)

ചട്ടങ്ങൾ ചട്ടം 9 (5) പ്രകാരം ബഹുനില കെട്ടിടങ്ങൾക്ക് അനുവദിക്കുന്ന വസ്തുനികുതി ഇളവും ഈ ബഹുനില കെട്ടിടത്തിന് നൽകിയിട്ടില്ല. ഈ കാര്യത്തിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-39/27/11/2020) മറുപടി ലഭ്യമാക്കിയില്ല. നിശ്ചിത നിരക്കിനേക്കാൾ കുറവിൽ അസസ്സ് ചെയ്യുന്നത് പോലെ തന്നെ നിശ്ചിത നിരക്കിനേക്കാൾ കൂടുതൽ നിരക്കിൽ അസസ്സ് ചെയ്യുന്നതും നിയമപരമല്ല. മേൽ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഓഫീസ് കെട്ടിടത്തിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല

ചേർത്തല നഗരസഭ രണ്ടാം വാർഡിൽ സ്ഥിതിചെയ്യുന്ന നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മെന്റിന്റെ ഡയറക്ടർ, സ്ഥാപനം പുതുതായി നിർമ്മിച്ച ഓഡിറ്റോറിയം, ഹോസ്റ്റൽ, അഡ്മിനിസ്ട്രേറ്റീവ് കെട്ടിടത്തിലെ പുതുതായി നിർമ്മിച്ച മുറികൾ എന്നിവ ക്രമവത്ക്കരിച്ച് നമ്പരിട്ട് നൽകുന്നതിനായി 2018 ജൂലൈ മാസം അപേക്ഷിച്ചിരുന്നു. ഇതു പ്രകാരം നഗരസഭ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ സ്ഥാപനത്തിലെ ആർച്ച് ബിഷപ്പ്, എറണാകുളത്തിന്റെ പേരിലുള്ള 2003 ജൂലൈ മാസം നികുതി നിർണ്ണയിച്ച 630.32 ച.മീ വിസ്തൃതിയുള്ള 2/18-C നമ്പർ കെട്ടിടത്തിന് വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടമെന്ന നിലയിൽ അന്നുമുതൽ നികുതി ഇളവ് അനുവദിച്ചതായും ഇതിന് ശേഷം 2006 ജൂലൈ മാസത്തിൽ കെട്ടിടത്തിന്റെ ഉടമസ്ഥത ഡയറക്ടർ, നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മെന്റ് എന്ന പേരിലേക്ക് മാറ്റുകയും ഗ്രൗണ്ട് ഫ്ലോറിൽ രണ്ട് ഓഫീസ് മുറികളും രണ്ട് റെക്കോർഡ് മുറികളും കൂട്ടിച്ചേർക്കുകയും പുതുതായി നിർമ്മിച്ച ഒന്നാം നിലയിൽ ഒരു ലൈബ്രറിയും ഓഫീസ് മുറിയും ഉൾപ്പെടുത്തുകയും ചെയ്തതായും കണ്ടെത്തിയിട്ടുണ്ട്. എന്നാൽ പുതുതായി കൂട്ടിച്ചേർക്കലുകളും പുതിയ നിലയുടെ നിർമ്മാണവും നടന്ന ഘട്ടത്തിലും പുതുതായി നിർമ്മിക്കപ്പെട്ട ഭാഗത്തിനുകൂടി നികുതി ഇളവ് അനുവദിക്കുകയാണുണ്ടായത്. നൈപുണ്യ കോളേജ് ഡയറക്ടർ 2018 ജൂലൈ മാസം നൽകിയ അപേക്ഷയിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കായി പ്രവർത്തിക്കുന്ന 2/18-C നമ്പർ കെട്ടിടത്തിന് മുകളിൽ പുതുതായി രണ്ട് നിലകൾ കൂടി പണിതതായി അറിയിച്ചിട്ടുണ്ട്. ഇത് പ്രകാരമുള്ള ഫയൽ കുറിപ്പുകളിലും 2/18-C നം കെട്ടിടത്തിന് നികുതിയൊന്നും ഈടാക്കുന്നില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

കേരള മുൻസിപ്പാലിറ്റി നിയമം സെക്ഷൻ 235 (ബി), (ബി.എ) വകുപ്പുകൾ പ്രകാരം സർക്കാർ വകയോ എയ്ഡഡോ സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കും സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഹയർസെക്കണ്ടറി വരെയുള്ള വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കും മാത്രമാണ് വസ്തുനികുതി ഒഴിവിനർഹതയുള്ളത്.

നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മെന്റ് എയ്ഡഡോ സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ അല്ലാത്ത സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനമായതിനാൽ ഈ വകുപ്പുകൾ പ്രതിപാദിച്ചിരിക്കുന്ന നികുതി ഇളവ് സ്ഥാപനത്തിന് അനുവദിച്ചത് എന്തുകൊണ്ടാണ് എന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല. ഈ സ്ഥാപനത്തിന്റെ തന്നെ ഉടമസ്ഥതയിൽ അതേ കോമ്പൗണ്ടിലെ മറ്റ് കെട്ടിടങ്ങളിൽ നിന്നെല്ലാം വസ്തു നികുതി ഈടാക്കിവരുന്നുണ്ട്. ഈ സാഹചര്യത്തിൽ 2/18-C നം കെട്ടിടത്തിനും ഈ കെട്ടിടത്തോട് ചേർന്ന് വർഷങ്ങളായി കൂട്ടിച്ചേർത്തതും പുതുതായി നിർമ്മിക്കുകയും ചെയ്ത കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 30/11/2020 ൽ 45-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ കെട്ടിടങ്ങളുടെ നികുതി ഇളവ് സംബന്ധിച്ച് വിശദമായി പരിശോധന നടത്തേണ്ടതും സ്ഥാപനത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കായി പ്രവർത്തിക്കുന്ന കെട്ടിടത്തിന് ബാധകമായ നിരക്കിലുള്ള വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കാൻ ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

## 1-15 ഓഫീസായി ഉപയോഗക്രമം മാറ്റിയ കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തുനികുതി കണക്കാക്കി

ചേർത്തല നഗരസഭ 13 വാർഡിൽ ശ്രീ.അച്യുതൻ, ചൈത്രം എന്നയാളുടെ ഉടമസ്ഥയിലുള്ള താമസാവശ്യത്തിനുള്ള 13/614 F എന്ന 228 ച.മീറ്റർ വിസ്തൃതിയുള്ള കെട്ടിടത്തിലെ ഒന്നാംനിലയിലെ 43.16 $m^2$ ഭാഗത്തിന്റെ ഉപയോഗക്രമം ഓഫീസാവശ്യത്തിനായി മാറ്റി നിർണ്ണയിക്കുന്നതിന് അപേക്ഷിച്ചിരുന്നു. ഫയൽ പരിശോധിച്ചതിൽ അപേക്ഷ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണമായ 228 ച.മീറ്റിൽ നിന്നും ഓഫീസാവശ്യത്തിനായി മാറ്റിയ 46.13 $m^2$ ഭാഗം കുറവ് ചെയ്ത് ബാക്കിയുള്ള 181.87ച.മീ. ഭാഗത്തിന് (13/524A) താമസാവശ്യത്തിനുള്ള ച.മീറ്ററിന് 12 രൂപ നിരക്കിലും ഓഫീസാവശ്യത്തിനായി മാറ്റിയ 23.065 ച.മീ വീതമുള്ള രണ്ട് മുറികൾക്ക് (13/524 B & 13/524 C) ച.മീറ്ററിന് 50/- രൂപ നിരക്കിലും നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഇതുവരെ ഉൾപ്പെടുത്തിയിട്ടില്ല.

ചേർത്തല നഗരസഭയുടെ വസ്തുനികുതി പരിഷ്കരണ അന്തിമ വിജ്ഞാപനപ്രകാരം ഓഫീസ് ഉപയോഗത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 60/- രൂപയാണ് ഫീസ് നിശ്ചയിച്ചിരുന്നത്. അപേക്ഷയിലും ഒപ്പം ഹാജരാക്കിയ ബിൽഡിംഗ് പ്ലാനിലും ഓഫീസാവശ്യത്തിനായാണ് ഉപയോഗക്രമം മാറ്റുന്നതെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കുള്ള ച.മീറ്ററിന് 50/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചത്. ഇതുമൂലം നഗരസഭക്ക് ലഭിക്കേണ്ട നികുതി വരുമാനത്തിൽ കുറവുണ്ടായി. ഈ കാര്യത്തിലുള്ള വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-26/തീയതി, 26/11/2020)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകത പരിഹരിച്ച് നഗരസഭക്ക് ലഭിക്കേണ്ട വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-16 നഗരസഭയിലെ വസ്തുനികുതി പരിഷ്കരണം പൂർണ്ണമായ തോതിൽ നടപ്പിലാക്കിയിട്ടില്ല

നഗരസഭകളിലെ കെട്ടിടങ്ങളുടെ വസ്തുനികുതി പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ പരിഷ്കരിക്കുന്നതിന് 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ചേർത്തല നഗരസഭയിൽ ഇത്പ്രകാരമുള്ള വസ്തുനികുതി പരിഷ്കരണം നഗരസഭയിൽ ഇന്നുവരെ പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് (സാധാ)നം. 540/2019/ത.സ്വ.ഭ.വ തീയതി 06-03-2019 പ്രകാരം വസ്തു നികുതി പരിഷ്കരണം സംബന്ധിച്ചുള്ള വിവരശേഖരണം, ഡാറ്റാ എൻട്രി വെരിഫിക്കേഷൻ, അപ്രൂവൽ വരെയുള്ള എല്ലാ നടപടി ക്രമങ്ങളും എല്ലാ നഗരസഭകളും 2019 സെപ്റ്റംബർ മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിന് നിർദേശിച്ചിരുന്നതാണ്. ഇക്കാര്യത്തിൽ നഗരസഭ സ്വീകരിച്ച നടപടികളും വസ്തുനികുതി പരിഷ്കരണത്തിന്റെ പുരോഗതി സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം-24 തീയതി. 25/11/2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രണ്ട് വാർഡുകളൊഴികെ ബാക്കി വാർഡുകളുടെയെല്ലാം നികുതി വിവരങ്ങൾ പരിഷ്കരിച്ചതായാണ് വാക്കാൽ അറിയിച്ചത്. എന്നാൽ പരിഷ്കരണ നടപടികൾ പൂർത്തിയായ വാർഡുകളിൽപ്പോലും ഡിമാന്റ് നോട്ടീസ് നൽകി നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. നികുതി പരിഷ്കരണം അടിയന്തിരമായി പൂർത്തീകരിച്ച് ലഭ്യമായ നികുതി വരുമാനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-17 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിൽ അനാസ്ഥ

നഗരസഭയിലെ 17 മൊബൈൽ ടവറുകളുടെ നികുതി വിവരങ്ങളാണ് സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ചേർത്തിട്ടുള്ളത്. സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ അനുസരിച്ച് മൊബൈൽ ടവറുകളുടെ വസ്തു നികുതി നഗരസഭ കൃത്യമായി ഈടാക്കുന്നില്ല. മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ ചതുരശ്രമീറ്ററിന് പരമാവധി 500/- രൂപ നിരക്കിൽ വസ്തുനികുതി ബാധകമാക്കിയെങ്കിലും നഗരസഭാ പ്രദേശത്ത് വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന മൊബൈൽ ടവറുകളിൽ നിന്നും മേൽ സർക്കാർ ഉത്തരവ് അനുസരിച്ചുള്ള വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. നിലവിലുള്ള 17 ടവറുകളുടെ തറവിസ്തീർണ്ണം ഉൾപ്പടെയുള്ള അടിസ്ഥാനവിവരങ്ങളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. കുടിശ്ശികയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം. | ടവറിന്റെ പേര് | വാർഷിക നികുതി | കുടിശ്ശിക വിവരം |
|---|---|---|---|---|
| 1 | 4/189/ | INDUS TOWERS | 7452 | 2013-14 onwards (except 2016-17, 2017-18 1st half) |
| 2 | 6/119/ | Reliance Communication Limited | 2791 | 2017-18 onwards |
| 3 | 6/227/ | M/s India Telecom Limited Door No: 42/1323(1) kacherippadi | 7481 | 2017-18 onwards |
| 4 | 11/299/ | RILAINCE JIO INFOCOM LIMITED, | 8280 | 2016-17 & 2017-18 |
| 5 | 11/949/ | DATA TELE SERVICE LIMITED COCHIN | 6300 | 2013-14 onwards |
| 6 | 13/591/ | Reliance Communication 43/2518 Jawahar Nagar Kadavanthara | 62100 | 2016-17 onwards |
| 7 | 18/133/ | LEJU G NATH<br><br>LEJU NIVAS | 20413 | 2016-17 onwards |
| 8 | 18/137/ | LEJU G NATH | 17078 | 2016-17 onwards |

| | | | | |
|---|---|---|---|---|
| | | LEJU NIVAS | | |
| 9 | 18/188/ | Vinodkumar<br><br>Mayitharaveettil | 6818 | 2016-17 onwards |
| 10 | 18/275 | 6/RELAINCE INFO TEL PRIVET LIMITED | 2300 | 2016-17 onwards |
| 11 | 19/421/ | Bharathy Airtel Limited Kochi | 5683 | 2013-14 onwards |
| 12 | 22/122/B | Arun Radhakrishnan<br><br>p k tower | 11189 | 2019-20 |
| 13 | 23/390/ | M/s. Indus Towers, Kochi | 35190 | 2016-17 onwards |
| 14 | 30/32/ | NAZEER<br><br>KALLARACKAL | 1833 | 2019-20 |
| 15 | 30/279/ | GTL INFRASTRUCTURE LTD | 28394 | 2015-16 onwards |
| 16 | 32/313/ | RELIANCE JIO INFO | 21420 | 2013-14 onwards |
| 17 | 34/180/ | M/s Indus Tower's Ltd.cochi | 9141 | 2018-19 onwars |

മേൽ സൂചിപ്പിച്ച മൊബൈൽ ടവറുകളുടെ വസ്തുനികുതി സംബന്ധിച്ച സഞ്ചയ ഡാറ്റാബേസിലെ വിവരങ്ങളിൽ കുടിശ്ശിക ഈടാക്കാതെ തന്നെ തുടർന്നുള്ള വർഷങ്ങളിലെ നികുതി ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട് .വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 34/180 M/s Indus Tower's Ltd.cochi ടവറിന്റെ 2016-17 2nd half നികുതി ഈടാക്കാതെ 2017-18 ഉം 2018-19 1st half നികുതി ഈടാക്കാതെ 2019-20 ഒന്നാം വർഷവും നികുതി ഈടാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നു.
2. 32/313 RELIANCE JIO INFO ടവറിന്റെ 2013-14 മുതൽ 2015-16 വരെ നികുതി ഈടാക്കാതെ 2016-17, 2017-18, 2018-19 ഒന്നാം വർഷവും നികുതി ഈടാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തി. ഈ വർഷങ്ങളുടെ 2nd half നികുതി ഈടാക്കിയിട്ടില്ല.
3. 11/299 RELIANCE JIO INFO ടവറിന്റെ 2016-17 മുതൽ 2017-18 വരെ നികുതി ഈടാക്കാതെ 2018-19 വർഷത്തെ നികുതി ഈടാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നു.
4. (06/227) india telecom ടവറിന്റെ 2017-18 2-ാം അർദ്ധ വർഷത്തെ നികുതി ഈടാക്കാതെ 2018-19 ആദ്യ അർദ്ധവർഷത്തെ നികുതി ഈടാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നു.
5. 04/189 indus ടവറിന്റെ 2013-14 മുതൽ 2015-16 വരെ നികുതി ഈടാക്കാതെ 2016-17, 2017-18, 2018-19 ഒന്നാം വർഷവും നികുതി ഈടാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തി. ഈ വർഷങ്ങളുടെ രണ്ടാം അർദ്ധവർഷം നികുതി ഈടാക്കിയിട്ടില്ല.

ഏതാനും ടവറുകൾ മാത്രമാണ് 2018-19 വർഷം നികുതി ഒടുക്കിയിട്ടുള്ളത്. കേരള മുൻസിപ്പാലിറ്റി നിയമം 539 വകുപ്പ് പ്രകാരം നഗരസഭക്ക് ലഭിക്കാനുള്ള ഏതെങ്കിലും തുക ഈടാക്കുന്നതിന് 3 വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നിവ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ 2013-14 മുതലുള്ള ടവറുകളുടെ വസ്തുനികുതിയായി വൻതുക നഷ്ടമാവുന്നതിന് സാധ്യതയുണ്ട്.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി (നം. 24/25.11.2020) നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. എല്ലാ മൊബൈൽ ടവറുകളുടേയും വസ്തു നികുതി കുടിശ്ശിക വിവരങ്ങൾ കൃത്യമായി തയ്യാറാക്കുകയും വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുകയും നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നിയമനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്.

### 1-18 വസ്തു നികുതി - നികുതി നിർണ്ണയം,നികുതി കണക്കുകൾ തയ്യാറാക്കൽ, നികുതി പിരിവ് എന്നിവയിലെ അപാകങ്ങൾ

(എ). വസ്തു നികുതി കണക്കുകൾ, നികുതി പിരിവ് എന്നിവയിലെ അപാകങ്ങൾ

(1) നഗരസഭയിലെ വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, വസ്തുനികുതി അരിയർ ഡിമാന്റ് രജിസ്റ്റർ, എന്നിവ തയ്യാറാക്കി പരിശോധനയ്ക്കായി നൽകിയില്ല. വസ്തുനികുതി ഡിമാന്റ്, അരിയർ ഡിമാന്റ് എന്നിവ കണക്കാക്കുന്നതിന് യാതൊരു രേഖകളും നഗരസഭ സൂക്ഷിയ്ക്കുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതിയ നികുതി വിവരങ്ങൾ ചേർക്കുന്നില്ല. 2018-19 ൽ നികുതി നിർണ്ണയിച്ച ഒരു കെട്ടിടത്തിന്റെയും വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. ബിൽ കളക്ടർമാർ സൂക്ഷിക്കുന്ന ഹാൻഡ് ബുക്കിൽ നിന്നുമാണ് നികുതി സംബന്ധമായ കുറച്ചെങ്കിലും വിവരങ്ങൾ ലഭിക്കുന്നത്. നഗരസഭയിലെ വസ്തുനികുതിയുടെ ഏകീകൃത വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഇത് സംബന്ധിച്ച് കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല.

(2) സാംഖ്യ അക്കൌണ്ട് പ്രകാരം കളക്ഷൻ തുക രേഖപ്പെടുത്തുകയും കൃത്യതയില്ലാതെ തൻവർഷ ഡിമാന്റ് അക്കൌണ്ടിൽ രേഖപ്പെടുത്തുകയും ചെയ്യുന്നത് കാരണം ധനകാര്യ പത്രികയിലെ തൻവർഷ വരവിനും കുടിശ്ശിക ഡിമാന്റ് തുകകൾക്കും കണക്കുകളുടെ യാതൊരു അടിസ്ഥാനവുമില്ല. ഇക്കാരണത്താൽ തന്നെ നഗരസഭയ്ക്ക് ലഭിക്കേണ്ട മുഴുവൻ നികുതി വരുമാനവും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനോ വരവ് നഷ്ടം തിട്ടപ്പെടുത്തുന്നതിനോ കഴിയുന്നില്ല.

(3) പുതുതായി നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ പോലും സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടാത്ത സാഹചര്യത്തിൽ തൻവർഷ ഡിമാന്റായ 1,65,88,793/- രൂപയുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം 2018-19 വർഷം കുടിശ്ശിക ഇനത്തിൽ 4,87,481/- മാത്രമാണ് ലഭിക്കാനുണ്ടായിരുന്നത്. എങ്കിലും ഈ ഇനത്തിൽ 2018-19 ൽ 26,18,672/- ലഭിച്ചു. ആയതിനാൽ കുടിശ്ശികയുടെ കൃത്യതയും ഒരുവിധത്തിലും പരിശോധിച്ച് ഉറപ്പാക്കാനാവുന്നില്ല.

(4) തൻവർഷ ഡിമാന്റായ 1,65,88,793/- രൂപയും വരവായ 1,49,10,974/- രൂപയും തമ്മിലുള്ള വ്യത്യാസമായ 16,77,819/- രൂപ തൻവർഷ കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം തൻവർഷ കുടിശ്ശിക ആകെ 1,69,747/- രൂപയും മുൻവർഷങ്ങളിലെ കുടിശ്ശികയായി ആകെ 93,447/- രൂപയും മാത്രമാണ് ലഭിക്കാനുള്ളത്. ഇതിന്റെ പത്ത് മടങ്ങോളം തുക മൊബൈൽ ടവറുകളുടെ വസ്തുനികുതിയിനത്തിൽ മാത്രം നഗരസഭക്ക് ലഭിക്കാനുണ്ട്.

(5) വിമുക്തഭടന്മാരുടെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇനത്തിൽ അനുവദിക്കുന്ന ഇളവ്,കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ പ്രകാരം അനുവദിക്കുന്ന ഇളവ് എന്നിവ പരിശോധിക്കാനാവശ്യമായ വിവരങ്ങളോ ഫയലുകളോ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ വിഭാഗം ഇളവുകളുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കാനാവുന്നില്ല.

(6) തൻവർഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി ഉൾപെടുത്തി ഡിമാന്റ് തുക വർദ്ധിപ്പിക്കുന്നതിനോ, വേക്കൻസി റെമിഷൻ, നികുതി ഒഴിവാക്കൽ എന്നിവ തിട്ടപ്പെടുത്തി അതിനനുസരിച്ച് ഡിമാന്റ് കുറവ് വരുത്തുന്നതിനുള്ള നടപടികളോ സ്വീകരിക്കുന്നില്ല.

(ബി). <u>വസ്തു നികുതി നിർണ്ണയത്തിലെ അപാകങ്ങൾ</u>

1) 14.01.2011ലെ സർക്കാർ ഉത്തരവ് പ്രകാരം പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ തറ വിസ്തീർണ്ണത്തിന് പുറമേ കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശം, കെട്ടിടത്തിലേക്കുള്ള വഴി സൌകര്യം, കെട്ടിടത്തിന്റെ തറ നിർമ്മിതി, മേൽക്കൂരയുടെ തരം, കാലപ്പഴക്കം, നിലകളുടെ എണ്ണം, ഉപയോഗക്രമം എന്നിങ്ങനെ നിരവധി മാനദണ്ഡങ്ങൾ പ്രകാരമാണ് നികുതി നിർണ്ണയിക്കുന്നത്. നഗരസഭയിലെ വസ്തുനികുതി നിർണ്ണയിക്കുന്ന ഫയലുകൾ പരിശോധിച്ചതിൽ വസ്തുനികുതി നിർണ്ണയത്തിന് ആവശ്യമായ ഈ വിവരങ്ങൾ കൃത്യമായി ഫയലുകളിൽ രേഖപ്പെടുത്തപ്പെടുന്നില്ലായെന്ന് കാണുന്നു. ഫീൽഡ് ലെവലിൽ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ കൃത്യമായ നികുതി നിർണ്ണയത്തിനാവശ്യമായ ഈ വിവരങ്ങൾ ഒരു റിപ്പോർട്ടിലും ഉൾപ്പെടുത്തുന്നില്ല. സെക്ഷനിലോ സൂപ്പർവൈസറി തലത്തിലോ ഈ വിവരങ്ങൾ ഫയലിൽ ആവശ്യപ്പെടുന്നുമില്ല. വസ്തുനികുതി നിർണ്ണയത്തിൽ അനിവാര്യമായ ഈ വിവരങ്ങളുടെ അഭാവം തെറ്റായോ കുറവായോ നികുതി നിർണ്ണയിക്കുന്നതിന് കാരണമാകുന്നതാണ്.

2) വസ്തുനികുതി നിർണ്ണയിക്കപ്പെടുന്ന കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി യഥാസമയം പൂർത്തിയാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഇത് മൂലം നിർണ്ണയിക്കുന്ന നികുതി വിവരങ്ങൾ കൃത്യമായി ഡാറ്റാബേസിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പുവരുത്താനാകില്ല. നികുതി നിർണ്ണയം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടെ നടത്തുന്നത് ബാക്ക് ഡേറ്റഡ് ഡാറ്റാ എൻട്രി ജോലികളുടെ എണ്ണം വലിയതോതിൽ കുറക്കുന്നതിനും ഡാറ്റാ എൻട്രിയിൽ വരുന്ന തെറ്റുകൾ തൽസമയം തന്നെ കണ്ടെത്തി തിരുത്തുന്നതിനും സ്ഥിതി വിവരക്കണക്കുകളുടെ കൃത്യത വർദ്ധിപ്പിക്കുന്നതിനും സഹായകരമാകുന്നതാണ്. എന്നാൽ വസ്തുനികുതി വിവരങ്ങൾ നിലവിൽ യഥാസമയം ഉൾപ്പെടുത്തുന്നില്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ധനകാര്യപത്രിക പ്രകാരമുള്ള വസ്തുനികുതി വരവും കുടിശ്ശികയും ശരിയായ അടിസ്ഥാനമില്ലാത്തതും കൃത്യത ഉറപ്പുവരുത്തിയിട്ടില്ലാത്തതുമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ നഗരസഭയിലെ വസ്തുനികുതി രേഖപ്പെടുത്തലുകളിൽ കൃത്യത വരുത്തുന്നതിനുള്ള അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതാണ്. വസ്തു നികുതി നിർണ്ണയം, നികുതി കണക്കുകൾ തയ്യാറാക്കൽ, നികുതി പിരിവ് എന്നിവയിലെ മേൽ അപാകങ്ങൾ പരിഹരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയും ഭരണസമിതിയും ഈക്കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ നൽകുകയും അടിയന്തിര നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

## 1-19 തൊഴിൽനികുതി

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 245 പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് ബിസിനസ്സ് നടത്തുകയോ ഒരു തൊഴിലോ കലയോ ജോലിയോ നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന വ്യക്തിയിൽ നിന്നും വരുമാനത്തിന് അനുസൃതമായി നഗരസഭ തൊഴിൽനികുതി ചുമത്തേണ്ടതാണ്. എന്നാൽ നഗരസഭയിലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, സ്ഥാപനങ്ങളുടെ ലിസ്റ്റ്, അർദ്ധവാർഷിക വരുമാനപത്രികകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല

നഗരസഭയുടെ പരിധിയിൽ വരുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2018-19 വർഷം അർദ്ധവാർഷിക വരുമാനത്തിന് അനുസൃതമായി തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | അർദ്ധവർഷം | ജീവനക്കാരന്റെ പേര് | വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് | രസീത് നം./തീയതി |
|---|---|---|---|---|---|---|---|
| ജില്ലാ ട്രാൻസ്പോർട്ട് ഓഫീസ് | I | അനിൽപ്രസാദ്.കെ | 126500 (Basic Pay 10750/-, DA 9890/- FA 2750/-) | 1000/- | 1250/- | 250/- | 118470500097/31.08.2018 637250/- |
| | | ബിന്ദു. കെ.എസ് | 126500/- | 1000/- | 1250/- | 250/- | |
| | | ഡോൺ ബോസ്കോ റോഡ്രിഗ്സ് | 126500/- | 1000/- | 1250/- | 250/- | |
| | | സുമേഷ്. എസ് | 126500/- | 1000/- | 1250/- | 250/- | |
| | | ചന്ദ്രപ്പൻ. കെ | 126500/- | 1000/- | 1250/- | 250/- | |
| | | ഫ്രാൻസിസ്. ടി.എക്സ്. | 126500/- | 1000/- | 1250/- | 250/- | |
| | | കിഷോർ. പി.എം | 126500/- | 1000/- | 1250/- | 250/- | |
| | | മനോജ്. കെ | 126500/- | 1000/- | 1250/- | 250/- | |
| | | രാജീവ്. കെ.ആർ | 126500/- | 1000/- | 1250/- | 250/- | |
| | | സജീവ്. എം.പി. | 126500/- | 1000/- | 1250/- | 250/- | |
| | | ഷിജി. എം. | 126500/- | 1000/- | 1250/- | 250/- | |
| | | ഷൈലേഷ്.കെ.വി. | 126500/- | 1000/- | 1250/- | 250/- | |
| | | സിയാദ് .ഡി.എസ്. | 126500/- | 1000/- | 1250/- | 250/- | |
| | | തോമസ്.എ. | 126500/- | 1000/- | 1250/- | 250/- | |
| | | വർഗ്ഗീസ്. വി.ഇ. | 126500/- | 1000/- | 1250/- | 250/- | |
| | | ഡിക്സൺ.എ.ബി. | 126500/- | 1000/- | 1250/- | 250/- | |
| | | ജോൺ ബ്രിട്ടോ. പി.ജെ | 126500/- | 1000/- | 1250/- | 250/- | |
| | | രാജേഷ്. കെ.എസ്. | 133502/- ((Basic Pay 11350/-, DA 10442/- FA 2750/-) | 1000/- | 1250/- | 250/- | |
| | | രജിൻകുമാർ.കെ.ആർ | 126500/- | 1000/- | 1250/- | 250/- | |
| | II | ലക്ഷ്മി വേണു | 154902/- ((Basic Pay 11650/-, DA 11417/- FA 2750/-) | 1000/- | 1250 | 250/- | 118470500333/28.02.2019 567250/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | സ്മിത.കെ | 142322/-<br><br>((Basic Pay 11980/-, DA 11740/- FA 2750/-) | 1000/- | 1250/- | 250/- | |
| ഇന്ത്യൻ കോഫീഹൗസ്, ചേർത്തല | I | പി.എസ്.സതീശൻ | 102090/-<br><br>(Basic Pay 3930/-, DA 13085/-) | 750/- | 1000/- | 250/- | 108989/13.09.2018<br><br>43500/- |
| ആകെ | | | | | | 5500 | |

പ്രസ്തുത അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/19.03.2020)മറുപടി ലഭ്യമാക്കിയില്ല. തൊഴിൽനികുതി കുറവ് ഈടാക്കിയതുമൂലം ഉണ്ടായ നഷ്ടം 5500/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി നഗരസഭാഫണ്ടിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

2) <u>ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>

നഗരസഭയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ചേർത്തിട്ടുള്ള പല സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/25.11.2020) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | ഷൈമാസ് ഹോണ്ട | 2 |
| 2 | ഫെഡറൽ ബാങ്ക് | 2 |
| 3 | കെ.എസ്.ഇ.ബി. കോ ഓപ്പറേറ്റീവ് എംപ്ലോയീസ് സൊസൈറ്റി | 3 |
| 4 | വെള്ളേത്തറ ഇലക്ട്രിക്കത്സ് | 3 |
| 5 | NIT കമ്പ്യൂട്ടർ സെന്റർ | 3 |
| 6 | ജെ.കെ.പ്ലൈവുഡ്സ് | 3 |
| 7 | നെട്ടുമ്പ്രക്കാട് കുടുംബ കർഷക സംഘം | 6 |
| 8 | കയർ ഇൻഡസ്ട്രീസ് കോ ഓപ്പറേറ്റീവ് സംഘം നമ്പർ 823 A | 9 |
| 9 | വില്ലേജ് ഓഫീസ്, കെക്കോതമംഗലം | 10 |
| 10 | KMCN | 10 |
| 11 | ഇഷ സ്കിൻ കെയർ ഹോസ്പിറ്റൽ | 12 |
| 12 | തേജസ് സിസ്റ്റംസ് | 12 |
| 13 | അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, റീജിയണൽ AI സെന്റർ | 14 |
| 14 | ഇൻഡസ് ഇൻഡ് ബാങ്ക് | 14 |
| 15 | ഹോട്ടൽ ട്രാവൻകൂർ പാലസ് | 16 |
| 16 | ഹെഡ്മാസ്റ്റർ, സെന്റ് മേരീസ് സ്കൂൾ | 22 |
| 17 | CCT ഓഫീസ് | 22 |
| 18 | എക്സൽ ഐ.ടി.സി. | 22 |
| 19 | ചിക്കൂസ് ടെക്സ്റ്റൈൽസ് | 22 |
| 20 | ലക്ഷ്മി ഭാരത് ഗ്യാസ് | 22 |
| 21 | ദാമോദര പൈ ആന്റ് സൺസ് | 22 |
| 22 | ലാൽ മാർബിൾസ് | 22 |
| 23 | ഐശ്വര്യ ടെക്സ്റ്റൈൽസ് | 22 |

| | | |
|---|---|---|
| 24 | പാരഡൈസ് തീയേറ്റർ | 22 |
| 25 | ഫെഡറൽ ബാങ്ക് | 23 |
| 26 | ലാഭം മാർക്കറ്റ് | 23 |
| 27 | ഡിസ്ട്രിക്ട് കോ ഓപ്പറേറ്റീവ് ബാങ്ക് ഈവനിംഗ് ബ്രാഞ്ച് | 23 |
| 28 | A.P കോ ഓപ്പറേറ്റീവ് ബാങ്ക്, നടക്കാവ് ബ്രാഞ്ച് | 23 |
| 29 | ബ്രാഞ്ച് മാനേജർ, ഹൗസിംഗ് ഫിനാൻസ് 1st ഫ്ലോർ, ടി.ഡി.റോഡ് | 23 |
| 30 | ബ്രാഞ്ച് മാനേജർ, KSFE ഈവനിംഗ് ബ്രാഞ്ച്, ടി.ഡി.റോഡ് | 23 |
| 31 | സെൻട്രൽ ബാങ്ക് ചേർത്തല | 23 |
| 32 | മണപ്പുറം ഗോൾഡ് ലോൺ | 23 |
| 33 | അമൃതശ്രീ ചിട്ടി ഫണ്ട് | 23 |
| 34 | IFFL India Infoline | 23 |
| 35 | മാനേജർ, ചെമ്മണ്ണൂർ ക്രെഡിറ്റ് ആന്റ് ഇൻവെസ്റ്റ്മെന്റ് | 23 |
| 36 | ഷോപ്പ് മാനേജർ, ബിവറേജസ് കോർപ്പറേഷൻ | 23 |
| 37 | സ്റ്റേഷൻ മാസ്റ്റർ, സതേൺ റെയിൽവേ, ചേർത്തല | 15 |
| 38 | സെക്ഷൻ എഞ്ചിനീയർ, സതേൺ റെയിൽവേ, ചേർത്തല | 15 |
| 39 | അശ്വതി ഹൈപ്പർമാർട്ട് | 15 |
| 40 | മഞ്ഞൾ ഹൈപ്പർമാർട്ട് | 11 |
| 41 | ഓഫീസ് ഓഫ് ദ ഫൈലേറിയ കൺട്രോൾ വർക്സ് | 4 |
| 42 | അസിസ്റ്റന്റ് എഞ്ചിനീയർ, മൈക്രോവേവ് സ്റ്റേഷൻ | 4 |
| 43 | ഡെപ്യൂട്ടി ജനറൽ മാനേജർ, സതേൺ ടെലികോം സബ് റീജിയൺ | 4 |
| 44 | പോപ്പുലർ ഓട്ടോമൊബൈൽസ് | 4 |
| 45 | ആൽഫാ നൈറ്റ്, ഐ.ടി പാലസ് | 4 |
| 46 | മൈക്രോടെക് കമ്പനി | 4 |
| 47 | ശങ്കേഴ്സ് ലാബ് | 4 |
| 48 | ദേവി അൾട്രാ സൗണ്ട് സ്കാൻസ് | 4 |
| 49 | സെക്രട്ടറി നീതി ലാബ്സ് ആന്റ് സ്കാൻസ് | 4 |
| 50 | കൈരളി ആന്റ് ശ്രീ തീയേറ്റർ | 5 |
| 51 | ലാഭം മാർക്കറ്റ് | 5 |
| 52 | പി.ജി.കോളേജ്, ചേർത്തല | 5 |
| 53 | മാനേജർ, സൊസൈറ്റി ഫോർ റൂറൽ എംപവർമെന്റ് | 5 |
| 54 | കെ.എം.പി. ടെക്സ്റ്റൈൽസ് | 5 |
| 55 | പൊൻപൻ ടെക്സ്റ്റൈൽസ് | 5 |
| 56 | സെല്ലുലാർ വേൾഡ്, മൊബൈൽ സെയിൽസ് & ഡിസ്ട്രിബ്യൂഷൻ | 5 |
| 57 | ജി ടെക് കമ്പ്യൂട്ടർ | 5 |
| 58 | ഐ.ഡി.ബി.ഐ. ബാങ്ക് | 5 |
| 59 | ഇന്ത്യൻ കോ ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി ലിമിറ്റഡ് | 5 |

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. നികുതി ഈടാക്കിയിട്ടില്ലാത്ത പക്ഷം തൊഴിൽ നികുതി കുടിശ്ശിക പിഴപലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

3) ഒരു അർദ്ധവർഷത്തെ മാത്രം തൊഴിൽനികുതി ഈടാക്കി

ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു ഒരു അർദ്ധവർഷത്തെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയതെന്ന് കാണുന്നു. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും കുടിശ്ശികയുള്ള അർദ്ധവർഷത്തിലെ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ അർദ്ധവർഷം | തുക | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|---|---|
| 1 | മഹീന്ദ്ര റൂറൽ ഹൗസിംഗ് ഫിനാൻസ് | I | 4900/- | II |
| 2 | ഇന്ത്യൻ ബാങ്ക് | - | | I&II |
| 3 | KSFE, ചേർത്തല | I | 12000/- | II |
| 4 | കയർ ഇൻസ്പെക്ടർ, ചേർത്തല | I | 3250/- | II |
| 6 | റിലയൻസ് നിപ്പോൺ ലൈഫ് ഇൻഷ്വറൻസ് | I | 9030/- | II |
| 9 | BSNL, ചേർത്തല | I | 32250/- | II |
| 11 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | I | 9280/- | II |
| 12 | Reliance SMSL Ltd | I | 1950/- | II |
| 13 | KMSCL ലിമിറ്റഡ് | I | 3000/- | II |
| 14 | KNG ബ്രദേഴ്സ് | I | 3000/- | II |
| 16 | ചേർത്തല കോ ഓപ്പറേറ്റീവ് അർബൻ സൊസൈറ്റി ലിമിറ്റഡ് നം.2655 | I | 11250/- | II |
| 17 | മുട്ടം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം.1165 | I - | 15750/ | II |
| 18 | അൻസാരി എഞ്ചിനീയേഴ്സ് ആന്റ് ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് | II | 5860/- | I |
| 19 | സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ് | II | 16050/- | I |
| 20 | ചേർത്തല മിൽക്ക് സപ്ലയേഴ്സ് ആന്റ് മാർക്കറ്റിംഗ് | II | 2950/- | I |
| 21 | മഹീന്ദ്ര ഹോം ഫിനാൻസ് | II | 6000/- | I |
| 22 | ഹോട്ടൽ കീർത്തി റീജൻസി | I | 3300/- | II |
| 23 | കേരള കയർ വർക്കേഴ്സ് വെൽഫയർ ബോർഡ് | I | 9200/- | II |
| 24 | ചേർത്തല താലൂക്ക് ടാക്സി ഡ്രൈവേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.A741 | I | 6250/- | II |
| 25 | ചേർത്തല താലൂക്ക് വ്യാപാരി വ്യവസായി കോ ഓപ്പറേറ്റീവ് സൊസൈറ്റി | I | 3750/- | II |

പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/24.11.2020) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽനികുതി ചുമത്തിയിട്ടില്ലാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുടിശ്ശിക പലിശ സഹിതം ഈടാക്കേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

4) സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കിയില്ല

2005-ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽനികുതി ചട്ടങ്ങളിലെ 3(2) മുതൽ3(11) വരെയുള്ള ചട്ടങ്ങൾ പ്രകാരം നഗരസഭാ പ്രദേശത്ത് സ്വയംതൊഴിൽ ചെയ്യുന്നവർ, കമ്പനികൾ, ചട്ടം 3(1) -ന്റെ പരിധിയിൽ വരാത്തവർ എന്നിവരിൽനിന്നും പരമാവധി 1250/- രൂപ അർദ്ധവാർഷിക നികുതി ഈടാക്കേണ്ടതാണ്. ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളിൽ നിന്നും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ഹാജരാക്കുവാനും കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/25.11.2020) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ബാങ്ക് ഓഫ് ബറോഡ | II | 1250/- |
| 2 | കോ ഓപ്പറേറ്റീവ് അർബൻ ബാങ്ക് | II | 1250/- |
| 3 | മുട്ടം സർവ്വീസ് സഹകരണബാങ്ക് | II | 1250/- |
| 4 | ധനലക്ഷ്മി ബാങ്ക് | I & II | 2500/- |
| 5 | റിലയൻസ് വെഹിക്കിൾ ഇൻഷ്വറൻസ് | I & II | 2500/- |
| 6 | നിക്കോൾസൺ ബാങ്കേഴ്സ് | I & II | 2500/- |
| 7 | റിലയൻസ് റീട്ടൈൽസ് ലിമിറ്റഡ് | II | 1250/- |
| 8 | RBL രത്നാകർ ബാങ്ക് ലിമിറ്റഡ് | I & II | 2500/- |
| 9 | ആക്സിസ് ബാങ്ക് | I & II | 2500/- |
| 10 | IDBI ബാങ്ക് | II | 1250/- |
| 11 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | II | 1250/- |
| 12 | ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് | II | 1250/- |
| 13 | വിജയാബാങ്ക് | I | 1250/- |
| 14 | പഞ്ചാബ് നാഷണൽ ബാങ്ക് | I | 1250/- |
| 15 | യൂണിയൻ ബാങ്ക് | II | 1250/- |
| 16 | ബജാജ് അലയൻസ് ലൈഫ് ഇൻഷ്വറൻസ് | II | 1250/- |
| 17 | മുത്തൂറ്റ് ഡയഗ്നോസിസ് | II | 1250/- |
| 18 | KMCN | I & II | 2500/- |
| 19 | മഹീന്ദ്ര & മഹീന്ദ്ര | II | 1250/- |
| 20 | മഞ്ഞൾ ഹൈപ്പർമാർട്ട് | I & II | 2500/- |
| 21 | ICICI ബാങ്ക് | I & II | 2500/- |
| 22 | ടൗൺ ട്രേഡേഴ്സ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I & II | 2500/- |
| 23 | സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ | I & II | 2500/- |
| 24 | സിൻഡിക്കേറ്റ് ബാങ്ക് | I & II | 2500/- |
| 25 | ഫെഡറൽ ബാങ്ക് | II | 1250/- |
| 26 | ESAF Small finance Bank | I & II | 2500/- |
| 27 | KSFE Ltd | I & II | 2500/- |
| 28 | മഹീന്ദ്ര റൂറൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് | I & II | 2500/- |
| 29 | ജന്റിൽമാൻ ചിറ്റ് ഫണ്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | I & II | 2500/- |
| | ആകെ | | 55000 |

സ്ഥാപനങ്ങളിൽനിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ വിശദാംശം ഹാജരാക്കേണ്ടതാണ്. അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

### 1-20 ലൈസൻസ് - അപാകതകൾ

നഗരസഭയിലെ 2018-19 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ, ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>നിരവധി സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു</u>

1994-ലെ നഗരപാലിക ആക്ട് വകുപ്പ് 447-ലും 2011-ലെ കേരളാ മുനിസിപ്പാലിറ്റി (ആപത്കരവും, അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3-ലും വ്യക്തമാക്കുന്ന പ്രകാരം മുനിസിപ്പൽ പ്രദേശത്തെ ഒരു സ്ഥലം ഏതെങ്കിലും ആൾ ഉപയോഗപ്പെടുത്തുന്നത് ലൈസൻസ് മൂലം നിയന്ത്രിച്ചിട്ടുണ്ട്. 2011 ലെ കേരളാ മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ 6, 11 ചട്ടങ്ങൾ, പട്ടിക 1, 2 എന്നിവ പ്രകാരം സെക്രട്ടറിക്ക് നഗരസഭാ പരിധിയിലുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകാവുന്നതും യഥാസമയം പുതുക്കി നൽകാവുന്നതുമാണ്. എന്നാൽ ചേർത്തല നഗരസഭ 2018-19 വർഷം ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ പരിശോധിച്ചപ്പോൾ, മുൻവർഷങ്ങളിൽ പ്രവർത്തിച്ചിരുന്ന നിരവധി സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നതായാണ് വ്യക്തമാകുന്നത്. ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | വാർഡ് നം/ കെട്ടിട നം | സ്ഥാപനത്തിന്റെ പേര്/ ഉടമയുടെ പേര് | മുൻവർഷം ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|
| 1 | IV/146A,B,C,D,E,F | നിറക്കൂട്ട് ടെക്സ്റ്റയിൽസ് (റെഡിമെയ്ഡ് ക്ലോത്ത്സ്), ശ്രീ. ജോ ഫിലിപ്പ് | 2000 |
| 2 | IV/164 B,B1,B2 | Orion സ്പോർട്സ് എക്യുപ്മെന്റ്സ്, ശ്രീ. ശ്രീനാഥ് ജി എസ് | 3000 |
| 3 | IV/267 | പയ്യൻസ് റെഡിമെയ്ഡ് ടെക്സ്റ്റയിൽസ്, ശ്രീ. സുബൈർ | 1000 |
| 4 | IV/540A | Norva Systems, ശ്രീ. വിനോദ് ഡി | 550 |
| 5 | IV/13 | Our Fashions, റെഡിമെയ്ഡ് ഡ്രസ്സസ് | 550 |
| 6 | I/266 | ഹരിഹര എക്സ്പോർട്ട്സ്, Coir goods, സിന്തറ്റിക് മാറ്റ്സ്, സുരേഷ് ബാബു | 1000 |
| 7 | II/511E | Q Fabrics, വിമൻസ് സ്റ്റിച്ചിംഗ് & എക്സ്പോർട്ടിംഗ്, ആന്റണി എബ്രഹാം | 2000 |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.41/30.11.20) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നിയമാനുസൃത ലൈസൻസില്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കണം. നഗരസഭാപരിധിയിലെ എല്ലാ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും നിയമാനുസൃതമുള്ള ലൈസൻസ് നേടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

1994 ലെ മുനിസിപ്പാലിറ്റി ആക്ടിന്റെ അടിസ്ഥാനത്തിൽ, 2011 ലെ കേരളാ മുനിസിപ്പാലിറ്റി (ആപത്കരവും, അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ നടപ്പാക്കുന്നത് വിവിധ സർക്കാർ ഉത്തരവുകളിലൂടെ നീട്ടി നൽകിയിരുന്നതുമൂലം ചട്ടം പ്രാബല്യത്തിൽ വരാൻ കാലതാമസമുണ്ടായി. 01.05.2017 മുതലാണ് 2011ലെ മുനിസിപ്പൽ ചട്ടം പ്രാബല്യത്തിലായത്. എന്നാൽ നാളിതുവരെയും നഗരസഭ പുതുക്കിയ ചട്ടപ്രകാരമുള്ള യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

നഗരസഭാ പരിധിയിൽ യന്ത്ര സാമഗ്രികളുപയോഗിച്ച് പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ ഉണ്ട്. എന്നാൽ ഇവയിൽ നിന്നും മോട്ടോർ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല. ചട്ടം 7 പ്രകാരമുള്ള ലൈസൻസ് ഫീസ് മാത്രമാണ് ഈടാക്കിവരുന്നത്. 2011ലെ കേരളാ മുനിസിപ്പൽ ചട്ടങ്ങളിലെ ചട്ടം 7, പട്ടിക 1,2 എന്നിവ പ്രകാരം നഗരസഭാപരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും അതാതിനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിന് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് ഈടാക്കേണ്ടതും ഓരോ വർഷവും ഫീസ് ഈടാക്കി പുതുക്കി നല്കാവുന്നതുമാണ്. ഇതിനുപുറമേ യന്ത്ര സാമഗ്രികളുപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് 2011ലെ കേരളാ മുനിസിപ്പൽ ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ, പട്ടിക 3 എന്നിവ പ്രകാരം യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ഫീസ് നിശ്ചയിക്കേണ്ടതും ഓരോ വർഷവും ഫീസ് ഈടാക്കി പുതുക്കി നല്കാവുന്നതുമാണ്. എന്നാൽ നഗരസഭാ പരിധിയിലുള്ള യന്ത്രസാമഗ്രികളുപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നൊന്നും മോട്ടോർ ഫീസ് ഈടാക്കുന്നില്ല. പട്ടിക 3 പ്രകാരം, 100 കുതിരശക്തിയിൽ കവിയുന്നതും 200 കുതിരശക്തിയിൽ കവിയാത്തതുമായ യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിന് നിശ്ചയിക്കാവുന്ന കുറഞ്ഞ വാർഷിക ഫീസ് 4500/-

രൂപയും തുടർന്നുള്ള ഓരോ കുതിരശക്തിക്കും 30 രൂപാ വീതം അധിക നിരക്കും ഈടാക്കേണ്ടതാണ്. നഗരസഭയിലെ ഏതാനം വ്യവസായ സ്ഥാപനങ്ങളുടെ അപേക്ഷകൾ മാത്രം പരിശോധിച്ചതിൽ മോട്ടോർ ലൈസൻസ് ഫീസ് ഈടാക്കാത്തതുമൂലം നഗരസഭയ്ക്ക് വലിയ വരുമാന നഷ്ടമാണുണ്ടാകുന്നതെന്ന് വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | വാർഡ്നം/ കെട്ടിടനം | സ്ഥാപനത്തിന്റെ പേര്/ഉടമ | യന്ത്രത്തിന്റെ കുതിര ശക്തി (HP) | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | I/214A | എക്സ്ട്രാവീവ് പ്രൈവറ്റ് ലിമിറ്റഡ്(ഫാക്ടറി ലൈസൻസ് സർട്ടിഫിക്കേറ്റ് പ്രകാരം) | 6526.38 | 22500/- |
| 2 | I/96B | ട്രാവൻകൂർ മാറ്റ്സ് & മാറ്റിംഗ്സ് | 894HP | 6500 |
| 3 | I/206 to 210 | " | 887.06 | 7000 |
| 4 | I/211,217,214B | " | 1112.83HP | 8800 |

മോട്ടോർ ലൈസൻസ് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.41/30.11.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നഗരസഭാപരിധിയിലുള്ള യന്ത്രസാമഗ്രികളുപയോഗിച്ച് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസിനു പുറമേ ഉപയോഗിക്കുന്ന യന്ത്രസാമഗ്രികളുടെ കുതിരശക്തിക്കാനുപാതികമായി മോട്ടോർ ലൈസൻസ് ഫീസ് കൂടി കണക്കാക്കി ഈടാക്കേണ്ടതാണ്.

3. <u>ആവശ്യമായ രേഖകൾ ഇല്ലാതെ ലൈസൻസ് നൽകുന്നു</u>

2018-19 വർഷം ലൈസൻസിനായി അപേക്ഷ സമർപ്പിച്ച ഏതാനം വ്യവസായ സ്ഥാപനങ്ങളുടെ അപേക്ഷകൾ പരിശോധിച്ചതിൽ, അവയോടൊപ്പം ഫാക്ടറി ലൈസൻസ് സർട്ടിഫിക്കറ്റ്, കേരളാ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നോൺ പൊല്യൂഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ ഇല്ലാതെയാണ് നഗരസഭ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളത്.

ഉദാ:-

| കെട്ടിട നം | സ്ഥാപനം/ ഉടമ | ഈടാക്കിയ ലൈസൻസ് ഫീസ് | റിമാർക്സ് |
|---|---|---|---|
| I/206 to 210 | ട്രാവൻകൂർ മാറ്റ്സ് & മാറ്റിംഗ്സ്, ശ്രീ. വി വി പവിത്രൻ | 7000/- | ലൈസൻസിനുള്ള അപേക്ഷ മാത്രമാണ് ഫയലിൽ ഉള്ളത്. മറ്റ് രേഖകൾ ഇല്ല. |
| I/96B | " | 6500/- | അപേക്ഷയും 30.6.18 വരെയുള്ള പൊല്യൂഷൻ സർട്ടിഫിക്കറ്റും മാത്രമാണ് ഫയലിൽ ഉള്ളത്. |
| I/211,214B,217 | " | 8800/- | " |

വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.41/30.11.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അഥവാ കാലാവധി കഴിയാറായ സർട്ടിഫിക്കറ്റുകൾ പുതുക്കി ഹാജരാക്കുവാൻ നിർദ്ദേശം നൽകി മാത്രം ലൈസൻസ് പുതുക്കി നൽകുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

### 1-21 കെട്ടിടനിർമ്മാണ പെർമിറ്റ്- കാലാവധി കഴിഞ്ഞ പെർമിറ്റുകൾ പുതുക്കുകയോ കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല - വസ്തുനികുതി നഷ്ടമാകുന്ന സാഹചര്യം നിലനിൽക്കുന്നു

നഗരസഭ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുള്ള, 2018-19 ൽ പെർമിറ്റ് കാലാവധി അവസാനിച്ച പല കെട്ടിടങ്ങളും പെർമിറ്റ് യഥാസമയം പുതുക്കുകയോ നിർമ്മാണം പൂർത്തിയാക്കുകയോ ചെയ്തിട്ടില്ലാത്തതായി കണ്ടെത്തിയിട്ടുണ്ട്. വിവിധയിനം കെട്ടിടങ്ങളിലായി ഇത്തരം ധാരാളം

അപേക്ഷകൾ തുടർ നടപടികൾ രേഖപ്പെടുത്താതെ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രജിസ്റ്ററിലെ ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കെട്ടിട ത്തിന്റെ സ്വഭാവം | പ്ലിന്ത് ഏരിയ | പെർമിറ്റ് അനുവദിച്ച തീയതി |
|---|---|---|---|---|
| 6 | ബോബി&അലോഷ്യസ്, ബോബി നിവാസ് | താമസം | 240.12 $m^2$ | 21.4.2015 |
| 39 | ജോജോ&അമ്പിളി, പരുത്തിപ്പറമ്പിൽ | എക്സ്റ്റൻഷൻ | 79 $m^2$ | 25.05.2015 |
| 50 | കെ.ജി മോഹൻദാസ്, ആശാസദനം, സി.എം.സി -33 | എക്സ്റ്റൻഷൻ | 52.78 $m^2$ | 12.06.2015 |
| 52 | സെക്രട്ടറി, എക്സ്റേ ഹോസ്പിറ്റൽ (എസ്.എൻ.എം.എം) | ഓഫീസ് | 104.70 $m^2$ | 25.06.2015 |
| 141 | രാജു & ബിന്ദു,കിഴക്കേ മൂന്നാംകര, സി.എം.സി -11 | എക്സ്റ്റൻഷൻ | 296.99 $m^2$ | 22.06.2015 |
| 147 | സംഗീത,കിഴക്കേക്കുറ്റ്,സി.എം.സി-11 | എക്സ്റ്റൻഷൻ | 47.70 $m^2$ | 22/6/2015 |
| 152 | ഫാ.ജോസ് ഇടശ്ശേരി, മുട്ടത്ത് പള്ളിക്കാര്യം | സ്കൂൾ കെട്ടിടം | 377.1 $m^2$ | 7/7/2015 |
| 312 | വി.എം ബിജിമോൻ, വി.അജിമോൻ& കെ.വി ഷിജിമോൻ, കാർത്തിക നിവാസ്, സി.എം.സി -11 | വാണിജ്യം | 314.93 | 29/9/2015 |

വെള്ളം, വൈദ്യുതി കണക്ഷനുകൾ പ്രത്യേകമായി എടുക്കേണ്ട ആവശ്യമില്ലാത്ത കെട്ടിടങ്ങളും, നിലവിലുള്ള കെട്ടിടത്തിന്റെ എക്സ്റ്റെൻഷൻ മുതലായവ എടുക്കുന്ന സന്ദർഭങ്ങളിൽ പ്രത്യേകിച്ചും, കെട്ടിട നിർമ്മാണം പൂർത്തിയായാലും കെട്ടിട നമ്പറിട്ട് ഒക്യുപെൻസി സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്നതിനോ, നികുതി പുതുക്കുന്നതിനോ കെട്ടിട ഉടമ താല്പര്യം കാണിക്കണമെന്നില്ല. അതിനാൽ, പെർമിറ്റ് കാലാവധി കഴിഞ്ഞിട്ടും പെർമിറ്റ് പുതുക്കാതെയോ, ഒക്യുപെൻസിക്ക് അപേക്ഷിക്കാതെയോ ഉള്ള അപേക്ഷകൾ പരിശോധിച്ച്, പ്രസ്തുത കെട്ടിടങ്ങൾ പണിപൂർത്തിയാക്കി അനധികൃതമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് കാലാകാലങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി, അനധികൃതമായി പ്രവർത്തിക്കുന്നവ കണ്ടെത്തി തുടർ നടപടി സ്വീകരിക്കേണ്ടത് നഗരസഭയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ കൃത്യമായ നടത്തിപ്പിനും നഗരസഭയുടെ വരുമാന ചോർച്ച തടയുന്നതിനും അത്യന്താപേക്ഷിതമാണ്.ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം-50 തീയതി 30/11/2020) മറുപടി ലഭ്യമാക്കിയില്ല. കാലാവധി തീർന്നിട്ടും പെർമ്മിറ്റ് പുതുക്കാത്തതും കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്തതുമായ കെട്ടിടങ്ങളുടെ പട്ടിക തയ്യാറാക്കി പരിശോധന നടത്തുന്നതിനും അതുവഴി അനധികൃത കെട്ടിട നിർമ്മാണം തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 കുത്തക ലേലം-കുടിശ്ശിക ഈടാക്കുന്നില്ല

<u>1)ലേലത്തുക പൂർണ്ണമായും അടവാക്കിയിട്ടില്ല</u>

ചേർത്തല നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വിവിധ കുത്തകകളുടെ ലേലം സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ നഗരസഭാ പരിധിയിലുള്ള താഴെപ്പറയുന്ന കുത്തകകളുടെ ലേലം നടത്തിയതിൽ ലേലത്തുക പൂർണ്ണമായി ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>പട്ടിക-1</u>

| ക്രമ | കുത്തക | ലേലം ഏറ്റെടുത്ത | ലേലത്തുക | കുടിശ്ശിക | GST |
|---|---|---|---|---|---|

| നം | | വ്യക്തി | (GST ഒഴികെ) | | |
|---|---|---|---|---|---|
| 1 | പ്രൈവറ്റ് ബസ് സ്റ്റാന്റ്- ടി വി പരസ്യം സംപ്രേഷണം | ശ്രീ.രഞ്ജിത് സ്കറിയ, കാവാലം വീട്, ചേർത്തല | 81000 | 81000 | 14580 |
| 2 | പബ്ലിക് ഹാൾട്ടിംഗ് പ്ലേസ് ഫീസ് പിരിവ് | ശ്രീ.ബോബൻ, കോലോത്തുചിറ, ചേർത്തല തെക്ക് | 186000 | 94000 | 16920 |
| 3 | കംഫർട്ട് സ്റ്റേഷൻ (മുട്ടം മാർക്കറ്റ്) | ശ്രീ. മുരളീധരൻ, പയറ്റുകാട്, മരുത്തോർവട്ടം | 86000 | 39000 | 7020 |
| 4 | കംഫർട്ട് സ്റ്റേഷൻ (താലൂക്ക് ഹോസ്പിറ്റൽ) | ശ്രീ. അരുൺ ബേബി, കുളത്രക്കാട്ട് വെളി | 111000 | 106000 | 19080 |
| 5 | കംഫർട്ട് സ്റ്റേഷൻ (പ്രൈവറ്റ് ബസ് സ്റ്റാൻഡ്) | ശ്രീമതി. ജിഷ, മംഗലത്തുവെളി, കുറുപ്പംകുളങ്ങര | 100000 | 49667 | 8940 |
| ആകെ | | | 564000 | 369667 | 66540 |

പട്ടിക-2

2) മുൻവർഷങ്ങളിലെ ലേലക്കുടിശ്ശിക അടവാക്കിയിട്ടില്ല

| ക്രമനം | കുത്തക | വർഷം | ലേലം ഏറ്റെടുത്ത വ്യക്തി | കുടിശ്ശിക | GST |
|---|---|---|---|---|---|
| 1 | കംഫർട്ട് സ്റ്റേഷൻ (പ്രൈവറ്റ് ബസ് സ്റ്റാൻഡ്) | 2017-18 | ശ്രീമതി.ലീല, നിലയങ്ങാട്ട്, കുറുപ്പംകുളങ്ങര | 69,000/- | 12420 |
| 2 | കംഫർട്ട് സ്റ്റേഷൻ (താലൂക്ക് ആശുപത്രി) | 2017-18 | ശ്രീ. പ്രവീൺ. കെ. പി, കുളത്രക്കാട്, കൊക്കോതമംഗലം | 47000 | 8460 |
| 3 | " | 2016-17 | " | 63166 | 8843 |
| 4 | പബ്ലിക് ഹാൾട്ടിംഗ് പ്ലേസ് | 2017-18 | ശ്രീമതി. മഞ്ജു. എസ്. കുമാർ, W/O സന്തോഷ്കുമാർ, കാർത്തിക, വാരനാട് | 65000 | 11700 |
| 5 | വള്ളക്കടവ് പുറമ്പോക്ക് | 2017-18 | " | 26499 | 4770 |
| 6 | നഗരപരിധിയിലെ പരസ്യം | 2017-18 | ശ്രീ. നടരാജൻ, മഠത്തിവീട് | 114333 | 20580 |
| 7 | ബസ് സ്റ്റാന്റ് ഫീസ് പിരിവ് | 2016-17 | ശ്രീ. നിസാദ്, കണ്ണംപള്ളിവെളി, ചേർത്തല | 63166 | 8843 |
| ആകെ | | | | 448164 | 75616 |

ലേലക്കുടിശ്ശികയുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I) കുടിശ്ശിക വരുത്തിയ വ്യക്തികൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായി ഫയലിൽ കാണുന്നുണ്ടെങ്കിലും തുടർ നടപടികൾ സംബന്ധിച്ച് മറ്റ് വിവരങ്ങളൊന്നും ലഭ്യമല്ല. പട്ടിക 2 ലെ ക്രമ നം 1 ൽ

സൂചിപ്പിച്ചിട്ടുള്ള പ്രൈവറ്റ് ബസ് സ്റ്റാൻഡ് കംഫർട്ട് സ്റ്റേഷൻ 2017-18 ൽ ലേലം കൊണ്ട ശ്രീമതി.ലീല, നിലയങ്ങാട്ട് എന്നയാൾ 12500/- രൂപ ഒടുക്കിയതൊഴിച്ചാൽ മറ്റ് തുടർനടപടികൾ ഒന്നും ഉണ്ടായിട്ടില്ല.

II)പട്ടിക 2 ലെ ക്രമ നം 2,3 എന്നിവയിൽ സൂചിപ്പിച്ചിട്ടുള്ള താലൂക്ക് ആശുപത്രി കംഫർട്ട് സ്റ്റേഷൻ 2016-17,2017-18 വർഷങ്ങളിൽ ലേലം കൊണ്ടിരിക്കുന്നത് ശ്രീ.പ്രവീൺ.കെ.പി,കുളത്രക്കാട്,കൊക്കോതമംഗലം എന്നയാളാണ്. 2016-17 ൽ താലൂക്ക് ആശുപത്രി കംഫർട്ട് സ്റ്റേഷൻ ലേലം കൊണ്ട ടിയാൾ 63166/- രൂപ കുടിശ്ശിക വരുത്തിയിരിക്കെ തുടർന്ന് 2017-18 ലും ടിയാൾക്കു തന്നെയാണ് ആശുപത്രി കംഫർട്ട് സ്റ്റേഷൻ ലേലം അനുവദിച്ച് നൽകിയിട്ടുള്ളത്. ആയത് അംഗീകരിക്കാവുന്നതല്ല.

III) പട്ടിക 2 ലെ ക്രമ നം 6 ൽ സൂചിപ്പിച്ചിട്ടുള്ള നഗരപരിധിയിലെ പരസ്യം പിരിക്കുന്നതിന് 2017-18 ൽ ലേലം കൊണ്ട ശ്രീ.നടരാജൻ.എം.കെ, മഠത്തിൽ വീട്, വയലാർ എന്നയാൾ 114333+20580(ജി.എസ്.ടി) രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിലും ടിയാളിൽ നിന്നും തുക ഈടാക്കുകയോ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

IV) 2018-19 വർഷത്തെ വാർഷിക കണക്കുകളിൽ കുത്തകലേല കുടിശ്ശിക ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.46/30.11.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക തുക പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ലേലത്തിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ലേല രജിസ്റ്ററിൽ ഓരോ സാമ്പത്തിക വർഷവും ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും കുടിശ്ശിക വിവരങ്ങൾ കൃത്യതയോടെ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-23 ലേലം ഉറപ്പിച്ചയാൾക്ക് Pay & Park സ്ഥലം കൈമാറാനായില്ല - നഗരസഭയ്ക്ക് 2,76,000/-രൂപ നഷ്ടമായി

2018-19 വർഷത്തെ കുത്തക ലേലത്തിൽ, റെയിൽവേ സ്റ്റേഷന് മുൻവശത്തെ നഗരസഭവക മിനി ബസ് സ്റ്റാന്റിൽ Pay & Park നടത്തിപ്പ് 276000+49680 (GST) രൂപയ്ക്ക് കുത്തകലേലത്തിലെടുത്ത ശ്രീ.ശ്രീധർ, ശ്രീനിവാസ്, എരുവ, കായംകുളം എന്നയാൾ ലേലതുകയുടെ 1/3 തുകയായ 92000+16560(GST) രൂപ നഗരസഭയിൽ ഒടുക്കിയിരുന്നു. (14.03.2018ൽ നടന്ന പുനർലേലം, 31.03.18ലെ 3-ാം നമ്പർ കൗൺസിൽ തീരുമാനം). എന്നാൽ ടി സ്ഥലത്തെ തടസ്സങ്ങൾ നീക്കം ചെയ്ത് Pay & Park നടത്തിപ്പ് ആരംഭിക്കാനാവാത്തതുമൂലം ടിയാൻ നഗരസഭയിൽ ഒടുക്കിയ തുക (ജി.എസ്.ടി. ഒഴികെ) തിരികെ നൽകിയത് നഗരസഭയ്ക്ക് 2,76,000/- രൂപയുടെ നഷ്ടമുണ്ടാക്കി.

കുത്തകലേലം സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ, 2018-19 വർഷത്തെ കുത്തകലേലം നടപടികൾ ആരംഭിച്ച സമയത്ത് ലേലത്തിന് മുൻപായി (നഗരസഭവക വിവിധ കംഫർട്ട് സ്റ്റേഷനുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും) Pay & Park നടത്തേണ്ട സ്ഥലത്ത് നിലവിലുള്ള തടസ്സങ്ങൾ നീക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നഗരസഭാ സെക്രട്ടറി 12.2.18ന് മുനിസിപ്പൽ എഞ്ചിനീയർക്ക് കുറിപ്പ് നൽകിയിരുന്നു. ഇത് പ്രകാരം മുനിസിപ്പൽ എഞ്ചിനീയർ നടപടികളൊന്നും സ്വീകരിച്ചില്ല. സെക്രട്ടറി നേരിൽ നിർദ്ദേശം നല്കുകയും, 28.2.18 31.3.18, 21.5.18 തീയതികളിൽ ഓർമ്മക്കുറിപ്പുകൾ നൽകിയിട്ടുള്ളതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലേലം ഉറപ്പിച്ച് 3 മാസങ്ങൾ പിന്നിട്ടിട്ടും ടി സ്ഥലത്തെ തടസ്സങ്ങൾ നീക്കം ചെയ്ത് Pay & Park നടത്തിപ്പ് തുടങ്ങാനാവാത്തതുമൂലം കുത്തക ലേലം കൊണ്ട ശ്രീ.ശ്രീധർ, ടിയാൻ അടച്ച തുക പലിശ സഹിതം തിരികെ കിട്ടുന്നതിനായി 22.05.2018 ൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ, പേയ് & പാർക്കിലെ തടസ്സങ്ങൾ ഒരാഴ്ചയ്ക്കകം നീക്കി പ്രവർത്തനസജ്ജമാക്കണമെന്ന് നിർദ്ദേശിച്ച് ടിയാൻ സമർപ്പിച്ച അപേക്ഷയുടെ പകർപ്പ് സഹിതം 26.05.18ൽ സെക്രട്ടറി വീണ്ടും മുൻസിപ്പൽ എഞ്ചീനീയർക്ക് ഓർമ്മക്കുറിപ്പായി കത്ത് നൽകിയിട്ടുള്ളതുമാണ്.

ബഹു.നഗരസഭാ കൗൺസിലിന്റെ 11.06.19 ലെ 1-ാം തീരുമാനപ്രകാരം പേയ് & പാർക്ക് ലേലത്തിൽ പിടിച്ച ശ്രീ.ശ്രീധർ അടച്ച തുകയിൽ, ഗവൺമെന്റിലേക്കടച്ച ജി.എസ്.ടി ഒഴിവാക്കി ബാക്കി തുകയായ 92000/-രൂപ തിരികെ നൽകുന്നതിന് അനുമതി നൽകുകയും ലേല നടപടികളിലൂടെ നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന തുക, വരുമാനനഷ്ടത്തിന് കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും പലിശ സഹിതം ഈടാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതു പ്രകാരം കുത്തകക്കാരന് 15.6.18 ൽ 92000/- രൂപ തിരികെ നൽകി. എന്നാൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ കൗൺസിൽ നിർദ്ദേശാനുസരണമുള്ള നടപടികളൊന്നും സ്വീകരിച്ചില്ല. മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.47/30.11.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നിരവധി തവണ സെക്രട്ടറി ആവശ്യപ്പെട്ടിട്ടും

പേയ് & പാർക്കിലെ തടസ്സങ്ങൾ നീക്കി പ്രവർത്തനസജ്ജമാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്യാതെ തികച്ചും നിരുത്തരവാദപരമായി പേരുമാറിയ മരാമത്ത് വിഭാഗം നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുത്തുകയാണുണ്ടായത്. മരാമത്ത് വിഭാഗം നടപടികളൊന്നും സ്വീകരിക്കാതിരുന്നിട്ടും തുടർനടപടികൾ സ്വീകരിക്കാതിരുന്ന സെക്രട്ടറിക്കും നഗരസഭയുടെ നഷ്ടത്തിന് തുല്യമായ ഉത്തരവാദിത്തമുണ്ട്. ആയതിനാൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടത്തിന് കാരണക്കാരായ സെക്രട്ടറി, മുനിസിപ്പൽ എൻജിനീയർ എന്നിവരിൽ നിന്നും നഗരസഭയ്ക്ക് നഷ്ടമായ തുക 2,76,000+49680(ജി.എസ്.ടി) രൂപ പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 കെട്ടിട വാടക – കുടിശിക ഈടാക്കേണ്ടതാണ്

ചേർത്തല നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വാടക സംബന്ധിച്ച വരവുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലെക്സ്/കെട്ടിടങ്ങളിലെ താഴെചേർക്കുന്ന മുറികളുടെ വാടക ഈടാക്കിയതിൽ കുടിശ്ശിക നിലനിൽക്കുന്നു.

| ക്രമ നം. | കെട്ടിടം | കടമുറി നം. | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | വാടക ഒടുക്ക് |
|---|---|---|---|---|---|
| 1 | മിനി ഷോപ്പിംഗ് കോംപ്ലെക്സ്, പടയണിപാലം പടിഞ്ഞാറ് | 9 | ബിജുമോൻ, മണ്ണാപറമ്പിൽ | 2751/- | 9/18 വരെ |
| 2 | മുട്ടം മാർക്കറ്റ് പുതിയ ഷോപ്പിംഗ് കോംപ്ലെക്സ് | 7 | വർക്കി ജോസഫ്, ചെത്തിക്കാട്ട് വെളി | 1915 | 11/18 വരെ |
| 3 | ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലെക്സ് | 5 | വിജയ സാജു, വിജയനിവാസ് | 3474 | 8/18 വരെ |
| 4 | ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലെക്സ് | 17 | സെക്രട്ടറി, ചേർത്തല താലൂക്ക് പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് വെൽഫയർ സൊസൈറ്റി | 704/- | 10/14 വരെ |
| 5 | ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലെക്സ് | 18 | സെക്രട്ടറി, ചേർത്തല താലൂക്ക് പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ | 704 | 10/18 വരെ |
| 6 | ഇരുമ്പ് പാലം ഷോപ്പിംഗ് കോംപ്ലെക്സ് | 9 | ബാബു നാരായണൻ, പുത്തൻകരി | 1012/- | 8/16വരെ |
| 7 | ഗാന്ധിബസാർ ഷോപ്പിംഗ് കോംപ്ലെക്സ് | 11 | ആബിദ | 1783/- | 8/18 വരെ |
| 8 | ഗാന്ധിബസാർ ഷോപ്പിംഗ് കോംപ്ലെക്സ് | 12 | സമീർ,ആലുങ്കൽവെളി | 1783 | 2/19വരെ |
| 9 | ഗാന്ധിബസാർ ഷോപ്പിംഗ് | 41 | എം. എൽ. എ. ഓഫീസ് | 891/- | 5/17വരെ |

| | | | | | |
|---|---|---|---|---|---|
| | കോംപ്ലെക്സ് | | | | |
| 10 | ഗാന്ധിബസാർ ഷോപ്പിംഗ് കോംപ്ലെക്സ് | 45 | വിലാസിനി, പുതുവൽനികർത്ത് | 2598/- | 12/18വരെ |
| 11 | ലോഡ്ജ് ഷോപ്പിംഗ് കോംപ്ലെക്സ്-പാർട് ഓഫ് ലോഡ്ജ്& നീതി മെഡിക്കൽസ് | 1 | ടി.അജയകുമാർ | 290/- | 6/2018 വരെ |
| 12 | ലോഡ്ജ് ഷോപ്പിംഗ് കോംപ്ലെക്സ്-പാർട് ഓഫ് ലോഡ്ജ്& നീതി മെഡിക്കൽസ് | 2 | എം.സന്തോഷ് കുമാർ, കാർത്തിക | 362/- | 9/12 വരെ |
| 13 | ലോഡ്ജ് ഷോപ്പിംഗ് കോംപ്ലെക്സ് | 7 | ജോളി. ആർ, കാഞ്ഞിരത്തിനാൽ | 725/- | 2/19വരെ |
| 14 | ദേവീ ക്ഷേത്രത്തിന് എതിർവശത്തുള്ള ഷോപ്പിംഗ് കോംപ്ലെക്സ്-ground floor-new room | 3 | വിഷ്ണു ഗോപിനാഥ്, ഗോപിനാഥ് ഭവൻ | 1633/- | 2/19വരെ |
| 15 | ദേവീ ക്ഷേത്രത്തിന് എതിർവശത്തുള്ള ഷോപ്പിംഗ് കോംപ്ലെക്സ്-ground floor-new room | 7 | ദേശാഭിമാനി | 1952/- | 5/18 വരെ |
| 16 | ദേവീ ക്ഷേത്രത്തിന് എതിർവശത്തുള്ള ഷോപ്പിംഗ് കോംപ്ലെക്സ്-ground floor-new room | 8 | കേരളകൗമുദി | 1534/- | 11/16 വരെ |
| 17 | ദേവീ ക്ഷേത്രത്തിന് എതിർവശത്തുള്ള ഷോപ്പിംഗ് കോംപ്ലെക്സ് Second Floor | 1 | ഷാജിമോൻ | 3161 | 1/18 വരെ |
| 18 | ദേവീ ക്ഷേത്രത്തിന് എതിർവശത്തുള്ള ഷോപ്പിംഗ് കോംപ്ലെക്സ് Second Floor | 7 | മാതൃഭൂമി | 2626/- | 2/19 വരെ |
| 19 | ദേവീ ക്ഷേത്രത്തിന് എതിർവശത്തുള്ള ഷോപ്പിംഗ് കോംപ്ലെക്സ് Stair room | 3 | രജനി, ചെട്ടുപറമ്പ് വീട് | 790/- | 3/17 വരെ |
| 20 | ദേവീ ക്ഷേത്രത്തിന് എതിർവശത്തുള്ള | 508/Z | ശശി, പോംപോഴിച്ചിറ, (വേലൻമഹാസഭ) | 723/- | 3/13 വരെ |

| | | | | | |
|---|---|---|---|---|---|
| | ഷോപ്പിംഗ് കോംപ്ലെക്സ് Stair room | | | | |
| 21 | ടാക്സി സ്റ്റാൻറ് - ഷോപ്പിംഗ് കോംപ്ലെക്സ്(ന്യൂ) | 11 A | രഘുകുമാർ, പുന്നവേലിച്ചിറയിൽ | 3492/- | 2/19 വരെ |
| 22 | ടാക്സി സ്റ്റാൻറ് - ഷോപ്പിംഗ് കോംപ്ലെക്സ്(ന്യൂ) | 11 C | വിനോദ്.വി,ഗീതാഞ്ജലി | 3492/- | 2/19 വരെ |
| 23 | ടാക്സി സ്റ്റാൻറ് - ഷോപ്പിംഗ് കോംപ്ലെക്സ്(ന്യൂ) | II/J | കെ പി ഗിരീഷ് കുമാർ | 3492/- | എന്ന് വരെ അടവാക്കി എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല |
| 24 | പടയണിപ്പാലം തെക്ക് /കിഴക്ക് ഷോപ്പിംഗ് കോംപ്ലെക്സ് | 8 | സോമൻ, ഇഞ്ചപ്പറമ്പ് | 1794/- | 12/18 വരെ |
| 25 | ടാക്സി സ്റ്റാൻറ് - 1 | 3 | സി.എൻ.പ്രസന്നകുമാർ | 1158/- | 6/18 വരെ |
| 26 | ടാക്സി സ്റ്റാൻറ് -1 | 10 | സെക്രട്ടറി, അർത്തുങ്കൽ ഒറ്റമശ്ശേരി ഫിഷർമെൻ ഡെവലപ്മെൻ്റ് & വെൽഫയർ സൊസൈറ്റി | 918/- | 5/18 വരെ |
| 27 | ബങ്ക് | 1 | രാജൻ, നെട്ടുമ്പ്രക്കാട് | 1900/- | 12/14 വരെ |
| 28 | ബങ്ക് | 2 | അപ്പുക്കുട്ടൻ, പൂവത്തുചിറ, നെട്ടുമ്പ്രക്കാട് | 1900/- | 11/14 വരെ |
| 29 | ബങ്ക് | 3 | കൃഷ്ണൻ, വില്ലേജ് ഓഫീസിന് സമീപം | 1165/- | 5/14 വരെ |
| 30 | ബങ്ക് | 4 | ദിനേശൻ, ഇരുമ്പുപാലം | 1900/- | 9/11 വരെ |
| 31 | ബങ്ക് | 7 | പൈലോച്ചൻ | 1900/- | 6/14 വരെ |
| 32 | ബങ്ക് | 8 | കെ.ഡി.ബാബു | 1900/- | 12/13 വരെ |
| 33 | ബങ്ക് | 12 | നിധി.എസ്, നിധി നിവാസ് | 1900/- | 3/15 വരെ |
| 34 | ബങ്ക് | 14 | എ.പി.ജെയിംസ് | 1900/- | 8/16 വരെ |
| 35 | ബങ്ക് | 37 | ബിജുമോൻ,വാഴേക്കണ്ടംവെളി | 1900/- | 11/14 വരെ |
| 36 | ബങ്ക് | 44 | ലളിത, സ്മിതാലയം | 1900/- | 7/14 വരെ |
| 37 | ബങ്ക് | 46 | റെജി | 1750/- | 11/16 വരെ |
| 38 | ബങ്ക് | 49 | ദയാലൻ | 1900/- | 10/13 വരെ |
| 39 | ബങ്ക് | 50 | പുഷ്കരൻ | 1900/- | 11/13 വരെ |
| 40 | ബങ്ക് | 51 | നസീർ | 1900/- | 3/15 വരെ |
| 41 | ബങ്ക് | 52 | തനൂജ ഹരിലാൽ | 1900/- | 1/14 വരെ |
| 42 | ബങ്ക് | 53 | ബിജിലാൽ | 1900/- | 6/14 വരെ |
| 43 | ബങ്ക് | 54 | എം.കെ.മോഹൻദാസ് | 1900/- | 8/12 വരെ |

| | | | | | |
|---|---|---|---|---|---|
| 44 | ബങ്ക് | 56 | രതി.എം.എം | 1900/- | 4/14 വരെ |
| 45 | ബങ്ക് | 60 | ശശികുമാർ | 1900/- | 10/17 വരെ |
| 46 | ബങ്ക് | 61 | ടി.എസ്.മനോജ് | 1600/- | 2/19 വരെ |
| 47 | ബങ്ക് | 62 | ദീപുമോൻ | 1900/- | 3/16 വരെ |
| 48 | ബങ്ക് | 63 | വേണു | 1450/- | 7/16 വരെ |
| 49 | ബങ്ക് | 64 | എം.ബി.അനസ് | 1450/- | 10/14 വരെ |
| 50 | ബങ്ക് | 71 | മഹേഷ് കുമാർ, ചെറുകണ്ണംപള്ളി | 970/- | 3/18 വരെ |
| 51 | ബങ്ക് | 74 | സുദർശനൻ, തച്ചോട്ടിൽ | 1675/- | 3/14 വരെ |
| 52 | ബങ്ക് | 75 | കുമാർ | 1675/- | 3/13 വരെ |
| 53 | ബങ്ക് | 80 | കെ.കാർത്തികേയൻ,അശ്വതി | 1450/- | 2/14 വരെ |
| 54 | ബങ്ക് | 81 | വിനോദ്,മറ്റത്തിൽ | 1900/- | 12/16 വരെ |
| 55 | ബങ്ക് | 85 | ടി.എം.ദാസൻ | 1900/- | 6/15 വരെ |
| 56 | ബങ്ക് | 86 | സുരേഷ് വെള്ളാരപ്പള്ളിൽ | 1900/- | 3/13 വരെ |
| 57 | ബങ്ക് - താലൂക്ക് ആശുപത്രിക്ക് സമീപം | 2 | തിലകൻ | 585/- | 9/17 വരെ |
| 58 | ബങ്ക് - താലൂക്ക് ആശുപത്രിക്ക് സമീപം | 4 | ചന്ദ്രബോസ് | 750/- | 2/17 വരെ |
| 59 | ബങ്ക് - താലൂക്ക് ആശുപത്രിക്ക് സമീപം | 8 | സതിയപ്പൻ | 200/- | 6/18 വരെ |
| 60 | ബങ്ക് - താലൂക്ക് ആശുപത്രിക്ക് സമീപം | 17 | ലിസി | 300/- | 4/13 വരെ |
| 61 | വഴിയോരകച്ചവടക്കാർ | 3 | എം.കെ.മുഹമ്മദ് | 250/- | 6/11 വരെ |
| 62 | വഴിയോരകച്ചവടക്കാർ | 6 | ടി.എം.ദാസൻ | 250/- | 4/11 വരെ |
| 63 | വഴിയോരകച്ചവടക്കാർ | 8 | ഷാഹുദ്ദീൻ | 250/- | 9/13 വരെ |
| 64 | വഴിയോരകച്ചവടക്കാർ | 9 | ഷമീർ | 250/- | 3/15 വരെ |

വർഷാവസാനം രജിസ്റ്ററിൽ ഡി.സി.ബി. തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇപ്രകാരം ഡി.സി.ബി. തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ചില വാടകക്കാർ വർഷങ്ങളായി വാടകയിൽ കുടിശ്ശിക വരുത്തിയിട്ടുള്ളതിനാലും വാടക ഇനത്തിലെ നഷ്ടം കൃത്യമായി നിർണ്ണയിക്കുവാൻ സാധിച്ചിട്ടില്ല.

വാടക കുടിശ്ശിക ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും കുടിശ്ശിക ഒടുക്കിയിട്ടില്ലാത്ത വാടകക്കാരിൽ നിന്നും തുക ഈടാക്കുന്നതിനായി സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാനാവശ്യപ്പെട്ടുള്ള ഓഡിറ്റന്വേഷണ കുറിപ്പിന് (നം.48/1.12.2020), മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക വരുത്തിയവർക്ക് നോട്ടീസ് നൽകി, വാടക കുടിശ്ശിക പൂർണ്ണമായി ഈടാക്കുന്നതിനാവശ്യമായ അനന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്. കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

2. നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ്/കെട്ടിടങ്ങളിലെ നിരവധി മുറികൾ ദീർഘകാലമായി ഒഴിഞ്ഞു കിടക്കുന്നു. ആയവ പല തവണ ലേലം നടത്തിയെങ്കിലും ആരും ഏറ്റെടുക്കാൻ തയ്യാറായിട്ടില്ല. ഒഴിഞ്ഞു കിടക്കുന്ന

മുറികളിൽ എന്തെങ്കിലും അറ്റകുറ്റപ്പണികൾ ഉണ്ടെങ്കിൽ പൂർത്തീകരിച്ച് ടി മുറികൾ പുനർലേലം നടത്തി നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാടക ഒടുക്കാതെ വർഷങ്ങളായി പ്രവർത്തിച്ച് വരുന്ന ബങ്കുകളിൽ നിന്നും, വഴിയോരക്കച്ചവടക്കാരിൽ നിന്നും വാടക ഈടാക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക ഈടാക്കേണ്ടതുമാണ്.

## 1-25 ഇ-ടെണ്ടർ ഫീസിനത്തിലെ തുക തനതുഫണ്ടിൽ അടയ്ക്കേണ്ടതാണ്

8/9/13-ലെ ജി.ഒ (എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും തദ്ദേശസ്ഥാപനത്തിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2018-19 സാമ്പത്തിക വർഷത്തെ മിക്ക മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ്, റീ-ടെണ്ടറിംഗ് എന്നിവ ഇ-സബ്മിഷൻ ടെണ്ടർ സംവിധാനത്തിലൂടെയാണ് നഗരസഭ നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുക എൽ.എസ്.ജി.ഡി. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക നാളിതുവരെയായിട്ടും നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. തുക തനതുഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പുതുക്കി നിശ്ചയിച്ച നിരക്കിൽ ഈടാക്കുന്നില്ല

സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് ജി.ഒ.(പി)149/2016/ധന/04.10.2016 പ്രകാരം 01.01.2017 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഈടാക്കുന്നില്ല.

| ക്രമ നം. | പേര് | അടയ്ക്കുന്നതുക | അടയ്ക്കേണ്ട തുക | കുറവ് |
|---|---|---|---|---|
| 1 | രാജശ്രീ.എസ്, Jr.ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്I (BP-33100) | 230 | 300 | 70 |
| 2 | ഷൈന.എസ്,ക്ലർക്ക് (BP-26500/-) | 225 | 300 | 75 |
| 3 | ബിജിമോൾ.ബി, ഓഫീസ് അറ്റൻഡന്റ് (BP-20550/-) | 225 | 300 | 75 |
| 4 | എം.മാത്യു,ക്ലർക്ക് (BP-32300/-) | 225 | 300 | 75 |
| 5 | വൈ.ഷാജഹാൻ,ക്ലർക്ക് (BP-22200) | 250 | 300 | 50 |
| 6 | അജീഷ്.ഇ.എച്ച്,ഡ്രൈവർ (BP-21100) | 250 | 300 | 50 |
| 7 | റ്റി.കൃഷ്ണദാസ് ,ക്ലർക്ക് (BP-22200) | 250 | 300 | 50 |
| 8 | യു.കെ.ഷാജിത കൃഷ്ണൻ, റവന്യൂ സൂപ്രണ്ട് | 175 | 500 | 325 |

| | | | | |
|---|---|---|---|---|
| | (BP-39500/-) | | | |
| 9 | ബി.സുധൻ,<br>റവന്യൂ ഇൻസ്പെക്ടർ<br>(BP- 35700/-) | 225 | 500 | 275 |
| 10 | ശ്രീകുമാർ.പി.എസ്,<br>റവന്യൂ ഇൻസ്പെക്ടർ<br>(BP-33900) | 225 | 300 | 75 |
| 11 | മഹേഷ്.എം,<br>സീനിയർ ക്ലർക്ക്<br>(BP-29900/-) | 0 | 300 | 300 |
| 12 | ലിബിൻ ജോസഫ്,<br>സീനിയർ ക്ലർക്ക്<br>(BP-25850/-) | 250 | 300 | 50 |
| 13 | ആർ.ഉദയകുമാർ,<br>UD ടൈപ്പിസ്റ്റ്.<br>(BP-34800/-) | 250 | 300 | 50 |
| 14 | പി.എസ്.ഹാരിസ്,<br>സീനിയർ ക്ലർക്ക്<br>(BP-33100) | 230 | 300 | 70 |
| 15 | അനിത.എം.വി,<br>സീനിയർ ക്ലർക്ക്<br>(BP-32300) | 250 | 300 | 50 |
| 16 | k.s.സൗമ്യ,<br>സീനിയർ ക്ലർക്ക്<br>(BP-26500/-) | 225 | 300 | 75 |
| 17 | നിഷ.റ്റി,ജൂ.പബ്ലിക് ഹെൽത്ത് നേഴ്സ്<br>(BP-33900) | 225 | 300 | 75 |
| 18 | എം.സെബാസ്റ്റയൻ,<br>ഓഫീസ് അറ്റൻഡന്റ്<br>(BP-34800/-) | 225 | 300 | 75 |
| 19 | ബിജി.എൻ.വി,<br>ബിൽ കളക്ടർ,(BP_25850) | 250 | 300 | 50 |
| 20 | M.U.അജിത്ത്,<br>(BP-20550/-) | 225 | 300 | 75 |
| 21 | പി.എസ്.പ്രമോദ്,<br>(BP-30700/-) | 225 | 300 | 75 |
| 22 | ഷിബി.ബി,സാനിട്ടേഷൻ | 225 | 300 | 75 |

| | | | | |
|---|---|---|---|---|
| | വർക്കർ (BP-20550/-) | | | |
| 23 | വർഗ്ഗീസ്.ഡി, സാനിട്ടേഷൻ വർക്കർ (BP-20550/-) | 225 | 300 | 75 |
| 24 | p.s.ഷൈല, സാനിട്ടേഷൻ വർക്കർ (BP-19000/-) | 0 | 300 | 300 |
| 25 | ആർ.ഉഷ, സാനിട്ടേഷൻ വർക്കർ (BP-19000/-) | 0 | 300 | 300 |

മുഴുവൻ ജീവനക്കാരുടേയും SLI പോളിസി പുതുക്കിയ നിരക്കിൽ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 വളരെ പഴയ കാലയളവുകളിലെ ബില്ലുകൾ പ്രകാരം തുക ചെലവഴിച്ചു

തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ വൗച്ചർ നം.35-8/18 പ്രകാരം 15746/-രൂപ നൽകിയിരിക്കുന്നതിൽ എല്ലാ ബില്ലുകളും 2015-16, 2016-17 സാമ്പത്തിക വർഷത്തെ ബില്ലുകളാണ് (സ്റ്റേഷനറി).

| സ്ഥാപനം | തീയതി | തുക |
|---|---|---|
| A2Z ഏജൻസീസ് | 23.10.16 | 895 |
| ” | ” | 2670/- |
| ഷാലിമാർ ഇലക്ട്രിക്കൽസ് | 03.02.17 | 2716/- |
| പൊന്നൂസ് ഗ്രാഫിക്സ് | 12.01.16 | 250/- |
| പോളി പ്ലൈവുഡ് | 03.02.17 | 2900/- |
| ജോസ് എക്സലന്റ് | 15.02.17 | 480/- |
| SASIKA എഞ്ചിനീയറിംഗ് വർക്ക്സ്. | 23.10.16 | 1250/- |
| ഷാലിമാർ ഇലക്ട്രിക്കൽസ് | 11.11.16 | 110/- |
| ഷാലിമാർ ഇലക്ട്രിക്കൽസ് | 04.11.16 | 2759/- |
| ആകെ | | 14,030/- |

ഈ രീതിയിൽ പഴയ ബില്ലുകൾ മുൻ വർഷങ്ങളിൽ ഉൾപ്പെടുത്താതിരുന്നതിൽ വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ബില്ലുകൾ യഥാസമയം പാസാക്കി പണമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ഡെപ്പോസിറ്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

വിവിധ വർക്കുകളുടെ നിരതദ്രവ്യം, സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ എന്നിവ സ്വീകരിക്കുന്നുണ്ടെങ്കിലും ഇവ സംബന്ധിച്ച രജിസ്റ്ററുകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടപ്പോൾ, ജവഹർലാൽ നെഹ്റു ഷോപ്പിംഗ് കോംപ്ലക്സിന് മാത്രമായി ഒരു ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുള്ളൂ എന്ന് മറുപടി നൽകുകയുണ്ടായി. എന്നാൽ ഈ രജിസ്റ്ററിൽ 11/2018 മുതലുള്ള വിവരങ്ങൾ മാത്രമാണുള്ളത്. പഴയ വർഷങ്ങളിലെ ഡെപ്പോസിറ്റുകളെക്കുറിച്ചുള്ള യാതൊരു വിവരങ്ങളും ലഭ്യമല്ല. മുൻകാല ഡെപ്പോസിറ്റുകൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററുകൾ ഉണ്ടെങ്കിൽ ആയത് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ഡെപ്പോസിറ്റുകൾ റീഫണ്ട് നടത്തുന്നതിലുൾപ്പെടെ ഗുരുതരമായ പ്രശ്നങ്ങൾക്ക് ഇത് കാരണമാവാം. അതിനാൽ ഡെപ്പോസിറ്റ് രജിസ്റ്ററുകൾ നിർബന്ധമായും സൂക്ഷിക്കേണ്ടതും കാലികമാക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-29 വിവാഹ ആവശ്യങ്ങൾക്ക് നൽകിയ വായ്പ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നു

.

2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ചതിൽ ബാലൻസ് ഷീറ്റ് B-18 പ്രകാരം വിവാഹ വായ്പ ഇനത്തിൽ 79,394/-രൂപ ലഭിക്കാനുണ്ട്. എന്നാൽ വിവാഹ വായ്പ കുടിശ്ശിക തിരിച്ചടവ് രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തിരിച്ചടവ് സമയബന്ധിതമായി ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിലും വീഴ്ച വരുന്നു. ശ്രീമതി.ഷക്കീല.എസ്, കണ്ടിജന്റ് വർക്കർ 2018-19 സാമ്പത്തിക വർഷം 50,000/- രൂപ വായ്പ എടുത്തിരുന്നു. (22.06.2017-ലെ സ.ഉ(അച്ചടി) നം.83/2017/ധന. ഉത്തരവ് പ്രകാരം വൗച്ചർ നം.88-4/18 തീയതി, 25.4.18) ജൂൺ 2018 മുതൽ തിരിച്ചടവ് തുടങ്ങേണ്ടതായിരുന്നെങ്കിലും തിരിച്ചടവ് തുടങ്ങിയത് 2020 സെപ്റ്റംബർ മുതലാണ്. 4000/- രൂപ ശമ്പളത്തിൽ നിന്നും അടവാക്കിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കി അടയ്ക്കുവാനുള്ള തുക പലിശ സഹിതം ഈടാക്കി വിവരം അറിയിക്കുന്നതിനും മുൻ വർഷങ്ങളിൽ വായ്പ നൽകിയ ജീവനക്കാരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടും ഓഡിറ്റ് എൻക്വയറി (നം. 36/27.11.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ശ്രീ.വർഗ്ഗീസ്.D. സാനിട്ടേഷൻ വർക്കറിനു അനുവദിച്ച 50,000/-രൂപ വായ്പയിൽ, 6% പലിശയടക്കം അടയ്ക്കേണ്ടതായിരുന്നു. എന്നാൽ ടി വ്യക്തി മുതൽ തുകയായ 50,000/- രൂപ മാത്രമേ അടച്ചിട്ടുള്ളൂ. പലിശ അടച്ചിട്ടില്ല. ബാക്കി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തിരിച്ചടവ് പൂർത്തിയാക്കാത്ത മുഴുവൻ ജീവനക്കാരുടെയും വിവരങ്ങൾ രേഖപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നതിനും തിരിച്ചടവ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 ഫെസ്റ്റിവൽ അഡ്വാൻസ് തിരിച്ചടവ് സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല

2018-19 സാമ്പത്തിക വർഷം റെഗുലർ സ്റ്റാഫിന് വൗച്ചർ നം.68-08/18,23.8.18 പ്രകാരം 2,40,000/-രൂപയും, കണ്ടിജന്റ് ജീവനക്കാർക്ക് വൗച്ചർ നം.70-08/18, 23.8.18 പ്രകാരം 3,45,000/- രൂപയും തനതുഫണ്ടിൽ നിന്നും ഫെസ്റ്റിവൽ അഡ്വാൻസായി നൽകിയിട്ടുണ്ട്. 2018-19 വാർഷികകണക്കിലെ ബാലൻസ് ഷീറ്റ് ബി-18 പ്രകാരം ജീവനക്കാരുടെ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 2,20,780/- രൂപ നഗരസഭയ്ക്ക് തിരികെ ലഭിക്കാനുണ്ട്. തുക തിരികെ അടയ്ക്കുവാനുള്ള ജീവനക്കാരുടെ വിവരങ്ങളും തുക സംബന്ധിച്ച വിവരങ്ങളും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 37/27.11.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 2017-18 ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടെ ഓണം അഡ്വാൻസ് തിരിച്ചടവ് കൃത്യമായി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങളും ഓണം അഡ്വാൻസ് രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ സൂക്ഷിക്കുന്നതിനും നിർദ്ദേശം നൽകിയെങ്കിലും 2018-19 സാമ്പത്തിക വർഷവും രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മാത്രമല്ല മുൻവർഷങ്ങളിലെ കുടിശ്ശിക തുക പൂർണ്ണമായും ഈടാക്കിയിട്ടുമില്ല. ഓണം അഡ്വാൻസ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഈടാക്കേണ്ട അഡ്വാൻസ് സംബന്ധിച്ച വിവരങ്ങൾ കൃത്യമാക്കേണ്ടതുമാണ്.

## 1-31 പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് വരവ് വയ്ക്കേണ്ടതാണ്

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ പ്രകാരം പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ഓരോ നഗരസഭ ജീവനക്കാരുടെയും പ്രതിമാസ മൊത്തം വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് വരവ് വയ്ക്കേണ്ടതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 8(1) അനുസരിച്ച് എല്ലാ മാസവും 15-ാം തീയതിയ്ക്കകം പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതാണ്. 2018-19 വർഷം നഗരസഭ ഫണ്ടിൽ നിന്നും സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് ഓരോ മാസവും അടവാക്കേണ്ട തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| മാസം | അടവാക്കേണ്ട തുക | സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കിയതിന്റെ വിവരം |
|---|---|---|
| 04/18 | 236059 | അടവാക്കിയിട്ടില്ല |
| 05/18 | 239873 | അടവാക്കിയിട്ടില്ല |
| 06/18 | 240888 | അടവാക്കിയിട്ടില്ല |
| 07/18 | 227021 | അടവാക്കിയിട്ടില്ല |
| 08/18 | 223436 | അടവാക്കിയിട്ടില്ല |
| 09/18 | 263212 | അടവാക്കിയിട്ടില്ല |
| 10/18 | 223258 | അടവാക്കിയിട്ടില്ല |
| 11/18 | 279002 | അടവാക്കിയിട്ടില്ല |
| 12/18 | 236506 | അടവാക്കിയിട്ടില്ല |
| | | |

| | | |
|---|---|---|
| 01/19 | 238457 | അടവാക്കിയിട്ടില്ല |
| 02/19 | 209457 | അടവാക്കിയിട്ടില്ല |
| 03/19 | 231961 | അടവാക്കിയിട്ടില്ല |
| ആകെ | 2309107 | |

2018-19 വർഷം പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 2309107/- രൂപ സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കാനുള്ളതാണ്. നഗരസഭയുടെ സാമ്പത്തിക പരിമിതി മൂലമാണ് നഗരസഭാ ജീവനക്കാരുടെ പെൻഷൻ വിഹിതമിനത്തിലുള്ള തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കാൻ സാധിക്കാതിരുന്നത് എന്നാണ് എൻക്വയറിക്ക് മറുപടി നൽകിയത്. പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ നഗരകാര്യ ഡയറക്ടറേറ്റിൽ അടയ്ക്കുവാനുള്ള തുക കുറവു ചെയ്താണ് നഗരസഭയ്ക്കുള്ള പെൻഷൻ ഫണ്ട് അനുവദിക്കുന്നത്. ജീവനക്കാരുടെ പെൻഷൻ വിഹിതം എല്ലാ മാസവും 15-ാം തീയതിയ്ക്കകം സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-32 നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും, അലവൻസുകളും, പെൻഷൻ വിഹിതവും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേയ്ക്ക് അടവാക്കിയിട്ടില്ല

1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3), കേരളാ സർവ്വീസ് റൂൾസ് പാർട്ട് 1 റൂൾ 146 എന്നിവ പ്രകാരം സെക്രട്ടറി ഒരു സർക്കാർ ഉദ്യോഗസ്ഥനെന്ന നിലയിൽ ശമ്പളവും അലവൻസുകളും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് പിൻവലിക്കേണ്ടതും ടിയാന്റെ സേവനം നഗരസഭയ്ക്കായി വിട്ടുനൽകിയിട്ടുള്ളതിനാൽ തുടർന്ന് പ്രസ്തുത തുകകളും പെൻഷൻ വിഹിതവും മുനിസിപ്പാലിറ്റി തനതുഫണ്ടിൽ നിന്ന് മാസംതോറും തിരികെ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്. നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും, അലവൻസുകളും, പെൻഷൻ അംശദായവും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേയ്ക്ക് അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 26/26.11.2020) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

തൻവർഷം സെക്രട്ടറിയ്ക്ക് ശമ്പളം, ലീവ് സറണ്ടർ, ഡി.എ.കുടിശിക, ശമ്പള പരിഷ്കരണ കുടിശ്ശിക തുടങ്ങിയവ നൽകിയ വകയിൽ 725682/- രൂപ തനതുഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. തൻവർഷം ചെലവഴിച്ച തുകയും മുൻവർഷങ്ങളിൽ ചെലവഴിച്ചത് ഉൾപ്പെടെയുള്ള തുകയും കണക്കാക്കി സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്.

## 1-33 ലൈബ്രറിസെസ് യഥാസമയം അടവാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും ലൈബ്രറിസെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ടു ഗഡുക്കളായി (ആദ്യഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും) സംസ്ഥാന ലൈബ്രറി കൗൺസിലിലേയ്ക്ക് ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ ആയത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്ന് ഈടാക്കുന്നതുമാണെന്ന് സർക്കുലറിൽ (സർക്കുലർ നം.10088/എൽ 3/05/തസ്വഭവ തീയതി.20.09.2005) വ്യക്തമാക്കിയിട്ടുണ്ട്. 2018-2019 വാർഷികകണക്ക പ്രകാരം ബി9 ഷെഡ്യൂളിൽ 31.3.2019ൽ 51,92,314/-രൂപ (code no.350300100) നീക്കിയിരിപ്പ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ലൈബ്രറിസെസ് ഇനത്തിൽ ഒടുക്കുവാൻ അവശേഷിക്കുന്ന തുക സംസ്ഥാന ലൈബ്രറി കൗൺസിലിൽ ഒടുക്ക വരുത്താത്തതിന്റെ കാരണം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-34 ഗ്രാന്റിനത്തിൽ നഗരസഭയ്ക്ക് നഷ്ടം

നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും അലോട്ട്മെന്റ് ആയി ലഭിച്ച തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം 4.65 കോടി പാഴായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകുമെന്നതിനാൽ ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം നഗരസഭയ്ക്ക് നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. നഗരസഭയ്ക്ക് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാത്ത തുകയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|
| വികസന ഫണ്ട് ജനറൽ | 8774 |
| വികസന ഫണ്ട് – എസ്.സി.പി. | 3117137 |
| വികസന ഫണ്ട് – ടി.സി.പി | 417400 |
| | |

| | |
|---|---|
| മെയിന്റനൻസ് ഫണ്ട് റോഡ് | 3314423 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 39689780 |
| ആകെ | 46547514 |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതു കൊണ്ടാണ് ഇത്രയും വലിയ തുക നഗരസഭയ്ക്ക് നഷ്ടമായത്. തൻവർഷം ആകെ 238 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 64 പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കിയില്ല. ഇപ്രകാരം ഫണ്ട് നഷ്ടപ്പെടുന്നതുവഴി അതിൽനിന്ന ലഭ്യമാകുന്ന ആസ്തികളും വികസന ക്ഷേമ പ്രവർത്തനങ്ങളും ജനങ്ങൾക്ക് നഷ്ടമാകുന്നു. ഫണ്ടു വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി പരമാവധി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-35 മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ലോറി വാടകയ്ക്ക് നൽകിയതിലെ അപാകതകൾ

2018-19 വർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ താഴെപ്പറയും പ്രകാരം ലോറി ഉടമ ശ്രീ.പ്രശോഭന് മാലിന്യം നീക്കം ചെയ്യുന്നതിനു വാടക നൽകിയിട്ടുണ്ട്.

| വൗച്ചർ നം/ തീയതി | തുക |
|---|---|
| 92-12/18 | 7500/- |
| 56-01/19 | 14,772/- |
| 49-01/19 | 10,500/- |
| 33-12/18 | 4,500/ |

ലോറി വാടക നൽകിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിക്കുന്നതിന്റെ ഭാഗമായി ചേർത്തല നഗരസഭ ശുചീകരണ ജോലികൾക്ക് ഉപയോഗിക്കുന്ന ടിപ്പർ KL-32B 2136 ടിപ്പർ ഉണ്ടായിരിക്കെ ഈയിനത്തിൽ ചെലവുണ്ടാകാൻ കാരണം, ടിപ്പർ ലോറി, ഡ്രൈവർ അടക്കം ലഭ്യമാകുന്നതിനാണോ ടെണ്ടർ ക്ഷണിച്ചത്, ടെണ്ടർ/ക്വട്ടേഷൻ ഒരു ദിവസത്തെ കുറഞ്ഞ മണിക്കൂറുകളും ഒരു മാസത്തേയ്ക്കുള്ള കുറഞ്ഞ കിലോമീറ്ററും നിശ്ചയിച്ചാണോ പ്രതിമാസ ചാർജ് നിശ്ചയിച്ചത്,വാഹനം വാടകയ്ക്ക് എടുക്കുന്നതിന് സർക്കാർ അംഗീകാരം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, ടിപ്പർ വാടകയ്ക്ക് എടുക്കുന്നതിൽ ക്വട്ടേഷൻ/ടെണ്ടർ ഏതെങ്കിലും പ്രാദേശിക ഭാഷാ ദിനപ്പത്രത്തിൽ പരസ്യപ്പെടുത്തിയിരുന്നോ മുതലായ വിവരങ്ങൾ ലഭ്യമാക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് 01.12.2020-ലെ 51-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഫയൽ പരിശോധിച്ചതിൽ 12.11.16ലെ ഒരു ക്വട്ടേഷനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. 2016ലെ ക്വട്ടേഷൻ അനുസരിച്ചാണോ നിലവിൽ ലോറി വാടകയ്ക്ക് എടുത്തിരിക്കുന്നത് എന്ന് വ്യക്തമല്ല.
വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതുപോലെയുള്ള കാര്യങ്ങൾ സുതാര്യമായ ടെണ്ടർ നടപടികളിലൂടെ മാത്രം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമായില്ല

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ താഴെ പറയുന്ന ഡിപ്പോസിറ്റ് പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഡിപ്പോസിറ്റായി നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവയും ലഭ്യമാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നം. | തുക | ബിൽ നം. / തീയതി |
|---|---|---|---|
| 1 | പൈപ്പ് ലൈൻ | | 10/ 2018- |

| | | | |
|---|---|---|---|
| | എക്സ്റ്റൻഷൻ(165/19) | 250000 | 19/ 19.5.18 |
| 2 | സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ (208/18-19) | 516455 (330804+185651) | 3/2018-19/21.5.18<br>28/2018-19/19.9.18 |
| 3 | -ടി- | 550000 | 4/2018-19/ 19.5.18 |
| 4 | കണക്ഷൻ ചാർജ്ജ് തുക നൽകൽ (249/18-19) | 100000 | 31/2018-19/24.10.18 |
| | ആകെ | 1416455 | |

പ്രവൃത്തിയുടെ പൂർത്തീകരണ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം, നിലവിലെ അവസ്ഥ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 40/28.11.2020) മറുപടി നൽകിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവുതുക 1416455/- രൂപ തടസ്സപ്പെടുത്തുന്നു.

### 1-37 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - എസ്റ്റിമേറ്റിൽ വ്യക്തതയില്ല, പദ്ധതി പൂർത്തിയാക്കിയിട്ടില്ല

പ്രോജക്ടിന്റെ പേര് - പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (123/2019)

ചെലവ് തുക - 11,50,000 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ നം/ തീയതി - 53/22.2.2019

നിർവ്വഹണം - മുനിസിപ്പൽ സെക്രട്ടറി

കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച് ഡിവിഷൻ ആലപ്പുഴ തയ്യാറാക്കിയ നൽകിയ എസ്റ്റിമേറ്റിന്റെ (എസ്റ്റിമേറ്റ് നം. 2018/14984) അടിസ്ഥാനത്തിൽ നഗരസഭയിലെ 7,8,10,16,20,31,33 വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി നടപ്പാക്കിയ നിക്ഷേപ പദ്ധതിയാണിത്. എസ്റ്റിമേറ്റ് പ്രകാരമുള്ള 11,50,000/- രൂപ ആലപ്പുഴ പി.എച്ച്. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

എസ്റ്റിമേറ്റിൽ വ്യക്തതയില്ല

മേൽ പറഞ്ഞിട്ടുള്ള ഏഴ് വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനാണ് വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളത്. വാട്ടർ അതോറിറ്റി തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിൽ ഓരോ വാർഡിലും നടപ്പാക്കുന്ന പ്രവൃത്തിയെ സംബന്ധിച്ച് പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ഓരോ വാർഡിലും നടപ്പാക്കേണ്ട പ്രവൃത്തിയുടെ അളവും തുകയും വ്യത്യസ്തമായതിനാൽ, പ്രൈസ് സോഫ്റ്റ്‌വെയറിൽ ഓരോ വാർഡിലും നടപ്പാക്കുന്ന പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടത്. എന്നാൽ താഴെപറയും പ്രകാരം മുഴുവൻ വാർഡുകളിലേയും പ്രവൃത്തികളെ ഉൾപ്പെടുത്തികൊണ്ടുള്ള എസ്റ്റിമേറ്റിന്റെ ഒരു സംക്ഷിപ്തം മാത്രമാണ് നഗരസഭയ്ക്ക് കൈമാറിയിട്ടുള്ളത്.

| Sl no | Description | Amount |
|---|---|---|
| 1 | Detailed Estimate | 657607.34 |
| 2 | Cost of materials | 336100 |
| 3 | Road restoration charge to PWD | 25959.66 |
| 4 | Unforseen | 25495.00 |
| | Centage @ 10% | 104516.30 |
| | Total | 1149679.26 |
| | Lumpsum | 320.74 |

| | | |
|---|---|---|
| | Grand total | 1150000 |

<u>യഥാസമയം കരാർ ചമയ്ക്കുന്നതിൽ വീഴ്ച</u>

എസ്റ്റിമേറ്റ് പ്രകാരമുള്ള 11,50,000/- രൂപ 02/2019ൽ വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ടെങ്കിലും നഗരസഭ വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചിരിക്കുന്നത് 08/2019ൽ മാത്രമാണ് (നം202/2019-20/27.08.2019). കരാർ തീയതി മുതൽ മൂന്നു മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കണമെന്നാണ് എഗ്രിമെന്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇതനുസരിച്ച് 11/2019ൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. മേൽ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 14/25.11.2020) മറുപടി ലഭ്യമാക്കിയില്ല. ഓരോ വാർഡിലും നടപ്പാക്കുന്ന പ്രവൃത്തി സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ വാട്ടർ അതോറിറ്റിയിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്. മേൽ കാരണങ്ങളാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. പദ്ധതി എത്രയുംപെട്ടെന്ന് പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-38 പൊതുടാപ്പുകളുടെ വെള്ളക്കരം – കുടിശ്ശിക ക്രമാതീതമായി വർദ്ധിക്കുന്നു

<u>1-പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് നഗരസഭയ്ക്ക് വ്യക്തതയില്ല.</u>

വിവിധ വാർഡുകളിലെ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി 30.9.2017ൽ നഗരസഭ വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധന പ്രകാരം ആകെ ടാപ്പുകളുടെ എണ്ണം 522 ആണ്. ഇതനുസരിച്ച് 2018 മെയ് മാസം വരെ 522 ടാപ്പുകൾക്കാണ് വെള്ളക്കരം ഒടുക്കിയിരുന്നത്. എന്നാൽ വാട്ടർ അതോറിറ്റിയുടെ പിന്നീടുള്ള ഡിമാന്റ് നോട്ടീസുകൾ പരിശോധിച്ചതിൽ, പൊതുടാപ്പുകളുടെ എണ്ണം 2018 ജൂണിൽ 594 ആയും 2018 നവംബറിൽ 667ആയും വർദ്ധിച്ചിട്ടുണ്ട്. 2018 മെയ് മാസത്തിനുശേഷം വാട്ടർ അതോറിറ്റി 145 പൊതുടാപ്പുകൾക്ക് അധികമായി വെള്ളക്കരം ചുമത്തുന്നുണ്ട്. എന്നാൽ ഏതൊക്കെ വാർഡുകളിലാണ് കൂടുതലായി പൊതുടാപ്പുകൾ സ്ഥാപിച്ചിട്ടുള്ളതെന്നതു സംബന്ധിച്ച വിശദാംശങ്ങൾ ഫയലിലില്ല. ഇതുസംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 18/25.11.2020) മറുപടി ലഭ്യമാക്കിയില്ല. ഓരോ വർഷവും ഗാർഹിക കുടിവെള്ള കണക്ഷനുകൾക്കായി ലക്ഷകണക്കിന് രൂപയാണ് നഗരസഭ ചെലവഴിക്കുന്നത്. ഗാർഹിക കുടിവെള്ള കണക്ഷനുകൾ വ്യാപകമാക്കി പൊതുടാപ്പുകളുടെ എണ്ണം നിയന്ത്രിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി കൂടിയാലോചിച്ച് പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിൽ കൃത്യത വരുത്തേണ്ടതാണ്.

<u>2-ഫൈൻ ഇനത്തിലെ ബാധ്യത 1.54 കോടി</u>

യഥാസമയം വെള്ളക്കരം ഒടുക്കാത്തതിനാൽ ഓരോ മാസവും പ്രതിമാസ വെള്ളക്കരത്തിന്റെ മൂന്നിരട്ടിയിലേറെ തുകയാണ് ഫൈൻ ഇനത്തിൽ വാട്ടർ അതോറിറ്റി ഈടാക്കുന്നത്. 2018 ഏപ്രിൽ മാസാരംഭത്തിലെ കുടിശ്ശിക 5,67,34,733/- രൂപയായിരുന്നു. 2018-19 വർഷവും വെള്ളക്കരമിനത്തിൽ തുകയൊന്നും അടയ്ക്കാതിരുന്നതിനെ തുടർന്ന് വർഷാവസാനം (03/2019) കുടിശ്ശിക 76986562/-രൂപയായി വർദ്ധിക്കുകയുണ്ടായി. ഇതിൽ 1,54,23,536/- രൂപയും തൻവർഷം ഫൈനായി ചുമത്തിയിട്ടുള്ളതാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| മാസം | ടാപ്പുകളുടെ എണ്ണം | പ്രതിമാസ വെള്ളക്കരം | പ്രതിമാസ ഫൈൻ തുക | ആകെ കുടിശ്ശിക |
|---|---|---|---|---|
| 04/2018 | 522 | 342954 | 1112995 | 58190682 |
| 05/2018 | 522 | 342954 | 1141554 | 59675190 |
| 06/2018 | 594 | 390258 | 1170673 | 61236121 |
| 07/2018 | 594 | 390258 | 1201309 | 62827688 |
| 08/2018 | 594 | 390258 | 1232528 | 64450474 |
| 09/2018 | 594 | 390258 | 1264359 | 66105091 |
| 10/2018 | 594 | 390258 | 1296815 | 67792164 |
| 11/2018 | 667 | 438219 | 1329907 | 69560290 |
| | | | | |

| | | | | |
|---|---|---|---|---|
| 12/2018 | 667 | 438219 | 1364608 | 71363117 |
| 01/2019 | 667 | 438219 | 1399970 | 73201306 |
| 02/2019 | 667 | 438219 | 1436027 | 75075552 |
| 03/2018 | 667 | 438219 | 1472791 | 76986562 |
| ആകെ | | | 1,54,23,536 | |

3-ഗ്രാന്റിൽ നിന്നും കുറവ് ചെയ്ത തുക KWA ബില്ലിൽ കുറവ് വരുത്തിയില്ല

സർക്കാർ ഉത്തരവ് (സാധാ)നം 1194/2019/ധന. തീയതി 16.2.2019 പ്രകാരം വെള്ളക്കര കുടിശ്ശികയിനത്തിൽ വികസന ഫണ്ടിൽ നിന്നും 19,55,998/- രൂപയും ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും 1917571/- രൂപയും കുറവ് വരുത്തിയിട്ടുണ്ട്. ഇപ്രകാരം ഗ്രാന്റിൽ നിന്നും കുറവ് ചെയ്ത 38,73,569/- രൂപ വെള്ളക്കര കുടിശ്ശികയിൽ നിന്നും വാട്ടർ അതോറിറ്റി കുറവ് വരുത്തിയിട്ടില്ല. തന്മൂലം ഓരോ മാസവും ടി തുക ഉൾപ്പെയുള്ള കുടിശ്ശികയ്ക്കാണ് ഫൈൻ ചുമത്തുന്നത്. ഗ്രാന്റിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്ത തുക കുടിശ്ശികയിൽ നിന്നും ഒഴിവാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. വാർഷിക കണക്ക് ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-18ൽ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കുറവ് വരുത്തിയതായി കാണിച്ചിരിക്കുന്നത് 2471255/- രൂപയാണ്. വാർഷിക കണക്കിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്.

## 1-39 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ – പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു

a) മുനിസിപ്പൽ ലൈബ്രറി വൈദ്യുതീകരണം –

മുനിസിപ്പൽ ലൈബ്രറി വൈദ്യുതീകരണം ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുന്നതിന് എസ്റ്റിമേറ്റ് തുകയായ 76842/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ച് (ബിൽ നം/തീയതി – 54/14.3.2019) എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വിഭാഗം ആലപ്പുഴയ്ക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പും നഗരസഭയും തമ്മിൽ ഉണ്ടാക്കിയ കരാർ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/25.11.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

b) സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ –

കെ.എസ്.ഇ.ബി ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ 19.01.2019ൽ സമർപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി ഈസ്റ്റ് സെക്ഷന്റെ പരിധിയിലുള്ള വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കുന്നതിനായി നടപ്പാക്കിയ പദ്ധതിയാണിത്. പദ്ധതിക്കായി എസ്റ്റിമേറ്റ് പ്രകാരമുള്ള 493779/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ച് (ബിൽ നം 46/12.3.2019) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത ഡെപ്പോസിറ്റ് പ്രവൃത്തിക്കായി വൈദ്യുതി ബോർഡുമായി കരാറിലേർപ്പെടുകയോ പ്രവൃത്തി പൂർത്തിയാക്കുകയോ ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ഇതുസംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 17/25.11.2020) വിശദീകരണം ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. മേൽ നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-40 കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു

മുനിസിപ്പൽ സെക്രട്ടറി തൻവർഷം നടപ്പാക്കിയ താഴെപറയുന്ന പ്രോജക്ടുകൾ പ്രകാരം താഴെപറയുന്ന സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും തുകയുടെ കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | പ്രോജക്ടിന്റെ പേര് | നൽകിയ തുക | ബിൽ നം |
|---|---|---|---|
| 1 | സാമൂഹ്യ സുരക്ഷാ മിഷൻ – വയോമിത്രം (പ്രോ.നം 04/2019) | 10,00,000/- | 03/21.5.2018 |
| | | | |

| | | | |
|---|---|---|---|
| 2 | എ.ബി.സി പ്രോഗ്രാം – ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ (പ്രോ.നം 02/2019) | 2,00,000/- | 04/21.5.2018 |
| 3 | ഐ.കെ.എം – വിഹിതം നൽകൽ (പ്രോ.നം 09/2019 | 2,78,455/- | 38/22.11.2018 |
| | ആകെ | 1478455/- | |

കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 1478455/- രൂപ തടസ്സപ്പെടുത്തുന്നു.

### 1-41 മാലിന്യമുക്ത നഗരം – സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ – പദ്ധതി പൂർത്തീകരിച്ചില്ല

പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി നഗരസഭയിലെ വിവിധ ഭാഗങ്ങളിൽ 24 നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD ഇലക്ട്രോണിക്സ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം പദ്ധതിയുടെ പ്രതീക്ഷിത ചെലവായ 25 ലക്ഷം രൂപയാണ്. ടി തുക ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ച് (ബിൽ നം./തീയതി – 54/14.3.2019) നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടിലെ അപാകതകൾ താഴെപറയുന്നു.

a) അംഗീകൃത പ്രോജക്ടിൽ ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി കെൽട്രോണിനെയാണ് നിശ്ചയിച്ചിരുന്നത്. കെൽട്രോണിനെ ഒഴിവാക്കി പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗത്തെ ചുമതലപ്പെടുത്തിയത് എന്തുകൊണ്ടാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

b) പദ്ധതി നടത്തിപ്പ് സംബന്ധിച്ച് നഗരസഭയും പൊതുമരാമത്ത് വകുപ്പുമായി കരാറിലേർപ്പെട്ടിട്ടില്ല.

c) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഇലക്ട്രിക് പോസ്റ്റുകളിൽ ക്യാമറ സ്ഥാപിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ഇലക്ട്രിക് പോസ്റ്റിൽ ക്യാമറകൾ സ്ഥാപിക്കുന്നതിന് വൈദ്യുതി ബോർഡിൽനിന്നും നിരാക്ഷേപ പത്രം വാങ്ങി നൽകേണ്ടത് നഗരസഭയാണ്. ഫയൽ പരിശോധിച്ചതിൽ, ഇതുവരെ നിരാക്ഷേപ പത്രം ലഭിച്ചതായി കാണുന്നില്ല.

നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമല്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെടാതെ എസ്റ്റിമേറ്റ് തുകയായ 25 ലക്ഷം രൂപ മുൻകൂറായി നൽകിയത് പദ്ധതി നടത്തിപ്പിലെ പോരായ്മയാണ്. തുക കൈമാറി രണ്ട് വർഷത്തോളം ആയിട്ടും പദ്ധതി നടപ്പായിട്ടില്ലായെന്നത് ന്യായീകരിക്കാവുന്നതല്ല. എത്രയുംവേഗം പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മേൽ അപാകതകളിന്മേൽ രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും (15/25.11.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

### 1-42 വൈദ്യുതി ചാർജ് കുടിശ്ശിക - ഇല്ലാത്ത കുടിശ്ശികയ്ക്കായി ഗ്രാന്റിൽ നിന്നും തുക കുറവ് ചെയ്തത് സംബന്ധിച്ച്

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് അടവാക്കുന്നതിനായി ഓരോ വർഷവും നഗരസഭ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. 2018-19 വർഷവും പ്രോജക്ട് 18/2019 പ്രകാരം 1650000/- രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബിയ്ക്ക് നൽകേണ്ട കുടിശ്ശിക ഇനത്തിൽ വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും ജി.ഒ പ്രോജക്ട് (പ്രോ.നം 275/2019) പ്രകാരം 369382/- രൂപയും ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും 369380/- രൂപയും ഉൾപ്പെടെ 738762/- രൂപ ഗ്രാന്റുകളുടെ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. മുൻവർഷങ്ങളിലെ കുടിശ്ശിക ക്രമീകരിക്കുന്നതിനാണ് ഇപ്രകാരം ഗ്രാന്റിൽ നിന്നും തുക കുറവ് ചെയ്തതെന്നാണ് രേഖ. എന്നാൽ വൈദ്യുതി ചാർജ്

കുടിശ്ശികയിനത്തിൽ കെ.എസ്.ഇ.ബിയ്ക്ക് എന്തെങ്കിലും തുക നൽകുവാനുള്ളതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വൈദ്യുതി ചാർജിനത്തിൽ കുടിശ്ശിക ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം 19/25.11.2020) നഗരസഭയ്ക്ക് ബോധ്യപ്പെടാത്തതും നഗരസഭയുടെ അനുമതിയില്ലാതെയും സ്രോതസിൽ നിന്നും കുറവ് വരുത്തിയ മേൽ തുക ചെലവായി രേഖപ്പെടുത്തുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ചെലവായി രേഖപ്പെടുത്തിയതെന്നും കുടിശ്ശിക ഡിമാന്റ് നോട്ടീസുകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ലാത്തതിനാൽ ഉറവിടത്തിൽ കുറവ് ചെയ്ത തുക തിരികെ ലഭിക്കുന്നതിനായി 20.8.2019, 13.1.2020, 30.6.2020 തീയതികളിൽ കത്ത് നൽകിയെങ്കിലും നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ലെന്നാണ് സെക്രട്ടറി വ്യക്തമാക്കിയത്. നഗരസഭയുടെ ഇല്ലാത്ത കുടിശ്ശിക ക്രമീകരിക്കുന്നതിനാണ് ഗ്രാന്റിൽ നിന്നും തുക കുറവ് ചെയ്തതെന്നാണ് മേൽ മറുപടിയിൽ നിന്നും വ്യക്തമാകുന്നത്. ആകയാൽ ഗ്രാന്റിൽ നിന്നും കുറവ് ചെയ്ത തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-43 പാലിന് സബ്സിഡി – അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

ചേർത്തല വെറ്ററിനറി പോളിക്ലിനിക്കിലെ സീനിയർ വെറ്ററിനറി സർജൻ നടപ്പാക്കിയ പാലിന് സബ്സിഡിയെന്ന പ്രോജക്ട് മുഖേന നഗരസഭയിലെ 133 ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നതിനായി വികസന ഫണ്ടിൽ നിന്നും തൻവർഷം 699922/- രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നം 08/29.1.2019). കൊക്കോതമംഗലം ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പാലളവ് സ്റ്റേറ്റ്മെന്റ്, ട്രഷറി ബിൽ എന്നിവ പരിശോധിച്ചതിൽ, പ്രസ്തുത സംഘത്തിൽ പാലളക്കുന്ന ശ്രീമതി ഈശ്വരി, ചന്ദ്രാലയം എന്നയാൾ 10950 ലിറ്റർ പാൽ അളന്നതിന് 43800/- രൂപ സബ്സിഡി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് അവർ അളക്കുന്ന ഓരോ ലിറ്റർ പാലിനും നാല് രൂപ വീതം സബ്സിഡി നൽകാമെങ്കിലും പരമാവധി സബ്സിഡി 40,000/- രൂപയിൽ നിജപ്പെടുത്തേണ്ടതാണ്. ശ്രീമതി ഈശ്വരി, ചന്ദ്രാലയം എന്നയാൾക്ക് ഈ സബ്സിഡി പരിധി മറികടന്ന് അധികം തുക നൽകിയതിന് രേഖാമൂലം (എൻക്വയറി നം. 16/25.11.2020) വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആകയാൽ അധികം നൽകിയ 3800/- രൂപ ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-44 കാർഷിക മേഖലയിലെ പദ്ധതികൾ -വിതരണ രേഖകളില്ല

ചേർത്തല നഗരസഭയിൽ 2018-19 സാമ്പത്തിക വർഷം കാർഷിക മേഖലയിൽ 7 പദ്ധതികളാണ് നടപ്പിലാക്കിയത്. 61,17,242/- രൂപയാണ് ഈ പദ്ധതികളിലായി സാമ്പത്തിക വർഷം ആകെ ചെലവഴിച്ചത്. ഈ പദ്ധതികളിലെല്ലാം ടെണ്ടർ നടപടികൾ ഒഴിവാക്കി കെയ്കോ എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ടാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. ജി.ഒ (സാധാ നം.3299/2016/തസ്വഭവ തീയതി, 02/12/2016 പ്രകാരം തദ്ദേശസ്ഥാപനങ്ങളിലെ വാങ്ങലുകളിൽ സർക്കാർ/ അർദ്ധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ സ്വയം ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് മാത്രമാണ് ടെണ്ടർ നിബന്ധനകളിൽ ഇളവ് നൽകി നേരിട്ട് വാങ്ങാൻ അനുവദിച്ചിട്ടുള്ളത്. കൂടാതെ കൃഷി വകുപ്പിന്റെ 20/10/2018 ലെ ജി.ഒ (ആർ.ടി) 1047/2018/അഗ്രി ഉത്തരവ് പ്രകാരവും കാംകോ, റെയ്ഡ്കോ, കെയ്കോ എന്നീ സ്ഥാപനങ്ങളിൽ നിന്നും കാർഷിക യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ മാത്രമാണ് ടെണ്ടർ/ക്വട്ടേഷനില്ലാതെ നേരിട്ട് വാങ്ങാൻ നിർദ്ദേശിച്ചിട്ടുള്ളത്. ഇവയല്ലാത്തവയുടെ വാങ്ങൽ ക്വട്ടേഷൻ, ടെണ്ടർ വഴിയാണ് ഈ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാൻ സാധിക്കുക. എന്നാൽ കാർഷിക ഉപകരണങ്ങളുടേയും, യന്ത്രങ്ങളുടേയും നിർമ്മാതാക്കളായ കെയ്കോയിൽ നിന്ന് തെങ്ങിൻ തൈ, വാഴവിത്ത്, ചേമ്പ്, കുറ്റിക്കുരുമുളക് തൈ, ചേന വിത്ത്, വിവിധ ഫലവൃക്ഷത്തൈകൾ, ഗ്രോബാഗ്, ജൈവവളം എന്നിവയുമാണ് നേരിട്ട് വാങ്ങിയിട്ടുള്ളത്. കെയ്കോ വിതരണം നടത്തിയ പല സാധനങ്ങളും ജില്ലയിലെ സ്വകാര്യ നഴ്സറികൾ വഴിയാണ് പലപ്പോഴും നൽകുന്നത്. സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധമായി പൊതുമേഖലാ സ്ഥാപനങ്ങൾ സ്വയം ഉത്പാദിപ്പിക്കാത്ത ഉത്പന്നങ്ങളും, സാധനങ്ങളും ടെണ്ടർ കൂടാതെ വാങ്ങിയത് സംബന്ധിച്ച് വിശദീകരണം ഹാജരാക്കിയിട്ടില്ല.

കാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ടെത്തിയ മറ്റ് അപാകങ്ങൾ ചുവടെ ചേർക്കുന്നു.

01.കൃഷി ഭവൻ വഴി തദ്ദേശസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ലക്ഷക്കണക്കിന് രൂപയുടെ സാധനങ്ങൾ വാങ്ങുന്നുണ്ടെങ്കിലും ഇതിനായി ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 2018-19 ൽ 61,17,242/- രൂപ വിലവരുന്ന സാധനങ്ങൾ വാങ്ങിയെങ്കിലും ഇവയൊന്നും സ്റ്റോക്കിൽ ചേർത്തിട്ടില്ല.

02.അക്രെഡിറ്റഡ് ഏജൻസികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകുന്നതായി രേഖയുണ്ടെങ്കിലും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ കൈപ്പറ്റ് രസീതി, ട്രഷറിയിൽ നിന്നും അക്കൗണ്ട് ട്രാൻസ്ഫർ

നടത്തിയതിന്റെ വിവരങ്ങൾ എന്നിവയില്ല.

03. വാർഡ് കൗൺസിലർ/കൺവീനർ വഴിയാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളത്. വാർഡ് തലത്തിലെ വിതരണ സ്റ്റേറ്റ്മെന്റിൽ ഗുണഭോക്താക്കൾക്ക് നൽകിയ അളവ് രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വാങ്ങിയ അളവും വിതരണം നടത്തിയ അളവും തമ്മിൽ പൊരുത്തപ്പെടുത്താനാകുന്നില്ല.

04.ഓരോ പദ്ധതിക്കും ഗുണഭോക്തൃവിഹിതമായി ഈടാക്കിയ തുകയുടേയും ഈയിനത്തിൽ ചെലവഴിച്ച തുകയുടെയും കണക്കുകളും ബന്ധപ്പെട്ട രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

05.തെങ്ങിൻതൈ, വേപ്പിൻ പിണ്ണാക്ക് വിതരണം (പ്രോജക്ട് നം-27/2019) എന്ന പദ്ധതിയിൽ ഒന്നിന് 175/- രൂപ നിരക്കിൽ 878 കുറിയ ഇനം തെങ്ങിൻ തൈകൾ കെയ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ടെങ്കിലും വിതരണരജിസ്റ്റർ പ്രകാരം 238 പേർക്ക് 549 തെങ്ങിൻ തൈകൾ വിതരണം നടത്തിയതിന്റെ വിവരങ്ങൾ മാത്രമേയുള്ളൂ.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം-3 തീയതി, 18.03.2020) നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല.
കാർഷിക മേഖലയിൽ 2018-19 ൽ നടപ്പിലാക്കിയ പദ്ധതികളിൽ പലതിലും സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധമായി വാങ്ങലുകൾ നടത്തുകയും വാങ്ങിയ സാധനങ്ങളുടെയും ഉത്പന്നങ്ങളുടെയും സ്റ്റോക്ക് എൻട്രി, വിതരണം എന്നിവയിൽ ആവശ്യമായ സുതാര്യതയും മോണിറ്ററിംഗും ഫലപ്രദമായി നടത്താനായില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അക്കൗണ്ട് ട്രാൻസ്ഫർ വഴി തുക കൈമാറ്റം നടത്തുമ്പോൾ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ അക്കൗണ്ട് വിവരങ്ങൾ ഉറപ്പാക്കാനാവശ്യമായ രേഖകളും തുക കൈപ്പറ്റിയതിനുള്ള രേഖകളും ഫയലിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. കൗൺസിലർ/കൺവീനർമാർ വഴി ഗുണഭോക്താക്കൾക്ക് കാർഷിക വിളകളും വളങ്ങളും വിതരണം നടത്തുന്ന സാഹചര്യങ്ങളിൽ യഥാർത്ഥ ഗുണഭോക്താക്കൾക്ക് അവ ലഭിച്ചുവെന്നുറപ്പുവരുത്തുന്നതിനുള്ള രേഖകളും പദ്ധതി ഫയലിനൊപ്പം ലഭ്യമാക്കേണ്ടതാണ്.

തെങ്ങിൻതൈ, വേപ്പിൻ പിണ്ണാക്ക് വിതരണം (പ്രോജക്ട് നം-27/2019) എന്ന പദ്ധതി പ്രകാരം കെയ്കോയിൽ നിന്നും വാങ്ങിയ 878 കുറിയ ഇനം തെങ്ങിൻ തൈകളിൽ 329 എണ്ണം വിതരണം നടത്തിയതിന്റെ വിവരങ്ങൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ഇവയുടെ വാങ്ങലിനായി ഒന്നിന് 175/- രൂപ നിരക്കിൽ ചെലവഴിച്ച 57,575/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-45 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ -ലഘു അവലോകനം

ചേർത്തല നഗരസഭ പരിധിയിൽ പ്രവർത്തിയ്ക്കുന്ന അങ്കണവാടികളുടെ ഭൌതിക സാഹചര്യം സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിന് 18.3.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.1), ഐ.സി.ഡി.എസ്.സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടി താഴെ ചേർക്കുന്നു.

ചേർത്തല നഗരസഭ പരിധിയിൽ ആകെ 32 അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നു. അതിൽ 25 എണ്ണം സ്വന്തം കെട്ടിടത്തിലും 7 എണ്ണം വാടകകെട്ടിടത്തിലുമാണ് പ്രവർത്തിയ്ക്കുന്നത്. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന 7 അങ്കണവാടികൾക്കും സ്ഥലം ലഭിച്ചിട്ടുണ്ട്. ഒരു അങ്കണവാടിയുടെ പണി പൂർത്തിയായിട്ടുണ്ട്. 3 എണ്ണത്തിന് കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. 3 എണ്ണത്തിന്റെ സ്ഥലത്തിന്റെ പോക്കുവരവ് നടപടികൾ ചെയ്തുകൊണ്ടിരിക്കുന്നു. എല്ലാ അങ്കണവാടികൾക്കും വൈദ്യുതി കണക്ഷൻ ഉണ്ട്. 8 അങ്കണവാടികൾക്ക് ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് സൌകര്യവും, ബാക്കി അങ്കണവാടികൾക്ക് സാധാരണ ടോയ്‌ലറ്റ് സൌകര്യവും ആണുള്ളത്. എല്ലാ അങ്കണവാടികൾക്കും ആഹാരസാധനങ്ങൾ സൂക്ഷിക്കുവാൻ പ്രത്യേക മുറികൾ ഉണ്ട്. 32 അംഗൻവാടികൾക്കും കുടിവെള്ള സൌകര്യമുണ്ട്. 25 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഉണ്ട്. ബാക്കിയുള്ളവയ്ക്ക് ചുറ്റുമതിൽ ഇല്ല. അങ്കണവാടികൾ പ്രവർത്തിയ്ക്കുന്ന കെട്ടിടം നിലവിൽ സുരക്ഷിതമാണോ എന്ന് പരിശോധിച്ച് നൽകുന്ന ഫിറ്റ്നെസ് സർട്ടിഫിക്കറ്റിനായി 2018-19 വർഷം അസിസ്റ്റന്റ് എൻജിനീയർക്ക് കത്ത് നൽകിയെങ്കിലും ഫിറ്റ് നെസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. എന്നിരുന്നാലും 32 അങ്കണവാടികളും സുരക്ഷിതമായ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അങ്കണവാടികളിൽ എല്ലാ വർഷവും രണ്ട് തവണ കൃത്യമായി പ്രവേശനോത്സവം നടത്തുന്നുണ്ട്. അങ്കണവാടികളുടെ പ്രവർത്തനം തൃപ്തികരമെങ്കിലും 6 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഇല്ലാത്തതും, ചുറ്റുമതിൽ, തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഗൗരവമേറിയ വിഷയമാണ്. അംഗൻവാടി കെട്ടിടങ്ങളുടെ സംരക്ഷണത്തിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം. 31055/ഡി.സി.2/2011/ത.സ്വ.ഭ.വ /22.03.2011ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-46 തുല്യതാ പഠിതാക്കൾക്ക് ഫീസ് ആനുകൂല്യം - അപാകതകൾ

പ്രോജക്ട് നം - S0035/19

പ്രോജക്ടിന്റെ പേര് -തുല്യതാ പഠിതാക്കൾക്ക് ഫീസ് ആനുകൂല്യം

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്., ചേർത്തല

വികസന ഫണ്ട് - 163000/-

ചെലവ് - ബിൽ നം.4/18-19/31.8.18. തുക. 163000/-

പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്., ചേർത്തല നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം, പത്താം തരം തുല്യതയ്ക്ക് രജിസ്ട്രേഷൻ & കോഴ്സ് ഫീസിനത്തിൽ 1850/- രൂപയും പരീക്ഷാഫീസിനത്തിൽ 500/-രൂപയും ഉൾപ്പടെ 2350/-രൂപ വീതം 30 പഠിതാക്കൾക്കായി, 70500/- രൂപയും, ഹയർ സെക്കന്ററി തുല്യതയ്ക്ക് രജിസ്ട്രേഷൻ & അഡ്മിഷൻ ഫീസിനത്തിൽ 300/- രൂപയും കോഴ്സ് ഫീസിനത്തിൽ 2200/- രൂപയും ഉൾപ്പടെ 2500/- രൂപാ വീതം 37 പഠിതാക്കൾക്കായി 92500/- രൂപ, ഉൾപ്പടെ ഒട്ടാകെ 163000/- രൂപ, കേരള സംസ്ഥാന സാക്ഷരതാമിഷനിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ പഠിതാക്കളെ രജിസ്റ്റർ ചെയ്തതിന്റെ രേഖ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. പഠിതാക്കളുടെ അപേക്ഷ, പരീക്ഷയിൽ പങ്കെടുത്തവരുടെ വിവരം, സർട്ടിഫിക്കറ്റ് വിതരണം ചെയ്തതിന്റെ രേഖകൾ, സാക്ഷരതാമിഷനിൽ നിന്നുള്ള തുക വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയക്ക് ഹാജരാക്കിയില്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം.31/27.11.20), പത്താംതരം തുല്യതാപരീക്ഷയ്ക്ക് 30 പേർ രജിസ്റ്റർ ചെയ്തതിൽ 6 പേർ മാത്രമാണ് പരീക്ഷയ്ക്ക് ഹാജരായതെന്നും, ബാക്കിയുള്ളവരെ അടുത്ത രണ്ട് വർഷങ്ങളിലായി പരീക്ഷ എഴുതിപ്പിക്കുന്നതിനുള്ള നടപടികൾ സാക്ഷരതാ മിഷൻ സ്വീകരിച്ചുവരുന്നുണ്ട് എന്നും പ്രിൻസിപ്പൽ വ്യക്തമാക്കി. ഹയർ സെക്കന്ററി 37 പഠിതാക്കളിൽ എത്ര പേർ കോഴ്സ് പൂർത്തിയാക്കിയെന്നുള്ള വിവരം മറുപടിയിൽ ഇല്ല. മുഴുവൻ പഠിതാക്കളുടെയും കോഴ്സ് പൂർത്തിയാക്കിയെന്നുള്ള രേഖകളുടെ അഭാവത്തിൽ ചെലവ് തുക. 163000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-47 മികവിന്റെ കേന്ദ്രം - ഗവ. ഗേൾസ് മുനിസിപ്പൽ വിഹിതം - തുക വിനിയോഗിച്ചില്ല

പ്രോജക്ട് നം - S0026/19

പ്രോജക്ടിന്റെ പേര് - മികവിന്റെ കേന്ദ്രം - ഗവ. ഗേൾസ് മുനിസിപ്പൽ വിഹിതം

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്. ചേർത്തല

ധനകാര്യകമ്മീഷൻ അവാർഡ് - 2200000

ചെലവ് – 2200000

1) ബിൽ നം.3/18-19/28.7.18

മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുക്കപ്പെട്ട ചേർത്തല ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന് മുനിസിപ്പൽ വിഹിതമായി വകയിരുത്തിയിരുന്ന 2200000/- രൂപ, സ.ഉ (സാ.ധാ.) നം. 4352/17/ധന. തീയതി, 24.5.17 പ്രകാരം സ്കൂൾ പ്രധാനാധ്യാപകന്റെ പേരിൽ ആരംഭിച്ച പലിശരഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.199011400004220) നൽകിയിരുന്നു. തുക ഓഡിറ്റ് സമയംവരെ ചെലവഴിച്ചിട്ടില്ല. ഇതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് 23.11.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7), ഈ തുക സ്കൂളിലെ ഹയർ സെക്കന്ററി ലാബുകൾക്ക് വേണ്ടിയും കെട്ടിടത്തിന് ആവശ്യമായ ഗേറ്റ് നിർമ്മിക്കുന്നതിന് വേണ്ടിയും ഉപയോഗിക്കണമെന്ന് കാണിച്ച് KITE ന് കത്ത് നൽകിയിട്ടുണ്ടെന്നും നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുന്നതാണെന്നും പ്രിൻസിപ്പൽ മറുപടി നൽകി. പിൻവലിച്ച തുക ചെലവഴിക്കാതെ നിക്ഷേപമായി തുടരുന്ന സാഹചര്യത്തിൽ ഈ ഇനത്തിലുള്ള 2200000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-48 ബയോഗ്യാസ് പ്ലാന്റ് - രേഖകൾ ഹാജരാക്കിയില്ല

ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രസ്തുത പ്രോജക്ടിനായി (നം. S0191/19) ധനകാര്യ

കമ്മീഷൻ ഗ്രാന്റിൽനിന്നും 195000/- രൂപയും ഗുണഭോക്തൃവിഹിതം 195000 രൂപയും ഉൾപ്പെടെ 390000 രൂപ വകയിരുത്തിയിരുന്നു. ടെൻഡർ ക്ഷണിച്ച് കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും 7800 രൂപ നിരക്കിൽ 0.5m3 portable biogas plant 39 എണ്ണം വാങ്ങിയതിന് 304200 രൂപ ചെലവഴിച്ചിട്ടുണ്ട്. ടെൻഡർ രേഖകൾ, കരാർ, സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീത്, ഗുണഭോക്താക്കളുടെ അപേക്ഷ, ഗുണഭോക്തൃലിസ്റ്റ്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് മുതലായവ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (33/27.11.2020)നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്ത സാഹചര്യത്തിൽ 304200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മാത്രമല്ല, ചെലവ് പത്രികയിൽ ഗുണഭോക്തൃവിഹിതം ചെലവായ 152100 രൂപ ഉൾപ്പെട്ടിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

<u>ചെലവിന്റെ വിശദാംശം</u>

152100/- ബിൽ നം.6/20.10.2018 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

152100/- ചെക്ക് നം. 726884/22.12.2018 (ഗുണഭോക്തൃവിഹിതം)

## 1-49 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല

ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി സ്പിൽ ഓവറായി നടപ്പാക്കിയ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ (നം.193/2019) എന്ന പ്രോജക്ടിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 292251/- രൂപയും സംസ്ഥാനാവിഷ്കൃത ഫണ്ട് 1500000/- രൂപയും ഉൾപ്പെടെ 1792251/- രൂപയാണ് വകയിരുത്തിയിരുന്നത്. ക്ലീൻ കേരളാ കമ്പനി ലിമിറ്റഡിൽ നിന്നും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് വാങ്ങിയ ഇനത്തിൽ യൂണിറ്റിന്റെ വിലയായ 519372/- രൂപയുടെ 40% തുകയായ 207749/- രൂപ 2017-18 വർഷം മുൻകൂറായി ചെലവഴിച്ചിട്ടുണ്ട്. ശേഷിച്ച തുകയിൽ നിന്നും 292251/- രൂപ (ബിൽ നം.20/22.03.2019) കൂടി ചെലവഴിച്ച് 2018-19 വർഷം ഷ്രെഡ്ഡിംഗ് യൂണിറ്റ് വാങ്ങി. ഷ്രെഡ്ഡിംഗ് യൂണിറ്റ് വാങ്ങിയെങ്കിലും മതിയായ വൈദ്യുതീകരണ സംവിധാനം ഒരുക്കാഞ്ഞതിനാൽ യൂണിറ്റ് പ്രവർത്തനസജ്ജമായിട്ടില്ല. ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങളൊരുക്കാതെ വാങ്ങൾ നടത്തിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്.

ഇരുമ്പുപാലത്തിനു സമീപമുള്ള IV/44B, 44C, 44D നഗരസഭവക കടമുറികളിലാണ് യൂണിറ്റ് സൂക്ഷിച്ചിട്ടുള്ളത്. 23.09.2020 – ലാണ് പ്രവർത്തനാനുമതിക്കായി മലിനീകരണ നിയന്ത്രണ ബോർഡിൽ ഫീസ് അടച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനാനുമതി ലഭിച്ചിട്ടുണ്ട്. യൂണിറ്റ് പ്രവർത്തനക്ഷമമായിട്ടുണ്ടോയെന്നും നിലവിലെ അവസ്ഥ വിശദമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/27.11.2020) യൂണിറ്റ് പ്രവർത്തനക്ഷമമാണെന്നും കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ യൂണിറ്റിന്റെ പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണെന്നും മതിയായ പ്ലാസ്റ്റിക് ലഭ്യമാകുന്ന മുറയ്ക്ക് പുനരാരംഭിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കി മാലിന്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യം കൈവരിക്കേണ്ടതാണ്.

## 1-50 സ്വച്ഛ് ഭാരതമിഷൻ നഗരം പദ്ധതി (IHHL) – പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ

ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ സ്വച്ഛ് ഭാരതമിഷൻ നഗരം പദ്ധതി എന്ന പ്രോജക്ടിനായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 30402/- രൂപയും സംസ്ഥാനാവിഷ്കൃത ഫണ്ട് 1866550/- രൂപയും ഉൾപ്പെടെ 1896952/- രൂപ വകയിരുത്തിയിരുന്നു. പ്രോജക്ടിൽ ഉൾപ്പെടുത്തി 350 പേർക്ക് കക്കൂസ് പുനരുദ്ധാരണത്തിനായി ധനസഹായം നൽകിയതായി കാണുന്നു. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഫയൽ പ്രകാരം 6 ഗുണഭോക്താക്കൾ മുൻകൂർ കൈപ്പറ്റിയശേഷം നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നു കാണുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര് | മുൻകൂർ കൈപ്പറ്റിയ തുക |
|---|---|---|
| 1 | രാധ, കളത്തിൽ | 5000 |
| | | |

| | | |
|---|---|---|
| 2 | സുമ, ചിറയ്ക്കൽ | 5000 |
| 3 | സന്തോഷ്, കണ്ടനാട്ടുവെളി | 5000 |
| 4 | രാജമ്മ, ആശാരിവെളി | 5000 |
| 5 | അമ്മിണി, കൊച്ചുപറമ്പിൽ | 5000 |
| 6 | ഷീല, പണിയ്ക്കവീട്ടിൽ | 5000 |

പ്രസ്തുത ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്നറിയിക്കേണ്ടതാണ്. പ്രവൃത്തി ആരംഭിക്കാത്ത പക്ഷം നൽകിയ മുൻകൂർ പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്.

2) പ്രോജക്ടിന്റെ ഒരു ഗുണഭോക്താവായ ശ്രീമതി. സരസമ്മ.ബി എന്ന വ്യക്തിക്ക് 5333/- രൂപ അധികം നൽകിയതായി കാണുന്നു. ഗുണഭോക്താവിന്റെ 3-ാം ഗഡു തുകയായ 5333/- രൂപ ചെക്ക് നം. 018250/15.01.2019 പ്രകാരം (ആകെ തുക 597296/-) പ്രകാരം നൽകിയിട്ടുള്ളതാണ് (A/c No. 10950100239320). പിന്നീട് ചെക്ക് നം. 018254/23.03.2019 പ്രകാരം 46 പേർക്ക് 5333/- രൂപ വീതം ശുചിത്വമിഷൻ ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിനായി ലിസ്റ്റ് ബാങ്കിൽ നൽകിയപ്പോൾ IFSC തെറ്റായതിനാൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ആകാതെ വരുകയും ബാങ്കിൽ നിന്നുള്ള നിർദ്ദേശപ്രകാരം NEFT ഫോം പൂരിപ്പിച്ച് നൽകിയപ്പോൾ ശ്രീമതി. സരസമ്മയുടെ വിവരങ്ങൾ കൂടി നൽകുകയും അതുവഴി 5333/- രൂപ കൂടി ശ്രീമതി. സരസമ്മയ്ക്ക് ലഭിക്കുകയും ചെയ്തതായി ഫയലിൽ കാണുന്നു. അധികം നൽകിയ തുക ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

3) ഹെൽത്ത് വിഭാഗവുമായി ബന്ധപ്പെട്ട പണമിടപാടുകൾ നടത്തുന്ന ICICI ബാങ്ക് അക്കൗണ്ടും നഗരസഭയിലെ ബിൽ രജിസ്റ്ററും തമ്മിൽ പൊരുത്തമില്ലാത്തതായും അതിനാൽ വിശദീകരണം ആവശ്യപ്പെട്ടും സെക്രട്ടറി ഹെൽത്ത് സൂപ്പർവൈസർക്ക് കുറിപ്പ് നൽകിയതായി കാണുന്നു. ബാങ്ക് അക്കൗണ്ടിലെ വ്യത്യാസം പരിശോധിച്ച് ഗുണഭോക്താക്കൾക്ക് നൽകിയ തുകയുടെ കൃത്യത ഉറപ്പുവരുത്തേണ്ടതും റീ കൺസിലിയേഷൻ സംബന്ധമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

4) 3-ാം ഗഡു കൈപ്പറ്റി പ്രവൃത്തി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ കൃത്യമായ കണക്ക് ഫയലിൽ നിന്നും ലഭ്യമല്ല. അതിനാൽ പ്രവൃത്തി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം അറിയിക്കേണ്ടതും പ്രവൃത്തി പൂർത്തീകരിപ്പിക്കുന്നതിനാവശ്യമായ സത്വര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

5) ശുചിത്വമിഷൻ ഫണ്ടിൽനിന്നുള്ള ചെലവ് വിവരങ്ങൾ ചെലവുപത്രികയിൽ ചേർത്തിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

(പ്രസ്തുത വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/27.11.2020) മറുപടി ലഭ്യമാക്കിയില്ല.)

## 1-51 പഠനമുറി (എസ്.സി. വിഭാഗം) - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജനം നിർവ്വഹണം നടത്തിയ എസ്.സി. വിഭാഗത്തിനുള്ള പഠനമുറി നിർമ്മാണം എന്ന പ്രോജക്ടിനായി (നം.54/19) 20 ഗുണഭോക്താക്കൾക്കായി വികസനഫണ്ട് എസ്.സി.പി. യിൽ നിന്നും 4000000/- രൂപ വകയിരുത്തിയിരുന്നു. 2018-19 വർഷം 980000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2018-19 വർഷം ഇതിലേയ്ക്കായി തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഈ ഗുണഭോക്താക്കളുടെ വീടിന്റെ പഠനമുറി നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. 400000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര് | 2018-19 വർഷം കൈപ്പറ്റിയ തുക | ചെലവ് വിവരം |
|---|---|---|---|
| 1 | സതീശൻ ആർ, നികർത്തിൽ | 100000/- | 40/23.1.19 (60000/-)<br>41/15.02.19 (200000/-)<br>45/21.02.19 (220000/-)<br>48/14.03.19 (100000/-) |
| 2 | ജയൻ, നികർത്തിൽ | 100000/- | |
| 3 | രത്നമ്മ, ചാണിയിൽ വീട് | 50000/- | |
| 4 | നാരായണി. നികർത്തിൽ | 50000/- | |

| | | | |
|---|---|---|---|
| | | | 51/14.03.19 (150000/-) |
| 4 | ബീനമോൾ, മൂന്നാംകരവെളി | 50000/- | 54/15.3.19 (150000/-) |
| 5 | സൂരജ് പി.യു., പുത്തൻവെളി | 50000/- | 57/21.03.19 (150000/-) |
| | ആകെ | 400000 | |

## 1-52 ലാപ്ടോപ് (എസ്.സി)-വാങ്ങിയതിൽ 6 ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല

പ്രോജക്ട് നം - S0043/19

പ്രോജക്ടിന്റെ പേര് - ലാപ്ടോപ് (എസ്.സി)

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്. ചേർത്തല

വികസനഫണ്ട്(എസ്.സി.പി) - 600000

<u>ചെലവ്</u>

1) ബിൽ നം.9/18-19/26.3.19 തുക. 592000

പട്ടികജാതി വിഭാഗത്തിലെ ബിരുദതലം മുതൽ പഠിക്കുന്ന കുട്ടികൾക്ക് ലാപ്ടോപ്പ് നൽകുന്നതിന് ലക്ഷ്യമിട്ട പ്രോജക്ട്. കെൽട്രോണിൽ നിന്നും 31.3.2019 തീയതിയിലെ i\ITBG/18-19/10875/ITP/4177 നം. ഇൻവോയ്സ് പ്രകാരം 20 ലാപ്ടോപ്പുകൾ വാങ്ങിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| ലാപ് ടോപ് | 20 | 25084.75 | 501695 |
| സി.ജി.എസ്.ടി | | | 45152.55 |
| എസ്.ജി.എസ്.ടി | | | 45152.55 |
| ആകെ തുക | | | 592000 |

കെൽട്രോണിന് 20 ലാപ്ടോപ്പിന്റെ വില 592000/- നൽകി. എന്നാൽ 20 ലാപ്ടോപ് വാങ്ങിയതിൽ 14 എണ്ണം മാത്രമാണ് വിതരണം ചെയ്തത്. 6 ലാപ്ടോപ്പുകൾ വിതരണം ചെയ്യാതിരുന്നതിന് കാരണം ആരാഞ്ഞ് 24.11.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 9 ന്, ലാപ്ടോപ് വിതരണത്തിനായി മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിച്ച മുൻഗണനാപട്ടികയുടെ അടിസ്ഥാനത്തിൽ കെൽട്രോണിൽ നിന്നും 20 ലാപ്ടോപ്പുകൾ വാങ്ങുകയുണ്ടായി. എന്നാൽ വിതരണ സമയത്ത് 6 പേർ കൃത്യമായ രേഖകൾ സമർപ്പിക്കാതിരുന്നതിനാൽ 6 ലാപ്ടോപുകൾ വിതരണം ചെയ്യുവാനായില്ല. ഈ ലാപ്ടോപുകൾ 4.6.19 ൽ മുനിസിപ്പാലിറ്റിയിൽ തിരിച്ച് ഏൽപിച്ചു എന്ന് മറുപടി ലഭ്യമാക്കി. ടി ലാപ്ടോപുകൾ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സമാനപദ്ധതിയിൽപ്പെടുത്തി വിതരണം നടത്തുന്നതിന്, നഗരസഭ 8.7.19 ൽ തീരുമാനം(നം.5) എടുത്തെങ്കിലും, ആയത് നടപ്പിലാക്കിയില്ല. ലാപ്ടോപുകൾ ഓഡിറ്റ് സമയത്തും വിതരണം ചെയ്യാതെ നഗരസഭയിൽ സൂക്ഷിച്ചിരിക്കുന്നു. അർഹരായ ഗുണഭോക്താക്കൾ ഇല്ലാതിരിക്കെ അധികമായി 6 ലാപ്ടോപുകൾ വാങ്ങിയത്, പദ്ധതിപ്പണത്തിന്റെ അനാവശ്യചെലവഴിക്കലാണ്. അർഹരായ ഗുണഭോക്താക്കൾ ഉണ്ടോ എന്ന് പരിശോധിക്കാതെ വകയിരുത്തിയ തുകയ്ക്ക് അനുസൃതമായി ലാപ്ടോപ്പുകൾ വാങ്ങുകയും പിന്നീട് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താൻ നടപടി സ്വീകരിക്കാതിരുന്നതുമാണ് ഈ അവസ്ഥയ്ക്കു കാരണമായതെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ആകയാൽ വിതരണം ചെയ്യാത്ത ലാപ്ടോപ്പുകളുടെ വിലയിനത്തിലുള്ള 177600/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇതിനായി ചെലവഴിച്ച 177600/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-53 സ്മാർട് ക്ലാസ് റൂം-അപാകതകൾ

പ്രോജക്ട് നം - S0198/19 (സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് - സ്മാർട് ക്ലാസ് റൂം

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്, ചേർത്തല

വികസന ഫണ്ട്(ധനകാര്യ കമ്മീഷൻ അവാർഡ്) - 600000/-

<u>ചെലവ്</u>

ബിൽ നം.1/18-19/22.5.18 തുക. 599700/-

സർക്കാർ സ്കൂളിൽ കമ്പ്യൂട്ടർവൽക്കരണം, സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്നിവ ലക്ഷ്യമിട്ട് നടപ്പിലാക്കിയ പ്രോജക്ട്. ആർ.ജെ.എന്റർപ്രൈസസ്, കോട്ടയത്തു നിന്നും ഉപകരണങ്ങൾ വാങ്ങി. പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപെട്ട അപാകത ചുവടെ ചേർക്കുന്നു.

1) സ.ഉ (സാ.ധാ) നം. 97/2018/പൊ.വി.വ. 6.1.18 ഉത്തരവിലെ വ്യവസ്ഥ (1),(2) പ്രകാരം വാങ്ങാവുന്ന സാധനങ്ങളുടെ പരമാവധി വില (ടാക്സടക്കം) അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിലയിൽ പരിമിതപ്പെടുത്തിയാണ് വാങ്ങലുകൾ നടത്തേണ്ടത്. എന്നാൽ ഉത്തരവിലെ നിബന്ധനകൾ വ്യതിചലിച്ചാണ് താഴെപ്പറയുന്ന ഇനങ്ങളുടെ വാങ്ങലുകൾ നടത്തിയിട്ടുള്ളത്. ആർ.ജെ.എന്റർപ്രൈസസ്, കോട്ടയത്തു നിന്നും നിന്നും സാധനങ്ങൾ വാങ്ങിയ വിലയും ഉത്തരവിലെ വിലയും ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇനം | വാങ്ങിയ എണ്ണം | ഉത്തരവിലെ വില (ഒരെണ്ണത്തിന്റെ) | വാങ്ങിയ വില (ഒരെണ്ണത്തിന്റെ) |
|---|---|---|---|---|
| 1 | Projector | 3 | 23860 | 40000 |
| 2 | Smart interactive board | 3 | 7900 | 26000 |
| 3 | Projector mounting kit | 3 | 4900 | 5000 |

മേൽ സർക്കാർ ഉത്തരവ് വ്യവസ്ഥ 5 പ്രകാരം, മാർഗ്ഗനിർദ്ദേശങ്ങളിൽ പരാമർശിക്കാത്ത ഉപകരണങ്ങൾ അത്യാവശ്യമെന്ന് തോന്നുന്നപക്ഷം ഉപകരണമൊന്നിന് 15000/-രൂപയിൽ കവിയാതെയും മൊത്തം പ്രോജക്ട് തുക 50000/-രൂപയിൽ കവിയാതെയും സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ച് വാങ്ങാവുന്നതാണെന്ന് നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ ഇതിന് വിരുദ്ധമായി നടത്തിയ വാങ്ങലുകൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | വാങ്ങിയ എണ്ണം | വാങ്ങിയ വില (ഒരെണ്ണത്തിന്റെ) |
|---|---|---|---|
| 4 | Raptor lectern R 2015 | 3 | 26000 |
| 5 | Controlling unit with 1KV UPS | 3 | 24000 |
| 6 | Lloyd 1.5ton 3star split AC | 3 | 39500 |

അപാകതകൾ ചുവടെ ചേർക്കുന്നു.

1) സർക്കാർ ഉത്തരവിൽ നിശ്ചയിച്ച പരമാവധി വിലയേക്കാൾ അധിക നിരക്കിൽ വാങ്ങൽ നടത്തി.

2) സർക്കാർ ഉത്തരവിൽ പരാമർശിക്കാത്ത ഇനങ്ങൾക്ക് 15000/- രൂപ പരമാവധി തുകയായി നിശ്ചയിച്ചിരിക്കെ, 15000/- ൽ അധികമായ തുകയ്ക്ക് വാങ്ങലുകൾ നടത്തി.

3) പ്രോജക്ട് പ്രകാരം സ്മാർട് ക്ലാസ് റൂമിനായി 599700/- രൂപയ്ക്ക് വാങ്ങിയ 10 ഇനങ്ങളിൽ 8 ഇനങ്ങൾ ഗവ.ടൗൺ എൽ.പി.എസ്, ഗവ.ഈസ്റ്റ് എൽ.പി.എസ്, ഗവ.എൽ.പി.എസ്.കരുവായിൽഭാഗം എന്നീ 3 സ്കൂൾ ഹെഡ്മാസ്റ്റർമാർ കൈപ്പറ്റി.ക്രമ നം.4 ലെ Raptor lectern R2015 (3 എണ്ണം), ക്രമ നം.6 ലെ Lloyd 1.5 ton 3star split AC (3 എണ്ണം) ജി.എച്ച്.എസ്.എസ്. പ്രിൻസിപ്പലാണ് കൈപ്പറ്റിയിട്ടുള്ളത്. വിശദീകരണം ആരാഞ്ഞ് 27.11.20 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.30), ടെൻഡർ, റീ ടെൻഡർ എന്നിവ നടത്തിയിട്ടും സർക്കാർ നിശ്ചയിച്ച വിലയിൽ ആരും തന്നെ ടെൻഡർ നൽകിയില്ല. ആയതിനാലാണ് കൗൺസിൽ തീരുമാനത്തോടെ(12.6.18/1) വാങ്ങൽ നടത്തിയത്. സ്കൂളിൽ

നിലവിലുണ്ടായിരുന്ന 3 സ്മാർട് ക്ലാസ് റൂമിലെ ഉപകരണങ്ങൾ പൊടിപിടിച്ച് കേടുപാടുകൾ സംഭവിക്കുകയും നിരന്തരമായി സർവ്വീസ് ചെയ്യേണ്ടി വരികയും ചെയ്യുന്നതിനാലാണ് ഉപകരണങ്ങൾ സംരക്ഷിക്കുന്നതിലേക്കായി 3 ക്ലാസ് റൂമിലേക്കും AC വാങ്ങിയത്. ഒപ്പം 65 കുട്ടികൾ പഠിക്കുന്ന 3 വലിയ ഹയർ സെക്കന്ററി ക്ലാസ് മുറികളിൽ കുട്ടികൾക്ക് അധ്യാപകർ പഠിപ്പിക്കുന്നത് കേൾക്കുവാൻ പറ്റുന്നില്ല എന്ന് പരാതി വന്നതിന്റെ അടിസ്ഥാനത്തിൽ നല്ല ശബ്ദ സംവിധാനമുള്ള ആംപ്ളിഫയറോടുകൂടിയ Raptor lectern R 2015 മൂന്നെണ്ണം വാങ്ങിയതെന്നും മറുപടി ലഭ്യമാക്കി. അംഗീകരിച്ച പ്രോജക്ടിൽ പരാമർശിച്ചിട്ടുള്ള വിധം സർക്കാർ ഉത്തരവുകൾ പാലിച്ച് പ്രോജക്ടുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-54 ആശുപത്രി വാർഡുകളിൽ കൊതുകുവല സ്ഥാപിക്കൽ - അപാകതകൾ

പ്രോജക്ട് നം - S0071/19

പ്രോജക്ടിന്റെ പേര് - ആശുപത്രി വാർഡുകളിൽ കൊതുകുവല സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി)

ധനകാര്യ കമ്മീഷൻ അവാർഡ് - 199800

<u>ചെലവ്</u>

ബിൽ നം.26/18-19/18.3.19/തുക. 196940

അംഗീകരിച്ച പ്രോജക്ട് പ്രകാരം വികസനഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും 199800/- രൂപയാണ് ആശുപത്രി വാർഡുകളിൽ കൊതുകുവല സ്ഥാപിക്കൽ എന്ന പ്രവൃത്തിക്കായി വകയിരുത്തിയിട്ടുള്ളത്. പ്രോജക്ട് പ്രകാരം ക്വട്ടേഷൻ/ടെൻഡർ/പത്രപരസ്യം നൽകണം. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ,സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കേരള, തുറവൂർ സമർപ്പിച്ച 408901/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചു. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| sl.no | Description | Amount |
|---|---|---|
| 1 | Fabrication,supply and fixing of mosquito net in hospital ward 1 | 104436 |
| 2 | Fabrication,supply and fixing of mosquito net in hospital ward 2 | 260654 |
| Total | | 365090 |
| Add GST @12% | | 43811 |
| Grand total | | 408901 |

അപാകതകൾ ചുവടെ കൊടുക്കുന്നു.

1) അംഗീകരിച്ച പ്രോജക്ട് പ്രകാരമുള്ള വകയിരുത്തലിനേക്കാൾ കൂടിയ തുകയ്ക്ക് സമർപ്പിച്ച എസ്റ്റിമേറ്റ് അംഗീകരിച്ചു.

2) വാർഡ് 1 ൽ പൂർണ്ണമായും വാർഡ് 2 ൽ ഭാഗികമായും പ്രവൃത്തി ചെയ്തതിന്റെ 196940/-രൂപയുടെ ബില്ല് SILK സമർപ്പിച്ചത് പ്രകാരം തുക അനുവദിച്ച് നൽകി. എന്നാൽ പ്രവൃത്തി ചെയ്തതിന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ മൂല്യനിർണ്ണയ സാക്ഷ്യപത്രം നൽകിയിട്ടില്ല. പകരം ബില്ലിൽ വാർഡ് 1 ലെ ഹെഡ് നഴ്സ് ഇൻ ചാർജ് work done satisfactory എന്ന് രേഖപ്പെടുത്തി ഒപ്പിടുകയാണ് ചെയ്തിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 27.11.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32), ആശുപത്രിയിലെ മോസ്കിറ്റോ നെറ്റ് സ്ഥാപിക്കേണ്ട മൊത്തം സ്ഥലത്തേക്ക് വേണ്ടി വരുന്ന എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത്. ഭാവിയിൽ ഫണ്ട് അനുവദിക്കുമ്പോൾ മറ്റൊരു എസ്റ്റിമേറ്റ് ആവശ്യമായി വരില്ല. പകരം ഇത് ഉപയോഗിക്കാവുന്നതാണ്. സാധാരണയായി വാർഡിലെ ഹെഡ് നേഴ്സ് ചാർജ് അധികാരി ആണ് ജോലി തൃപ്തികരമായി ചെയ്തു എന്ന് സാക്ഷ്യപ്പെടുത്തുന്നത്. ആയത് യോഗ്യമല്ലയെങ്കിൽ പൊതുമരാമത്ത് എൻജിനീയറുടെ സാക്ഷ്യപത്രം വാങ്ങി ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

പ്രോജക്ടിലെ വകയിരുത്തലിനേക്കാൾ കൂടിയ തുകയ്ക്കുള്ള എസ്റ്റിമേറ്റ് അംഗീകരിച്ച നടപടി ക്രമവിരുദ്ധമാണ്. ചെലവ് തുക 196940/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-55 ടാറിംഗ്, റീ-ടാറിംഗ് പ്രവർത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗം

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡിബി.3/4620/12/സിഇ/തസ്വഭവ തീയതി 22-02-2018 പ്രകാരം 2018-19 സാമ്പത്തിക വർഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന 25% ടാറിംഗ് പ്രവൃത്തികളിലും ഷ്രെഡഡ് പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തി ടാറിംഗ് പ്രവൃത്തി നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ക്ലീൻ കേരള മിഷൻ മുഖേന ആവശ്യമായ ഷ്രെഡഡ് പ്ലാസ്റ്റിക് ലഭ്യമാകുന്നതാണെന്നും സർക്കുലറിൽ സൂചിപ്പിച്ചിട്ടുണ്ട്. ചേർത്തല നഗരസഭയിൽ 2018-19 വർഷത്തിൽ നടപ്പിലാക്കിയ ടാറിംഗ്, റീ-ടാറിംഗ് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ നാമമാത്രമായവയിൽ മാത്രമാണ് ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുള്ളത് എന്ന് കണ്ടു. സർക്കുലറിൽ നിർദ്ദേശിക്കും പ്രകാരം. നിർദ്ദിഷ്ട അളവിൽ 25% ടാറിംഗ് പ്രവൃത്തികളിലും ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-56 ലൈഫ് ഭവനപദ്ധതി - അവലോകനം

2018-19 വർഷം ലൈഫ് പദ്ധതിക്കായി രണ്ടു പ്രോജക്ടുകളാണ് നടപ്പാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. പേര് | ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| S0069/19 ലൈഫ് മിഷൻ ഭവനപദ്ധതി | വികസനഫണ്ട് ജനറൽ | 13578100 | 13578100 |
| | ധനകാര്യകമ്മീഷൻ അവാർഡ് | 1875742 | 1875742 |
| | വായ്പ | 0 | 0 |
| S0210/19 ലൈഫ് മിഷൻ ഭവനപദ്ധതി (സ്പിൽ ഓവർ) | വികസനഫണ്ട് ജനറൽ | 3052156 | 3046680 |
| | ധനകാര്യകമ്മീഷൻ അവാർഡ് | 494328 | 485000 |
| | വായ്പ | 2465058 | 0 |

ലൈഫ് ഭവനപദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി താഴെ ചേർക്കും പ്രകാരം നാല് ഗഡുക്കളായി ആകെ 400000രൂപയാണ് ധനസഹായം അനുവദിക്കുന്നത്.

1-ാം ഗഡു - 40000/-

2-ാം ഗഡു - 160000/-

3-ാം ഗഡു - 160000/-

4-ാം ഗഡു - 40000/-

ആകെ - 400000 രൂപ

31.03.2019 വരെയുള്ള ഗുണഭോക്താക്കളുടെ വിവരങ്ങൾ

| | |
|---|---|
| രജിസ്റ്റർ ചെയ്തഗുണഭോക്താക്കളുടെ എണ്ണം | 958 |
| ആകെ രജിസ്റ്റർ ചെയ്തവരിൽ അർഹരായവരുടെ എണ്ണം | 819 |
| തദ്ദേശ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടവരുടെ എണ്ണം | 415 |
| നിർമ്മാണം ആരംഭിച്ചവരുടെ എണ്ണം | 402 |

പദ്ധതി പ്രകാരം നടന്നിട്ടുള്ള ഭവനനിർമ്മാണത്തിന്റെ ഘട്ടം തിരിച്ചുള്ള വിവരം

| കരാർ വച്ചവർ | ബേസ്മെന്റ് പൂർത്തിയാക്കിയവർ | ലിന്റൽ പൂർത്തിയാക്കിയവർ | മേൽക്കൂര പൂർത്തിയാക്കി വീട് വാസയോഗ്യമാക്കിയവർ |
|---|---|---|---|

| | | | |
|---|---|---|---|
| 415 | 352 | 278 | 84 |

ഓഡിറ്റ് തീയതിയിൽ 315 പേർ ഭവനനിർമ്മാണം പൂർത്തിയാക്കി ഫൈനൽ ഗഡു കൈപ്പറ്റിയതായി പ്രോജക്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്. ശേഷിക്കുന്ന 100 പേർ ഇതുവരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഇവരുടെ ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിപ്പിക്കുന്നതിനാവശ്യമായ സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഒന്നാം ഗഡു മുൻകൂർ കൈപ്പറ്റി തുടർന്നുള്ള നിർമ്മാണം നടത്താത്ത ഗുണഭോക്താക്കളുടെ വിവരം

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | മുൻകൂർ | ചെക്ക് നം./തീയതി |
|---|---|---|---|
| 1) | പ്രേംനാഥ്, പൊല്ലേവെളി | 40000 | 562212/04.11.2017 |
| 2) | നദീറ എസ്, മറ്റത്തിൽ | 40000 | 563767/16.04.2018 |
| 3) | രാജേഷ് എം, ഇടത്തുരുത്തിൽ | 40000 | 055672/10.10.2018 |
| 4) | പ്രസീത, കമ്പിയകത്ത് | 40000 | 055672/10.10.2018 |
| 5) | ലേഖാറാണി, കൊന്നനേഴത്ത് വെളി | 40000 | 055674/30.10.2018 |
| 6) | സരസ്വതി അമ്മ, കൊന്നേഴത്ത് വെളി, മതിലകം | 40000 | 055674/30.10.2018 |
| 7) | പ്രീതിമോൾ, മാടയ്ക്കശ്ശേരി, ചെങ്ങണ്ട | 40000 | 055676/07.11.2018 |
| 8) | രമ്യ. ടി.പി., വെളിയിൽ | 40000 | 055682/31.01.2019 |
| 9) | രജില.ജി, ചുങ്കത്ത്ചിറയിൽ, ചെങ്ങണ്ട | 40000 | 055682/31.01.2019 |
| 10) | പ്രജിഷ. എസ്, കണിച്ചുകാട്ടുവെളി | 40000 | 055685/19.02.2019 |
| 11) | വിനോമ്മ, നന്തനാട്ടുവെളി | 40000 | 563763/22.02.2018 |
| 12) | ഉഷ, നികർത്തിൽ | 40000 | 563763/22.02.2018 |
| 13) | ഷാലി, പടിപ്പുരച്ചിറ | 40000 | 562220/02.02.2018 |

മുൻകൂർ കൈപ്പറ്റി പ്രവൃത്തി ആരംഭിക്കാത്ത പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.അല്ലാത്തപക്ഷം നൽകിയ മുൻകൂർ തുക പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്. 520000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള,ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽ നികുതി കുറവ് ഈടാക്കി

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 245 പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് ബിസിനസ്സ് നടത്തുകയോ ഒരു തൊഴിലോ കലയോ ജോലിയോ നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന വ്യക്തിയിൽ നിന്നും വരുമാനത്തിന് അനുസൃതമായി നഗരസഭ തൊഴിൽനികുതി ചുമത്തേണ്ടതാണ് എന്നാൽ നഗരസഭയിലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, സ്ഥാപനങ്ങളുടെ ലിസ്റ്റ്, അർദ്ധവാർഷിക വരുമാനപത്രികകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല

നഗരസഭയുടെ പരിധിയിൽ വരുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2018-19 വർഷം അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | അർദ്ധവർഷം | ജീവനക്കാരന്റെ പേര് | വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് | രസീത് നം./തീയതി |
|---|---|---|---|---|---|---|---|
| ജില്ലാ ട്രാൻസ്പോർട്ട് ഓഫീസ് | I | അനിൽപ്രസാദ്.കെ | 126500 (Basic Pay 10750/-, DA 9890/- FA 2750/-) | 1000/- | 1250/- | 250/- | 118470500097/31.08.2018<br>637250/- |
| | | ബിന്ദു. കെ.എസ് | 126500/- | 1000/- | 1250/- | 250/- | |
| | | ഡോൺ ബോസ്കോ റോഡ്രിഗ്സ് | 126500/- | 1000/- | 1250/- | 250/- | |
| | | സുമേഷ്. എസ് | 126500/- | 1000/- | 1250/- | 250/- | |
| | | ചന്ദ്രപ്പൻ. കെ | 126500/- | 1000/- | 1250/- | 250/- | |
| | | ഫ്രാൻസിസ്. ടി.എക്സ്. | 126500/- | 1000/- | 1250/- | 250/- | |
| | | കിഷോർ. പി.എം | 126500/- | 1000/- | 1250/- | 250/- | |
| | | മനോജ്. കെ | 126500/- | 1000/- | 1250/- | 250/- | |
| | | രാജീവ്. കെ.ആർ | 126500/- | 1000/- | 1250/- | 250/- | |
| | | സജീവ്. എം.പി. | 126500/- | 1000/- | 1250/- | 250/- | |
| | | ഷിജി. എം. | 126500/- | 1000/- | 1250/- | 250/- | |
| | | ഷൈലേഷ്.കെ.വി. | 126500/- | 1000/- | 1250/- | 250/- | |
| | | സിയാദ് .ഡി.എസ്. | 126500/- | 1000/- | 1250/- | 250/- | |
| | | തോമസ്.എ. | 126500/- | 1000/- | 1250/- | 250/- | |
| | | വർഗ്ഗീസ്. വി.ഇ. | 126500/- | 1000/- | 1250/- | 250/- | |
| | | ഡിക്സൺ.എ.ബി. | 126500/- | 1000/- | 1250/- | 250/- | |
| | | ജോൺ ബ്രിട്ടോ. പി.ജെ | 126500/- | 1000/- | 1250/- | 250/- | |
| | | രാജേഷ്. കെ.എസ്. | 133502/-<br>((Basic Pay 11350/-, DA 10442/- FA 2750/-) | 1000/- | 1250/- | 250/- | |
| | | രജിൻകുമാർ.കെ.ആർ | 126500/- | 1000/- | 1250/- | 250/- | |
| | II | ലക്ഷ്മി വേണു | 154902/- ((Basic Pay 11650/-, DA 11417/- FA 2750/-) | 1000/- | 1250 | 250/- | 118470500333/28.02.2019<br>567250/- |
| | | സ്മിത.കെ | 142322/-<br>((Basic Pay 11980/-, DA 11740/- FA 2750/-) | 1000/- | 1250 | 250/- | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഇന്ത്യൻ കോഫീഹൗസ്, ചേർത്തല | I | പി.എസ്.സതീശൻ | 102090/-<br><br>(Basic Pay 3930/-, DA 13085/-) | 750 | 1000 | 250 | 108989/13.09.2018<br><br>43500/- |
| ആകെ | | | | | | 5500 | |

പ്രസ്തുത അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/19.03.2020) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽനികുതി കുറവ് ഈടാക്കിയതുമൂലം ഉണ്ടായ നഷ്ടം 5500/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി നഗരസഭാഫണ്ടിൽ അടവാക്കേണ്ടതാണ്. വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

### 2-2 ലേലം ഉറപ്പിച്ചയാൾക്ക് Pay & Park സ്ഥലം കൈമാറാനായില്ല - നഗരസഭയ്ക്ക് 2,76,000/-രൂപ നഷ്ടമായി

2018-19 വർഷത്തെ കുത്തക ലേലത്തിൽ, റെയിൽവേ സ്റ്റേഷന് മുൻവശത്തെ നഗരസഭവക മിനി ബസ് സ്റ്റാന്റിൽ Pay & Park നടത്തിപ്പ് 276000+49680 (GST) രൂപയ്ക്ക് കുത്തകലേലത്തിലെടുത്ത ശ്രീ.ശ്രീധർ, ശ്രീനിവാസ്, എരുവ, കായംകുളം എന്നയാൾ ലേലതുകയുടെ 1/3 തുകയായ 92000+16560(GST) രൂപ നഗരസഭയിൽ ഒടുക്കിയിരുന്നു. (14.03.2018ൽ നടന്ന പുനർലേലം, 31.03.18ലെ 3-ാം നമ്പർ കൗൺസിൽ തീരുമാനം). എന്നാൽ ടി സ്ഥലത്തെ തടസ്സങ്ങൾ നീക്കം ചെയ്ത് Pay & Park നടത്തിപ്പ് ആരംഭിക്കാനാവാത്തതുമൂലം ടിയാൻ നഗരസഭയിൽ ഒടുക്കിയ തുക (ജി.എസ്.ടി. ഒഴികെ) തിരികെ നൽകിയത് നഗരസഭയ്ക്ക് 2,76,000/- രൂപയുടെ നഷ്ടമുണ്ടാക്കി.

കുത്തകലേലം സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ, 2018-19 വർഷത്തെ കുത്തകലേലം നടപടികൾ ആരംഭിച്ച സമയത്ത് ലേലത്തിന് മുൻപായി (നഗരസഭവക വിവിധ കംഫർട്ട് സ്റ്റേഷനുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും) Pay & Park നടത്തേണ്ട സ്ഥലത്ത് നിലവിലുള്ള തടസ്സങ്ങൾ നീക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നഗരസഭാ സെക്രട്ടറി 12.2.18ന് മുനിസിപ്പൽ എഞ്ചിനീയർക്ക് കുറിപ്പ് നൽകിയിരുന്നു. ഇത് പ്രകാരം മുനിസിപ്പൽ എഞ്ചിനീയർ നടപടികളൊന്നും സ്വീകരിച്ചില്ല. സെക്രട്ടറി നേരിൽ നിർദ്ദേശം നല്കുകയും, 28.2.18 31.3.18, 21.5.18 തീയതികളിൽ ഓർമ്മക്കുറിപ്പുകൾ നൽകിയിട്ടുള്ളതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലേലം ഉറപ്പിച്ച് 3 മാസങ്ങൾ പിന്നിട്ടിട്ടും ടി സ്ഥലത്തെ തടസ്സങ്ങൾ നീക്കം ചെയ്ത് Pay & Park നടത്തിപ്പ് തുടങ്ങാനാവാത്തതുമൂലം കുത്തക ലേലം കൊണ്ട ശ്രീ.ശ്രീധർ, ടിയാൻ അടച്ച തുക പലിശ സഹിതം തിരികെ കിട്ടുന്നതിനായി 22.05.2018 ൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ, പേയ് & പാർക്കിലെ തടസ്സങ്ങൾ ഒരാഴ്ചയ്ക്കകം നീക്കി പ്രവർത്തനസജ്ജമാക്കണമെന്ന് നിർദ്ദേശിച്ച് ടിയാൻ സമർപ്പിച്ച അപേക്ഷയുടെ പകർപ്പ് സഹിതം 26.05.18ൽ സെക്രട്ടറി വീണ്ടും മുൻസിപ്പൽ എഞ്ചീനീയർക്ക് ഓർമ്മക്കുറിപ്പായി കത്ത് നൽകിയിട്ടുള്ളതുമാണ്.

ബഹു.നഗരസഭാ കൗൺസിലിന്റെ 11.06.19 ലെ 1-ാം നം തീരുമാനപ്രകാരം പേയ് & പാർക്ക് ലേലത്തിൽ പിടിച്ച ശ്രീ.ശ്രീധർ അടച്ച തുകയിൽ, ഗവൺമെന്റിലേക്കടച്ച ജി.എസ്.ടി ഒഴിവാക്കി ബാക്കി തുകയായ 92000/-രൂപ തിരികെ നൽകുന്നതിന് അനുമതി നൽകുകയും ലേല നടപടികളിലൂടെ നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന തുക, വരുമാനനഷ്ടത്തിന് കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും പലിശ സഹിതം ഈടാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതു പ്രകാരം കുത്തകക്കാരന് 15.6.18 ൽ 92000/- രൂപ തിരികെ നൽകി. എന്നാൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ കൗൺസിൽ നിർദ്ദേശാനുസരണമുള്ള നടപടികളൊന്നും സ്വീകരിച്ചില്ല. മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.47/30.11.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നിരവധി തവണ സെക്രട്ടറി ആവശ്യപ്പെട്ടിട്ടും പേയ് & പാർക്കിലെ തടസ്സങ്ങൾ നീക്കി പ്രവർത്തനസജ്ജമാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്യാതെ തികച്ചും നിരുത്തരവാദപരമായി പേരുമാറിയ മരാമത്ത് വിഭാഗം നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുത്തുകയാണുണ്ടായത്. മരാമത്ത് വിഭാഗം നടപടികളൊന്നും സ്വീകരിക്കാതിരുന്നിട്ടും തുടർനടപടികൾ സ്വീകരിക്കാതിരുന്ന സെക്രട്ടറിക്കും നഗരസഭയുടെ നഷ്ടത്തിന് തുല്യമായ ഉത്തരവാദിത്തമുണ്ട്. ആയതിനാൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടത്തിന് കാരണക്കാരായ സെക്രട്ടറി, മുനിസിപ്പൽ എൻജിനീയർ എന്നിവരിൽ നിന്നും നഗരസഭയ്ക്ക് നഷ്ടമായ തുക 2,76,000+49680(ജി.എസ്.ടി) രൂപ പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പാലിന് സബ്സിഡി – അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

ചേർത്തല വെറ്ററിനറി പോളിക്ലിനിക്കിലെ സീനിയർ വെറ്ററിനറി സർജൻ നടപ്പാക്കിയ പാലിന് സബ്സിഡിയെന്ന പ്രോജക്ട് മുഖേന നഗരസഭയിലെ 133 ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നതിനായി വികസന ഫണ്ടിൽ നിന്നും തൻവർഷം 699922/- രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നം 08/29.1.2019). കൊക്കോതമംഗലം ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പാലളവ് സ്റ്റേറ്റ്മെന്റ്, ട്രഷറി ബിൽ എന്നിവ പരിശോധിച്ചതിൽ, പ്രസ്തുത സംഘത്തിൽ പാലളക്കുന്ന ശ്രീമതി ഈശ്വരി, ചന്ദ്രാലയം എന്നയാൾ 10950 ലിറ്റർ പാൽ അളന്നതിന് 43800/- രൂപ സബ്സിഡി നൽകിയിട്ടുണ്ട്. 2018-19 വർഷത്തേയ്ക്കുള്ള സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് അവർ അളക്കുന്ന ഓരോ ലിറ്റർ പാലിനും നാല് രൂപവീതം സബ്സിഡി നൽകാമെങ്കിലും പരമാവധി സബ്സിഡി 40,000/- രൂപയിൽ നിജപ്പെടുത്തേണ്ടതാണ്. ശ്രീമതി ഈശ്വരി, ചന്ദ്രാലയം എന്നയാൾക്ക് സബ്സിഡി പരിധി മറികടന്ന് അധികം തുക നൽകിയതിന് രേഖാമൂലം (എൻക്വയറി നം 16/25.11.2020) വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല. അധികം നൽകിയ 3800/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3-2 ലാപ്ടോപ് (എസ്.സി)-വാങ്ങിയതിൽ 6 ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല

പ്രോജക്ട് നം - S0043/19

പ്രോജക്ടിന്റെ പേര് - ലാപ്ടോപ് (എസ്.സി)

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്. ചേർത്തല

വികസനഫണ്ട്(എസ്.സി.പി) - 600000

<u>ചെലവ്</u>

1) ബിൽ നം.9/18-19/26.3.19 തുക. 592000

പട്ടികജാതി വിഭാഗത്തിലെ ബിരുദതലം മുതൽ പഠിക്കുന്ന കുട്ടികൾക്ക് ലാപ്ടോപ്പ് നൽകുന്നതിന് ലക്ഷ്യമിട്ട പ്രോജക്ട്. കെൽട്രോണിൽ നിന്നും 31.3.2019 തീയതിയിലെ i\ITBG/18-19/10875/ITP/4177 നം. ഇൻവോയ്സ് പ്രകാരം 20 ലാപ്ടോപ്പുകൾ വാങ്ങിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| ലാപ് ടോപ് | 20 | 25084.75 | 501695 |
| സി.ജി.എസ്.ടി | | | 45152.55 |
| എസ്.ജി.എസ്.ടി | | | 45152.55 |
| ആകെ തുക | | | 592000 |

കെൽട്രോണിന് 20 ലാപ്ടോപ്പിന്റെ വില 592000/- നൽകി. എന്നാൽ 20 ലാപ്ടോപ് വാങ്ങിയതിൽ 14 എണ്ണം മാത്രമാണ് വിതരണം ചെയ്തത്. 6 ലാപ്ടോപ്പുകൾ വിതരണം ചെയ്യാതിരുന്നതിന് കാരണം ആരാഞ്ഞ് 24.11.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 9 ന്, ലാപ്ടോപ് വിതരണത്തിനായി മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിച്ച മുൻഗണനാപട്ടികയുടെ അടിസ്ഥാനത്തിൽ കെൽട്രോണിൽ നിന്നും 20 ലാപ്ടോപ്പുകൾ വാങ്ങുകയുണ്ടായി. എന്നാൽ വിതരണ സമയത്ത് 6 പേർ കൃത്യമായ രേഖകൾ സമർപ്പിക്കാതിരുന്നതിനാൽ 6 ലാപ്ടോപുകൾ വിതരണം ചെയ്യുവാനായില്ല. ഈ ലാപ്ടോപുകൾ 4.6.19 ൽ മുനിസിപ്പാലിറ്റിയിൽ തിരിച്ച് ഏൽപിച്ചു എന്ന് മറുപടി ലഭ്യമാക്കി. ടി ലാപ്ടോപുകൾ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സമാനപദ്ധതിയിൽപ്പെടുത്തി വിതരണം നടത്തുന്നതിന്, നഗരസഭ 8.7.19 ൽ തീരുമാനം(നം.5) എടുത്തെങ്കിലും, ആയത് നടപ്പിലാക്കിയില്ല. ലാപ്ടോപുകൾ ഓഡിറ്റ് സമയത്തും വിതരണം ചെയ്യാതെ നഗരസഭയിൽ സൂക്ഷിച്ചിരിക്കുന്നു. അർഹരായ ഗുണഭോക്താക്കൾ ഇല്ലാതിരിക്കെ അധികമായി 6 ലാപ്ടോപുകൾ വാങ്ങിയത്, പദ്ധതിപ്പണത്തിന്റെ അനാവശ്യചെലവഴിക്കലാണ്. അർഹരായ ഗുണഭോക്താക്കൾ ഉണ്ടോ എന്ന് പരിശോധിക്കാതെ വകയിരുത്തിയ തുകയ്ക്ക് അനുസൃതമായി ലാപ്ടോപ്പുകൾ വാങ്ങുകയും പിന്നീട് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താൻ നടപടി സ്വീകരിക്കാതിരുന്നതുമാണ് ഈ അവസ്ഥയ്ക്കു കാരണമായതെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ആകയാൽ വിതരണം ചെയ്യാത്ത ലാപ്ടോപ്പുകളുടെ വിലയിനത്തിലുള്ള

177600/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇതിനായി ചെലവഴിച്ച 177600/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4 -1 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികള്ക്ക് നല്കിയ തുകയുടെ വിവരങ്ങള്

| നിർവണ ഏജൻസി | പ്രവത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| സെക്രട്ടറി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 622135006 | 1150000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1150000 |
| സെക്രട്ടറി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 613570736 | 493779 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 493779 |
| അസിസ്റ്റന്റ് എഞ്ചിനീയർ | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 414853532 | 250000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 250000 |
| സെക്രട്ടറി | സി.സി.ടി.വി | | 2500000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 2500000 |
| അസിസ്റ്റന്റ് എഞ്ചിനീയർ | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 414856590 | 330804 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 330804 |
| അസിസ്റ്റന്റ് എഞ്ചിനീയർ | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 414913994 | 350000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 350000 |
| അസിസ്റ്റന്റ് എഞ്ചിനീയർ | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 486956736 | 185651 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 185651 |

### 4-3 മൊബിലൈസേഷന് അഡ്വാന്സ് വിവരങ്ങള്

ഇല്ല

### 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ 27262500/-രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| Ems Loan Repayment | | 27262500 | 2288625 | 2288625 | - | |

4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 264700 |
| തൻവർഷം നിക്ഷേപിച്ച തുക | 1000000 |
| ആകെ | 1264700 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 31870 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1296570 |

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 315764/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | വൗച്ചർ നമ്പർ തിയ്യതി |
|---|---|---|---|---|
| 2006-07 | 2-5 | 500 | കൗൺസിലർമാർ | 118470115747/21.01.19 |
| 2007-08, 2010-11 | 2-15 | 175000 | വി.കെ.സാനു, റിട്ട. സൂപ്രണ്ട് | 118470500410/28.03.19 |
| 2015-16 | 3-20 | 9598 | കെ.സുഗുണൻ, അസിസ്റ്റന്റ് എൻജിനീയർ | 118470105994/12/7/2018 |
| | 3-19 | 15250 | | 118470106113/16/7/2018 |
| | 3-19 | 10000 | | 118470106535/ 24/7/2018 |
| | 3-19 | 3500 | | 1184701093030/14/9/18 |
| | 3-20 | 14112 | | 1184701093030/14/9/18 |
| | 3-25 | 10235 | | 1184701093030/14/9/18 |
| | 3-20 | 10766 | | 118472110985/20/10/18 |
| | 3-20 | 13114 | | 118472110985/20/10/18 |
| | 3-26 | 5456 | | 118470115096/7/1/2019 |
| 2016-17 | 3-14 | 2500 | ലഭ്യമല്ല | 118470112740/24/11/2018 |
| | 3-14 | 5500 | | 118470112879/28/11/2018 |
| | 3-14 | 5750 | | 118470110985/20/10/18 |
| 2014-15 | 3-14 | 4632 | ലഭ്യമല്ല | 118470112879/28/11/2018 |
| | 3-1 | 24789 | | 118470110678/11/10/2018 |
| | 3-13 | 5062 | | 118470108338/4/9/2018 |
| ആകെ | | 315764 | | |

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 2-4 | 2007-08 | 4-4.1 | മൈത്രി ഭവന പദ്ധതി | ഗുണഭോക്താക്കൾക്ക് സർക്കാരിൽ നിന്നും ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| | | | | | ലഭിക്കുന്ന മുറയ്ക്ക് നല്കുന്നതാണ്. |
| 2001-2002 | 2-4(8) | 2007-08 | 4-4.2. | ശമ്പളം നല്കുന്നതിന് UPA ഫണ്ടിൽ നിന്നും വകമാറ്റി. | തുക തിരിച്ചടച്ചു. |
| 2007-2008 | 2-1 | 2013-14 | 4.5 | ഗ്യാസ് ക്രിമറ്റോറിയം | നിലവിൽ പ്രവർത്തിക്കുന്നില്ല. |
| 2016-17 | 2.9 | 2017-18 | 10 | വാടക കുടിശ്ശിക 50 ലക്ഷത്തിനുമേൽ | വാടക കുടിശ്ശിക ഇനത്തിൽ 2015-16 മുതൽ 17-18 വരെ 5180714/- രൂപയും പിഴ പലിശ ഇനത്തിൽ 1241564/- രൂപയും ഈടാക്കിയിട്ടുള്ളതാണ്. |

4-8 <u>ചാര്ജ്/സര്ചാര്ജ് നടപടികളുടെ വിവരം</u>

ഇല്ല.

4-9 <u>ഓഡിറ്റ് പ്രത്യവലോകനം</u>

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 335193905 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 317407802 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 281500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 181400 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 10957246 |

(ബി) <u>നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 5500 | | ശ്രീ. വി. എം. ലാലിച്ചൻ, സൂപ്രണ്ട് (സെക്രട്ടറി ഇൻ ചാർജ്ജ്) |
| 2-2 | 276000 | | ശ്രീമതി.സീന.ജി.നായർ, മുനിസിപ്പൽ എഞ്ചിനീയർ<br>ശ്രീ.വി.എം.ലാലിച്ചൻ, സൂപ്രണ്ട് (സെക്രട്ടറി ഇൻ ചാർജ്ജ്) |
| 3-1 | | 3800 | ഡോ.സുൾഫിക്കർ ജെ. വെറ്ററിനറി സർജൻ<br>പാട്ടത്തിൽ, ചങ്ങൻകുളങ്ങര, ഓച്ചിറ |
| 3-2 | | 177600 | ശ്രീമതി.രാജശ്രീ, പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്. ചേർത്തല<br>കൃഷ്ണ, ആലഞ്ചേരിൽ, ഏരൂർ, അഞ്ചൽ |
| ആകെ | 281500 | 181400 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-36 | 550000 | ശ്രീമതി. സീന.ജി.ആർ., അസിസ്റ്റന്റ് എൻജിനീയർ |
| | 250000 | ശ്രീമതി. സീന.ജി.ആർ., അസിസ്റ്റന്റ് എൻജിനീയർ |
| | 516455 | ശ്രീമതി. സീന.ജി.ആർ., അസിസ്റ്റന്റ് എൻജിനീയർ |
| | | ശ്രീ.ദീലീഷ്.എൻ.ഡി, അസിസ്റ്റന്റ് എൻജിനീയർ |
| | 100000 | ശ്രീ.ദീലീഷ്.എൻ.ഡി, അസിസ്റ്റന്റ് എൻജിനീയർ |
| 1-37 | 1150000 | ശ്രീ. വി. എം. ലാലിച്ചൻ, സെക്രട്ടറി (ഇൻ ചാർജ്ജ്) |
| 1-39 (a) | 76842 | ശ്രീ. വി. എം. ലാലിച്ചൻ, സെക്രട്ടറി (ഇൻ ചാർജ്ജ്) |
| 1-39 (b) | 493779 | ശ്രീ. വി. എം. ലാലിച്ചൻ, സെക്രട്ടറി (ഇൻ ചാർജ്ജ്) |
| 1-40 | 1478455 | ശ്രീ. വി. എം. ലാലിച്ചൻ, സെക്രട്ടറി (ഇൻ ചാർജ്ജ്) |
| 1-41 | 2500000 | ശ്രീ. വി. എം. ലാലിച്ചൻ, സെക്രട്ടറി (ഇൻ ചാർജ്ജ്) |
| 1-44 | 57575 | ശ്രീമതി.ആർ.ശോഭനകുമാരി, കൃഷി ഓഫീസർ |
| 1-46 | 163000 | ശ്രീമതി. രാജശ്രീ.ഐ, എച്ച്.എം. |
| 1-47 | 2200000 | ശ്രീമതി. രാജശ്രീ.ഐ, എച്ച്.എം. |
| 1-48 | 304200 | ശ്രീ. ബാബുരാജ്.സി.എസ്, ഹെൽത്ത് സൂപ്പർവൈസർ |
| 1-51 | 400000 | ശ്രീ. അജിത്ത്കുമാർ, പ്രോജക്ട് ഓഫീസർ |
| 1-54 | 196940 | ഡോ.അനിൽകുമാർ.എൻ, മെഡിക്കൽ ഓഫീസർ (അലോപ്പതി) |
| 1-56 | 520000 | ശ്രീ. അജിത്ത്കുമാർ, പ്രോജക്ട് ഓഫീസർ |
| ആകെ | 10957246 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖ. 2-2, 49680/- (GST)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലാലിച്ചൻ. വി. എം,<br>സെക്രട്ടറി (i/c) | സൂപ്രണ്ട്,<br>ചേർത്തല നഗരസഭ | വാഴക്കൂട്ടത്തിൽ,<br>മംഗളം, ആലപ്പുഴ |
| സീന.ജി.ആർ, അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എൻജിനീയർ,<br>പി.ഐ.പി.എം.ജി.എസ്.വൈ.കോഴിക്കോട് | ചൈത്രം, മുഹമ്മ, ആലപ്പുഴ |
| ഡോ.സുൾഫിക്കർ ജെ,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ<br>താമരക്കുളം | പാട്ടത്തിൽ, ചങ്ങൻകുളങ്ങര,<br>ഓച്ചിറ |
| ആർ.ശോഭനകുമാരി,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ, ചേർത്തല നഗരസഭ | കന്നിട്ടയിൽ, ചവറ ബ്രിഡ്ജ്.പി.ഒ.<br>കൊല്ലം |
| രാജശ്രീ.ഐ, എച്ച്.എം | പ്രിൻസിപ്പൽ, ഗവ.ജി.എച്ച്.എസ്.പുനലൂർ, | കൃഷ്ണ, ആലഞ്ചേരിൽ, യേരൂർ,<br>അഞ്ചൽ |
| അജിത്ത്കുമാർ,<br>പ്രോജക്ട് ഓഫീസർ, | ആർ.എച്ച്.ഐ ഗ്രേഡ് 1, കൊച്ചി | മൂലയിൽ, മറവന്തുരുത്ത്, വൈക്കം |
| ബാബുരാജ്.സി.എസ്.<br>ഹെൽത്ത് സൂപ്പർവൈസർ | ഹെൽത്ത് സൂപ്പർവൈസർ,<br>ചേർത്തല നഗരസഭ | പ്രീത്വി, ആഗ്ര 444d,<br>കല്ലുവെട്ടംകുഴി, വെങ്ങാനൂർ.പി.ഒ.<br>തിരുവനന്തപുരം |

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ദിലീഷ്.എൻ.ഡി.<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>മണ്ണഞ്ചേരി | അറശ്ശേരി, അവലുക്കുന്ന്.പി.ഒ.<br>കൊറ്റംകുളങ്ങര, ആലപ്പുഴ |
| ഡോ.അനിൽകുമാർ.എൻ<br>മെഡിക്കൽ ഓഫീസർ (അലോപ്പതി) | സൂപ്രണ്ട്,<br>താലൂക്ക് ആശുപത്രി, ചേർത്തല | കോളനി നം. 89<br>രാമങ്കരി.പി.ഒ.<br>ആലപ്പുഴ |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 1994-95,<br>1995-96 | എൽ.എഫ്.എ10/937/97/30.05.1999 |
| 1999-2000 | എൽ.എഫ്. എ14/982/01/22.10.2001 |
| 2006-07<br>2007-08<br>2008-09<br>2009-10 | എൽ.എഫ്.ജി.എ5/1578/13/21.05.2014 |
| 2010-11 | എൽ.എഫ്.പി 10/1294/12/19.11.2012/12.12.2012 |
| 2011-12<br>2012-13 | എൽ.എഫ്.പി 10/190/14/25.04.2014/15.07.2014 |
| 2013-14 | കെ.എസ്.എ.പി.ഇസഡ്.പി10/1086/15/06.08.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി10-641/16/09.06.2016/25.07.2016 |
| 2015-16 | കെ.എസ്.എ.-എ.എൽ.പി-ജി.എ5-163/2017/14.02.2017 |
| 2016-17 | കെ.എസ്.എ.-എ.എൽ.പി-ജി.എ5-1256/17/21.10.2017 |
| 2017-18 | കെ.എസ്.എ.-എ.എൽ.പി-ജി.എ5-425/19/24.05.19 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# അനുബന്ധം.1

നം. കെ.എസ്.എ-എ.എൽ.പി-ജി.എ8-811/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688011,
ഫോൺ: 0477 2252753
e-mail: doalp.ksad@kerala.gov.in
തീയതി : 28.01.2021

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6), 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ. (സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചേർത്തല നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം.2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ